www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 05 | 2017 FEBRUARY 11 | ₹ 10

# അറുതിയില്ലാത്ത ജാതി, വർണ വിവേചനം



വംശവെറിയുടെ വമ്പ് പറയുന്ന ട്രംപ് / സലഫിയ്യത്ത്: ആദർശവും നിലപാടുകളും

കാനഡയിൽനിന്ന് ഒരു 'മനുഷ്യശബ്ദം' / ഐക്യം, ആദർശം, പ്രസ്ഥാനം

ഇ അഹ്മദ് ഇളംതലമുറയോട് പറയുന്നത്

Antiterrorism Awakening

EMPOWER campus chapter



to the right goal...
through the right path...

# MSM PROFCON

PROFESSIONAL STUDENTS
## GLOBAL CONFERENCE

2017 MARCH 10,11,12


## PALAKKAD

WISDOM
GLOBAL ISLAMIC MISSION

MSM KERALA
www.msmkerala.co.in
+91 96330 14375

നേർപഥം
വാരിക

0005 / 2017 ഫെബ്രുവരി 11 / 1438 ജമാദുൽ അവ്വൽ 16 / പുസ്തകം 01 / ലക്കം 05




# അറുതിയില്ലാത്ത ജാതി, വർണ വിവേചനം

ഉസ്മാൻ പാലക്കാഴി


**മുഖമൊഴി**

അഭിപ്രായ സ്വാതന്ത്ര്യം ഏകപക്ഷീയമാവരുത് / 05
എഡിറ്റർ

**സമകാലികം**

വംശവെറിയുടെ വമ്പ് പറയുന്ന ട്രംപ് / 06
സുഫ്‌യാൻ അബ്ദുസ്സലാം

**ചരിത്രപഥം**

ഇബ്നു അബ്ബാസ്ﷺ / 14
അർഷദ് താനൂർ

**ബാലപഥം**

അല്ലാഹു കാണും / 18
തൻവീൽ

**കാഴ്ച**

സ്കൂൾ വാർഷികാനുഭവങ്ങൾ / 19
ഇബ്നു അലി എടത്തനാട്ടുകര

**ക്വുർആൻ പാഠം**

തന്നിഷ്ടങ്ങളുടെ അടിമകളാകരുത് / 22
ശമീർ മദീനി

**കൂട്ടായ്മ**

ഐക്യം, ആദർശം, പ്രസ്ഥാനം / 23
ടി.കെ.അശ്‌റഫ്

**ശാന്തിഗേഹം**

മദ്യപനായ പിതാവ് / 29
ഹാരിസ് ബിൻ സലീം

**ലേഖനങ്ങൾ**

കാനഡയിൽനിന്ന് ഒരു 'മനുഷ്യശബ്ദം' / 09
മുഹമ്മദ് അജ്മൽ സി

സത്യാന്വേഷണം കുറ്റകൃത്യമല്ല / 16
ഡോ.മീന

വിശ്വാസം നിലനിർത്തുക / 20
അഡ്വ.കെ.എ. അബ്ദുസ്സമദ് കലൂർ

സലഫിയ്യത്ത്: ആദർശവും നിലപാടുകളും / 26
അബ്ദുൽ മാലിക് സലഫി

**പാരന്റിംഗ്**

തുടക്കം നന്നായാൽ... / 30
അഷ്‌റഫ് എകരൂൽ

**നമുക്ക് ചുറ്റും**

ഇ അഹ്മദ് ഇളംതലമുറയോട് പറയുന്നത് / 34
ഡോ. സി.എം സാബിർ നവാസ്


Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design & Layout: Elan Creativo
Cover: Riyas K I mail@nerpatham.com I www.nerpatham.com

## വായനക്കാർ എഴുതുന്നു




### യുക്തിബോധമില്ലാത്ത യുക്തിവാദികൾ

'എന്നെ സംബന്ധിച്ചിടത്തോളം ശാസ്ത്രമാണ് അവസാന വാക്ക്. ശാസ്ത്രീയമായി തെളിയിക്കപ്പെടാത്തതൊന്നും ഞാൻ അംഗീകരിക്കുകയില്ല. അതുകൊണ്ട് തന്നെയാണ് ഞാൻ ദൈവത്തിൽ വിശ്വസിക്കാത്തതും. എന്നെനിക്ക് ശാസ്ത്രം ദൈവത്തെ കാണിച്ചു തരുന്നുവോ അന്നേ ഞാൻ ദൈവത്തിൽ വിശ്വസിക്കുകയുള്ളൂ' എന്ന ഒരു യുക്തിവാദിയുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് സി. പി. അബ്ദുല്ല ബാസിൽ എഴുതിയ ലേഖനം ശ്രദ്ധേയമായി.

പ്രപഞ്ചത്തിലെ എണ്ണമറ്റ പ്രതിഭാസങ്ങളും സൃഷ്ടിജാലങ്ങളും ദൈവാസ്തിക്യം വിളിച്ചോതുന്നു എന്ന വസ്തുത കണ്ടില്ലെന്നു നടിക്കുന്നവരാണ് യഥാർഥത്തിൽ യുക്തിവാദികൾ. ഇവർ എന്തിനാണ് നന്മകൾ ചെയ്യുന്നത്? എന്തിനാണ് തിന്മകൾ ചെയ്യാതിരിക്കുന്നത്?

അല്ലാഹുവിൻെറ ശിക്ഷയെക്കുറിച്ചുള്ള ഭയവും രക്ഷയെക്കുറിച്ചുള്ള പ്രതീക്ഷയുമാണ് തിന്മകൾ വെടിയുവാനും നന്മകൾ ചെയ്യുവാനുമുള്ള പ്രചോദനം. അല്ലാഹുവും അവൻെറ ദൂതനും നന്മയായി പഠിപ്പിച്ചതെന്തോ അതെല്ലാം നന്മയും തിന്മയായി ചൂണ്ടിക്കാട്ടിയതെന്തോ അതെല്ലാം തിന്മയുമാണെന്ന് ഉറച്ചുവിശ്വസിക്കുന്നവനാണ് ഒരു സത്യവിശ്വാസി. അഥവാ ഇസ്‌ലാം തിന്മയെന്നു പറഞ്ഞ ഒരു കാര്യം നന്മയാണെന്നോ നന്മയെന്നു പറഞ്ഞ ഒരു കാര്യം തിന്മയാണെന്നോ കരുതുവാനുള്ള അവകാശം ഒരു വിശ്വാസിക്കില്ല.

ചെറുതും വലുതുമായ നന്മകളെല്ലാം ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്. ആ നന്മകൾ സ്വജീവിതത്തിൽ പകർത്തൽ അനിവാര്യമാണെന്ന് ഇസ്‌ലാം അറിയിക്കുന്നു. മുഹമ്മദ് നബിﷺസംഭവബഹുലമായ തൻെറ ജീവിതത്തിലൂടെ അവയെല്ലാം പ്രാവർത്തികമാക്കി കാണിക്കുകയും ചെയ്തു. മനുഷ്യനോട് സമൂഹത്തിൽനിന്നുമകന്ന് ആരുമായും യാതൊരു ബന്ധവും പുലർത്താതെ ആരെയും യാതൊരുനിലയ്ക്കും സഹായിക്കാതെ ആരാധനകളിൽ നിരതനായി ഒറ്റപ്പെട്ടു ജീവിക്കുവാനല്ല ഇസ്‌ലാം ആഹ്വാനം ചെയ്യുന്നത്. അവൻ സാമൂഹ്യ ജീവിയാണ്. അതുകൊണ്ടുതന്നെ സമൂഹത്തിൽ അവനുള്ള റോളുകളിൽനിന്ന് അവൻ ഒളിച്ചോടുവാൻ പാടില്ല. മാതാപിതാക്കളോട്, മക്കളോട്, ഭാര്യയോട്, ഭർത്താവിനോട്, സഹോദരീസഹോദരന്മാരോട്, കുടുംബക്കാരോട്, അയൽവാസികളോട്, അഗതികളോട്, അനാഥരോട്, ജീവജാലങ്ങളോട്... അങ്ങനെ എല്ലാവരോടും എല്ലാറ്റിനോടും നന്മയിൽ വർത്തിക്കുവാൻ ഇസ്‌ലാം ആവശ്യപ്പെടുന്നു. സത്യസന്ധത, കാരുണ്യം, ദയ, വിശ്വസ്തത, വിട്ടുവീഴ്ച, ക്ഷമ, വിനയം, നന്മയിൽ സഹകരിക്കൽ തുടങ്ങിയ, മനുഷ്യബന്ധങ്ങളെ സ്നിഗ്ധമാക്കുന്ന മുഴുവൻ ഗുണങ്ങളും ഉൾക്കൊള്ളുവാനും കളവ്, വഞ്ചന, അഹങ്കാരം, പാരുഷ്യം, കോപം, അസൂയ തുടങ്ങിയ എല്ലാ ദുർഗുണങ്ങളും വെടിയുവാനും പലിശ, ലഹരി, ചൂതാട്ടം, വ്യഭിചാരം, കൊല, കൊള്ള തുടങ്ങിയ മുഴുവൻ ദുശ്ചെയ്തികളും വർജിക്കുവാനും ഒരു മുസ്‌ലിം പ്രതിജ്ഞാബദ്ധനാണ്.

**- മുഹമ്മദ് ജിഷാൻ വാരാമ്പറ്റ**

### ഇസ്‌ലാം: തീവ്രവാദത്തെ വെറുക്കുന്ന മതം

തീവ്രവാദത്തെ ഇസ്‌ലാമുമായി കൂട്ടിക്കെട്ടി കളവുകൾ മെനയുന്ന വർത്തമാനകാല മാധ്യമപ്രവർത്തനങ്ങൾക്കിടയിൽ വസ്തുനിഷ്ഠമായി ദൈവിക മതത്തെ പരിചയപ്പെടുത്തുകയും, തീവ്രവാദത്തോടുള്ള അതിന്റെ നിലപാട് വിശദീകരിക്കുകയും ചെയ്ത അൻവർ അബൂബക്കറിന്റെ 'തീവ്രവാദം വെറുക്കുന്ന മതം' എന്ന ലേഖന പരമ്പര ഉപകാരപ്രദമായി.

ഭീകരവാദത്തിന്റെയും തീവ്രവാദത്തിന്റെയും ആശയ ബീജം ഇസ്‌ലാമല്ലെന്ന് ആവർത്തിച്ച് പറയുമ്പോഴും പിന്നെ, അത് എവിടെ നിന്നാണ് ഉദ്ഭവിച്ചതെന്ന് വിശദീകരിക്കുന്നതിൽ പലരും പരാജയപ്പെടുകയാണുണ്ടാവാറ്. ഈ കുറവ് നികത്തുന്നതായി നേർപഥത്തിലെ ലേഖനം. ലേഖകനും വാരികക്കും അഭിനന്ദനങ്ങൾ.

**- അനസ് പടിഞ്ഞാറ്റുമുറി**

### പരിഹാരം സ്രഷ്ടാവിൽ നിന്ന് മാത്രം

'ശാന്തിഗേഹം' നല്ല നിലവാരം പുലർത്തുന്നു. ഈ പംക്തിയിൽ ചർച്ച ചെയ്യുന്ന പ്രശ്നങ്ങൾ ഏറിയും കുറഞ്ഞും കേരളത്തിലെ ഓരോ വീടുകളിലും സംഭവിച്ചു കൊണ്ടിരിക്കുന്നതാണ്. ഭൗതികമായ പരിഹാരങ്ങളേക്കാളുപരി സ്രഷ്ടാവിന്റെ മാർഗദർശനങ്ങളാണ് ഈ രംഗത്തെല്ലാം പ്രായോഗികം എന്ന് അടിവരയിടുന്നതാണ് അതിനുള്ള മറുപടികൾ. അല്ലാഹു അനുഗ്രഹിക്കട്ടെ.

**- തസ്‌ലീമ കാഞ്ഞങ്ങാട്**

മുഖമൊഴി

# അഭിപ്രായ സ്വാതന്ത്ര്യം ഏകപക്ഷീയമാവരുത്

ഭരണാധികാരികളെ ചോദ്യം ചെയ്യുന്നതും അവരുടെ തെറ്റായ നയങ്ങൾ ചൂണ്ടിക്കാണിക്കുന്നതും രാജ്യദ്രോഹത്തിന്റെ ഭാഗമായി വിലയിരുത്തപ്പെട്ടാൽ രാജ്യം സ്വേഛാധിപത്യത്തിലേക്ക് നടന്നടുക്കുന്നു എന്നുവേണം മനസ്സിലാക്കാൻ. ഏതൊരു സാധാരണക്കാരനും സോഷ്യൽ മീഡിയവഴി തെറ്റുകൾക്കെതിരെ പ്രതികരിക്കാൻ സാധിക്കുന്ന വർത്തമാനകാലത്ത് ഇത്തരത്തിലുള്ള 'രാജ്യദ്രോഹി'കളുടെ എണ്ണം വർധിച്ചുകൊണ്ടേയിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

സൈബർ ലോകത്തെ അഭിപ്രായ സ്വാതന്ത്ര്യം ഹനിക്കുന്ന ഐ.ടി നിയമത്തിലെ 66 എ വകുപ്പ് സുപ്രീംകോടതി റദ്ദാക്കിയിട്ട് അധികകാലമായിട്ടില്ല. സാമൂഹിക മാധ്യമങ്ങൾ അടക്കമുള്ളവയിൽ അപകീർത്തിപരമായ അഭിപ്രായപ്രകടനം നടത്തുന്നവരെ എളുപ്പം അറസ്റ്റ് ചെയ്യാൻ വ്യവസ്ഥ ചെയ്യുന്ന ഈ വകുപ്പ് ഭരണഘടനാവിരുദ്ധമാണ് എന്നാണ് സുപ്രീംകോടതി വിധിച്ചത്.

പക്ഷേ, ഈ വിധിയെ അവഗണിച്ചുകൊണ്ട്, പ്രതികരിക്കുന്നവർക്കുമേൽ രാജ്യദ്രോഹത്തിന്റെയോ തീവ്രവാദത്തിന്റെയോ ചാപ്പകുത്തി അവരെ പിടിച്ച് ജയിലിലടക്കുന്ന പ്രവണത വർധിച്ചുകൊണ്ടിരിക്കുകയാണ്.

സ്വതന്ത്ര ജനാധിപത്യ രാജ്യത്ത് മാന്യമായി അഭിപ്രായം പറയാനും ഭരണാധികാരികളുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കുവാനും ആരോഗ്യപരമായി വിമർശിക്കുവാനും അവകാശമില്ലാതാകുന്നത് സ്വേഛാധിപത്യത്തിലേക്കുള്ള കാൽവയ്പാണെന്നതിൽ സംശയമില്ല. എന്നാൽ അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ മറവിൽ എന്തുമാവാം എന്ന എന്ന നിലപാട് ഒരിക്കലും ഉണ്ടായിക്കൂടാ.

ശിവസേനാ നേതാവ് ബാൽതാക്കറെയുടെ നിര്യാണത്തെത്തുടർന്നുള്ള ഹർത്താലിൽ മുംബെയിലെ ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടിനെക്കുറിച്ച് ഫെയ്സ്ബുക്കിൽ കുറിപ്പെഴുതിയ ഷഹീൻദാദ എന്ന പെൺകുട്ടിയും അതു ലൈക് ചെയ്ത കോട്ടയം കുമരകം സ്വദേശിനി റിനു ശ്രീനിവാസനും അറസ്റ്റിലായപ്പോൾ നിയമ വിദ്യാർഥിനിയായ ശ്രേയ സിംഗാൾ കൊടുത്ത കേസിൽ ചരിത്രത്തിൽ ഇടംപിടിച്ച കോടതിവിധി ഉണ്ടായിട്ടും മാന്യമായി പ്രതികരിക്കുന്നത് ഭയപ്പെടേണ്ട കാര്യമായി നിലനിൽക്കുന്നു!

66 എ പ്രകാരം പല സംസ്ഥാനങ്ങളിലും കേസുകൾ രജിസ്റ്റർ ചെയ്യുകയും പലരെയും ജയിലിലടക്കുകയും ചെയ്തു കഴിഞ്ഞിട്ടുണ്ട്. രാഷ്ട്രീയ നേതാക്കളെ അധിക്ഷേപിക്കുന്നു എന്ന് കുറ്റപ്പെടുത്തിയാണ് പല സ്ഥലങ്ങളിലും നടപടി. തൃണമൂൽ കോൺഗ്രസ് ഭരിക്കുന്ന ബംഗാളിൽ മുഖ്യമന്ത്രി മമതയുടെ പടംവരച്ചതിനും കാർട്ടൂൺ വരച്ചതിനും ശിക്ഷിക്കപ്പെട്ടവരുണ്ട്. ഉത്തർപ്രദേശിൽ മുഖ്യമന്ത്രിക്കെതിരെ എഴുതിയതിന് ഒരു വിദ്യാർഥിയെ ജയിലിലടച്ചിട്ടുണ്ട്.

മോശപ്പെട്ട ഭാഷയിൽ വിമർശിക്കുന്നതും അപകീർത്തിപ്പെടുത്തുന്നതും തെറ്റു തന്നെ. എന്നാൽ അതിന്റെ മറവിൽ അഭിപ്രായം പറയാനുള്ള അവകാശത്തെ തന്നെ നിഷേധിക്കുന്നത് അന്യായമാണ്. ഇവിടെ നാം ഓർക്കേണ്ട ചില കാര്യങ്ങളുണ്ട്.

ചിലർക്ക് എന്തും പറയാം, എന്തും എഴുതാം, മറ്റു ചിലർക്ക് ഒന്നും പറഞ്ഞുകൂടാ, എഴുതിക്കൂടാ എന്ന നിലപാടാണോ ഉള്ളത് എന്ന് തോന്നിപ്പോകുന്ന വിധത്തിലാണ് ഇവിടെ കാര്യങ്ങൾ. ന്യൂനപക്ഷ വിഭാഗങ്ങളെ ഉദ്ദേശിച്ചുകൊണ്ട് ചില എം.പിമാരും സ്വാമിമാരും മറ്റും നടത്തുന്ന ചില പരാമർശങ്ങൾ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കാൻ പോന്നവയാണ് എന്നറിഞ്ഞിട്ടും അവർക്കെതിരിൽ യാതൊരു നടപടിയും ഉണ്ടാകുന്നില്ല. അവരെ തിരുത്താനും തിരുത്തിക്കാനും ആരുമില്ല.

ഇന്ത്യൻ ശിക്ഷാനിയമം 153-എ യിൽ "എഴുത്തിലൂടെയോ പ്രസംഗത്തിലൂടെയോ മറ്റ് സൂചനകളിലൂടെയോ വിവിധ മത, ജാതി,ദേശ, ഭാഷക്കാർക്കിടയിൽ ശത്രുത വളർത്തുവാൻ ശ്രമിക്കുക, പൊതുസമൂഹത്തിൽ ശാന്തിയും സമാധാനവും തകർക്കുന്ന രൂപത്തിൽ വ്യത്യസ്ത ജാതി, മത, ദേശ, സമുദായങ്ങൾക്കിടയിൽ പ്രവർത്തിക്കുക...." തുടങ്ങിയ കുറ്റങ്ങൾ ചെയ്യുന്നവരെ മൂന്നുവർഷംവരെ തടവിനും പിഴ അടക്കാനും വിധിക്കാവുന്നതാണ് എന്ന് പറയുന്നുണ്ട്. എന്നാൽ വിഷം ചീറ്റുന്ന 'ചിലരെ'തൊടാൻ ഇവിടുത്തെ നിയമ വ്യവസ്ഥക്ക് ആർജവമില്ല. ഫെയ്സ് ബുക്കിൽ ഒരു ലൈക്കടിച്ചവരെ അറസ്റ്റു ചെയ്ത് ജയിലിലടച്ച് നാടിനെ രക്ഷിച്ചതായി സായൂജ്യമടയാൻ ഭരണകർത്താക്കൾക്ക് കഴിയുകയും ചെയ്യുന്നു. ഈ അവസ്ഥക്കാണ് മാറ്റമുണ്ടാകേണ്ടത്.

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com



**അധികാരമേറ്റ് നാളുകൾ പിന്നിട്ടപ്പോഴേക്കും വംശവെറിയുടെ പ്രകോപന വർത്തമാനങ്ങളുമായി ട്രംപ് ലോകത്തെ ഞെട്ടിച്ചിരിക്കുകയാണ്. അഭയാർഥി വിഷയത്തിൽ ട്രംപ് കൈക്കൊണ്ട നിലപാട് എത്രമാത്രം യുക്തിപൂർണമാണ്? അമേരിക്കയുടെ ഭൂതകാലം എത്രമാത്രം പരിശുദ്ധമാണ്? സമകാലിക പശ്ചാത്തലത്തിൽ നിന്നൊരു അന്വേഷണം.**




# വംശവെറിയുടെ വമ്പ് പറയുന്ന ട്രംപ്

മനുഷ്യ മനസ്സുകൾക്കിടയിൽ വിദ്വേഷത്തിന്റെ മതിൽ കെട്ടി വംശവെറിയുടെ അപ്പോസ്തലനായി വാഴാനാണ് പുതിയ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് തീരുമാനിച്ചിരിക്കുന്നത്. അധികാരമേറ്റ് ദിവസങ്ങൾക്കുള്ളിൽ തന്നെ വംശീയ വിദ്വേഷവും വർണവെറിയും സ്ത്രീ വിരുദ്ധതയും പ്രകടിപ്പിച്ച് തികച്ചും ഭ്രാന്തമായ കുറെ തീരുമാനങ്ങളിലൂടെ അമേരിക്കൻ ജനതയെയും ലോകസമൂഹങ്ങളെയും ഒരുപോലെ ഞെട്ടിച്ചിരിക്കുകയാണ് ട്രംപെന്ന വമ്പൻ. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യരാജ്യമെന്നവകാശപ്പെടുന്ന, സൈനികശക്തികൊണ്ടും സാങ്കേതികമികവ് കൊണ്ടുമെല്ലാം സമ്പന്നമായ, ലോകസമൂഹങ്ങൾക്ക് ഒട്ടേറെ സംഭാവനകൾ നൽകിയിട്ടുള്ള, പ്രവിശാലമായ ഭൂപ്രദേശമുള്ള അമേരിക്കയുടെ തലപ്പത്തിരുന്നു കൊണ്ടാണ് ട്രംപ് തീക്കൊള്ളി കൊണ്ട് തലചൊറിയുന്നത്. അമേരിക്കയുടെ സമ്പന്നതയും സൈനികമേൽക്കോയ്മയും അമേരിക്കൻ ജനതയുടെ അധ്വാനം കൊണ്ട് മാത്രമുണ്ടായതല്ല. കാലാകാലങ്ങളായി ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ നിന്നായി ഒട്ടേറെ പേർ തൊഴിൽ തേടി അമേരിക്കയിലെത്തിയിട്ടുണ്ട്. അവരുടെ കൂടെ വിയർപ്പു കൊണ്ടാണ് അമേരിക്ക ലോകത്തെ നമ്പർ വൺ രാജ്യമായത്. ഇതിൽ മിഡിൽ ഈസ്റ്റ്, ആഫ്രിക്ക, ഏഷ്യ തുടങ്ങിയ പ്രദേശങ്ങളിൽ നിന്നുള്ളവരെല്ലാം പെടും. ചരിത്രത്തിലേക്കൊന്നു തിരിഞ്ഞു നോക്കാൻ ട്രംപ് തയ്യാറാവുന്നത് നല്ലതാണ്.

**യൂറോപ്പിലെ മുസ്‌ലിം വിരുദ്ധ വംശവെറിക്ക് പേരുകേട്ട ഡേവിഡ് ഡ്യൂക്ക്, ഫ്രാൻസിലെ മുസ്‌ലിംകളുടെ കണ്ണിലെ കരടായ മാരിയ ലെ പെൻ, ഇസ്രാഈലി പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു, ചെചൻ മുസ്‌ലിംകളെ അടിച്ചമർത്തിക്കൊണ്ട് റഷ്യൻ ദേശീയവികാരം ആളിക്കത്തിച്ച് അധികാരത്തിൽ തുടരുന്ന പുട്ടിൻ എന്നിവരൊക്കെ ട്രംപിന്റെ വിജയത്തിൽ അമിതാഹ്ലാദം പ്രകടിപ്പിച്ചവരാണ്. ഗുജറാത്തിൽ മുസ്‌ലിംകളെ കൂട്ടക്കുരുതി നടത്തിയ അമിത്ഷായുടെ പാർട്ടിയും ആഹ്ലാദത്തിൽ കുറവ് വരുത്തിയിരുന്നില്ല.**

പതിനഞ്ചാം നൂറ്റാണ്ടിൽ ഇറ്റാലിയൻ കടൽ സഞ്ചാരികളായ ക്രിസ്റ്റഫർ കൊളമ്പസും അമേരിഗോ വെസ്പുചിയും എത്തിയതോടെയാണ് അമേരിക്ക ചരിത്രത്തിൽ ഇടം പിടിക്കുന്നത്. മുമ്പ് പലരും അത് വഴി കടന്നു പോയിട്ടുണ്ടാവാമെങ്കിലും അമേരിക്കയെ കുറിച്ച് ലോകം അറിഞ്ഞു തുടങ്ങിയത് ഇവരടക്കമുള്ള യൂറോപ്യൻ നാവികരുടെ കടന്നുവരവോടെയായിരുന്നു. 15000 വർഷങ്ങൾക്കു മുൻപ് ഏഷ്യയിൽ നിന്നു ബേറിംഗ് കടലിടുക്ക് വഴി അമേരിക്കയിൽ എത്തിയ 'ഇന്ത്യക്കാരും' (അമേരിന്ത്യർ) അമേരിക്കൻ വൻകരയുടെ വടക്കുഭാഗത്ത് ജീവിച്ചിരുന്ന 'എസ്കിമോ'കളുമാണ് (ഇന്യൂട്ട്) അവിടുത്തെ ആദിമനിവാസികൾ.

അമേരിഗോ വെസ്പുചിയുടെ യാത്രാവിവരണങ്ങളിലൂടെ അമേരിക്ക പ്രസിദ്ധിയാർജ്ജിച്ചതോടെ പോർച്ചുഗൽ, സ്പെയിൻ, ഇംഗ്ളണ്ട്, ഫ്രാൻസ്, നെതർലൻഡ്സ് (ഡച്ച്) തുടങ്ങിയ യൂറോപ്യൻ രാഷ്ട്രങ്ങൾ ഈ 'നവീന' ഭൂഖണ്ഡത്തിൽ അധിനിവേശം നടത്താനും അധികാരം കൈയടക്കാനുമുള്ള ശ്രമങ്ങൾ ആരംഭിച്ചു. സ്പാനിഷ് നാവികന്മാരിലൂടെ മെക്സിക്കോയിലെ വേരക്രൂസിൽ ആദ്യത്തെ യൂറോപ്യൻ കോളനി സ്ഥാപിച്ചു. ഇംഗ്ലണ്ടുകാർ ന്യൂ ഫൗണ്ട്ലാൻഡ് കയ്യടക്കി. ഫ്രെഞ്ച് നാവികൻ ഷാക്ക് കാത്തിയേർ കാനഡ പിടിച്ചടക്കി. ഡച്ചുകാർ ആദിവാസികളിൽ നിന്നും മാൻഹട്ടൻ ദ്വീപ് സ്വന്തമാക്കി. പിന്നീടത് ഇംഗ്ലീഷുകാർ കൈവശപ്പെടുത്തിയതോടെ ആ പ്രദേശം ന്യൂയോർക്ക് എന്ന പേരിൽ അറിയപ്പെട്ടുതുടങ്ങി. പിറകെ സ്വീഡനും റഷ്യയുമെല്ലാം അവരുടേതായ ആധിപത്യവും സ്ഥാപിച്ചു. നാട്ടുകാരായ അമേരിന്ത്യരെ കീഴടക്കിയും ഉന്മൂലനം ചെയ്തുമാണ് യൂറോപ്യൻ രാജ്യങ്ങൾ അവരുടെ ആധിപത്യം ഉറപ്പിച്ചത്. യൂറോപ്യൻമാർ സമ്മാനിച്ച ഒട്ടേറെ സാംക്രമിക രോഗങ്ങൾ ആ സമൂഹത്തിന്റെ പൂർണമായ നാശത്തിലേക്ക് നയിക്കുകയും ചെയ്തു. യൂറോപ്യൻ രാജ്യങ്ങൾ പിന്നീട് പരസ്പരം യുദ്ധം ചെയ്തുകൊണ്ട് മേൽക്കോയ്മ സ്ഥാപിക്കാൻ ശ്രമിച്ചു. 1777 നവമ്പർ 15നു അമേരിക്കൻ ഐക്യനാടുകൾ (യു എസ് എ) നിലവിൽ വന്നു.

ഒട്ടേറെ കുടിയേറ്റക്കാരിലൂടെയും അധിനിവേശക്കാരിലൂടെയും രൂപം കൊണ്ട രാജ്യമാണ് അമേരിക്ക എന്ന സത്യമാണ് ഈ ചരിത്രം നമ്മെ ബോധ്യപ്പെടുത്തുന്നത്. പക്ഷേ, ഇതിപ്പോൾ ബോധ്യപ്പെടുത്തേണ്ടത് അമേരിക്കയുടെ പുതിയ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനെയാണ്. സ്വന്തം രാഷ്ട്രത്തിന്റെ തന്നെ അടിസ്ഥാന സ്വഭാവവും പൈതൃകവും മറന്ന് കുടിയേറ്റക്കാർക്കും അഭയാർഥികൾക്കും മുമ്പിൽ അമേരിക്കയുടെ വാതിൽ ട്രംപ് കൊട്ടിയടക്കുമ്പോൾ വിഡ്ഢിവേഷം കെട്ടിയ രാജാവിന്റെ കഥയാണ് ഓർമവരുന്നത്. സിറിയ, ഇറാഖ്, ലിബിയ, യമൻ, സൊമാലിയ, ഇറാൻ, സുഡാൻ എന്നീ ഏഴു മുസ്‌ലിം രാജ്യങ്ങളിൽ നിന്നുള്ള യാത്രക്കാർക്ക് അമേരിക്കയിൽ പ്രവേശിക്കാൻ പാടില്ലെന്നാണ് ട്രംപിന്റെ പുതിയ ഉത്തരവ്. ട്രംപിന്റെ നീക്കത്തെ ലോകം അത്ഭുതത്തോടെയും അതിലേറെ ആശങ്കയോടെയുമാണ് നോക്കിക്കണ്ടത്. ലോകരാഷ്ട്രങ്ങൾ ഓരോന്നോരോന്നായി ശക്തമായി നടപടിയെ അപലപിച്ചു. അമേരിക്കൻ ജനത തന്നെ മതവിശ്വാസത്തിനതീതമായി ഉത്തരവിനെതിരെ പ്രതിഷേധിച്ചു. കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ കൂടുതൽ മുസ്‌ലിം അഭയാർഥികളെ സ്വീകരിച്ചുകൊണ്ടാണ് ട്രംപിന് മറുപടി നൽകിയത്. ഫ്രാൻസും ജർമനിയും യൂറോപ്യൻ യൂണിയനും ഐക്യരാഷ്ട്ര സഭയും പ്രതിഷേധത്തിന്റെ മുൻനിരയിൽ തന്നെയുണ്ട്. ആപ്പിളും, ഗൂഗിളും, ഫേസ്ബുക്കുമെല്ലാം ഉത്തരവിനെതിരെ രംഗത്ത് വന്നിരിക്കുകയാണ്.

അതേസമയം അമേരിക്കൻ നിയമവിദഗ്ധരും ന്യായാധിപരും ട്രംപിന്റെ ഉത്തരവിനെതിരെ രംഗത്ത് വരുന്നത് ട്രംപിനെ കൂടുതൽ പ്രതിരോധത്തിലാക്കുന്നു. അമേരിക്കൻ ഫെഡറൽ ജഡ്ജി ജെയിംസ് റോബർട്ട് വിഷയത്തിൽ ഇടപെടുകയും ട്രംപിന്റെ ഉത്തരവ് ഭരണഘടനാ വിരുദ്ധമാണെന്ന് വിധിക്കുകയും ചെയ്തത് ട്രംപിനെ വല്ലാതെ അലോസരപ്പെടുത്തുകയും പ്രകോപിപ്പിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ ജഡ്ജിക്കല്ല പ്രസിഡന്റിനാണ് കൂടുതൽ അവകാശമെന്ന് പറഞ്ഞ് ഉത്തരവ് പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അപ്പീൽ കോടതിയിൽ ട്രംപ് നൽകിയ അപേക്ഷ കോടതി നിഷ്കരുണം തള്ളിക്കളയുകയാണുണ്ടായത്. ട്രംപിന്റെ അഹങ്കാരത്തിനേറ്റ തിരിച്ചടിയായിരുന്നു അത്.

വംശവെറിയാണ് ട്രംപിന്റെ മുഖമുദ്ര. ട്രംപ് അമേരിക്കൻ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ തന്നെ സന്തോഷം പ്രകടിപ്പിച്ചവരുടെ പേരുകൾ പരിശോധിച്ചാൽ മനസ്സിലാവും ട്രംപ് ആരാണെന്ന്.

യൂറോപ്പിലെ മുസ്‌ലിം വിരുദ്ധ വംശവെറിക്ക് പേരുകേട്ട ഡേവിഡ് ഡ്യൂക്ക്, ഫ്രാൻസിലെ മുസ്‌ലിംകളുടെ കണ്ണിലെ കരടായ മാരിയ ലെ പെൻ, ഇസ്രാഈലി പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു, ചെചൻ മുസ്‌ലിംകളെ അടിച്ചമർത്തിക്കൊണ്ട് റഷ്യൻ ദേശീയവികാരം ആളിക്കത്തിച്ച് അധികാരത്തിൽ തുടരുന്ന പുട്ടിൻ എന്നിവരൊക്കെ ട്രംപിന്റെ വിജയത്തിൽ അമിതാഹ്ലാദം പ്രകടിപ്പിച്ചവരാണ്. ഗുജറാത്തിൽ മുസ്‌ലിംകളെ കൂട്ടക്കുരുതി നടത്തിയ അമിത്ഷായുടെ പാർട്ടിയും ആഹ്ലാദത്തിൽ കുറവ് വരുത്തിയിരുന്നില്ല.

കേവലമൊരു രാജ്യസുരക്ഷയാണ് ട്രംപിന്റെ തീരുമാനത്തിന് പിന്നിലെന്ന് കരുതാൻ നിർവാഹമില്ല. കാരണം ട്രംപ് ചില മാധ്യമങ്ങൾക്ക് നൽകിയ അഭിമുഖത്തിൽ പറഞ്ഞത് പശ്ചിമേഷ്യയിലും ഉത്തരാഫ്രിക്കയിലും ക്രിസ്ത്യാനികളോട് ഭീകരമായാണ് മുസ്‌ലിംകൾ പെരുമാറുന്നത് എന്നും അതുകൊണ്ടുതന്നെ നമുക്കവരെ വേണ്ട എന്നുമാണ്. രാജ്യത്തിനു പുറത്ത് നമ്മുടെ സ്ത്രീകളും പുരുഷന്മാരും ആർക്കെതിരെയാണോ പോരാടുന്നത് അവരെ നമുക്ക് ഇവിടെയും വേണ്ട എന്നും നമ്മുടെ രാജ്യത്തെ പിന്തുണക്കുകയും നമ്മുടെ ജനങ്ങളെ അഗാധമായി സ്നേഹിക്കുകയും ചെയ്യുന്നവരെ മാത്രമേ നമുക്ക് ആവശ്യമുള്ളൂ എന്നും ട്രംപ് പറയുകയുണ്ടായി. അമേരിക്കൻ ജനതയെ തെറ്റിദ്ധരിപ്പിച്ച് കൊണ്ട് തന്റെ വർഗീയ വിഷം ട്രംപ് പുറത്തെടുക്കുകയാണിവിടെ. മുസ്‌ലിം വിരുദ്ധ വികാരം സൃഷ്ടിച്ച് അമേരിക്കൻ ജനതയെ മുഴുവൻ മുസ്‌ലിം രാഷ്ട്രങ്ങൾക്കും ഇസ്‌ലാമിനുമെതിരെ തിരിക്കാനുള്ള ഗൂഢപദ്ധതിയുടെ ഭാഗമാണിത്.

അയൽരാജ്യമായ മെക്സിക്കോയിൽ നിന്ന് കടന്നുകയറ്റം തടയുന്നതിനുവേണ്ടി ഒരു വൻമതിൽ നിർമിക്കാനാണ് അധികാരത്തിൽ വന്ന ഉടനെ ട്രംപ് തീരുമാനിച്ചത്. 500 കോടി ഡോളർ ചെലവിട്ട് 3200 കിലോമീറ്റർ ദൂരമാണ് മതിൽ കെട്ടുന്നത്. ഇതിന്റെ ചെലവ് മെക്സിക്കോ വഹിക്കണമെന്നും ട്രംപിന്റെ ഭ്രാന്തൻ തീരുമാനത്തിൽ പറയുന്നു. എന്നാൽ മെക്സിക്കൻ പ്രസിഡന്റ് എൻറിക് പെന്യാ നിയെതോ ഒരു ചില്ലിക്കാശ് പോലും തരില്ലെന്ന് തുറന്നടിച്ചു. മാത്രവുമല്ല നേരത്തെ നിശ്ചയിച്ചിരുന്ന മെക്സിക്കൻ പ്രസിഡണ്ടിന്റെ അമേരിക്കൻ സന്ദർശനം ഉപേക്ഷിക്കുകയും ചെയ്തു. 1961 ൽ പൂർവ ജർമനിയിലെ കമ്യൂണിസ്റ്റ് ഭരണകൂടം പശ്ചിമ ജർമനിയുടെ അതിർത്തിയിൽ നിർമിച്ച കുപ്രസിദ്ധമായ ബർലിൻ മതിൽ ഒടുവിൽ തകർത്തത് ജനങ്ങളായിരുന്നുവെന്നത് ട്രംപ് മറന്നുപോവുന്നു. മാത്രവുമല്ല, ബർലിൻ മതിലിനെതിരെയുള്ള പോരാട്ടത്തെ മനുഷ്യ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായാണ് അന്ന് അമേരിക്കയും അന്നത്തെ പ്രസിഡണ്ടും റിപ്പബ്ലിക്കൻ പാർട്ടി നേതാവുമായിരുന്ന ജോർജ്ജ് ഡബ്ള്യൂ ബുഷും വിശേഷിപ്പിച്ചിരുന്നത്. ഇന്ന് അതേ റിപ്പബ്ലിക്കൻ പാർട്ടിയുടെ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് മറ്റൊരു മതിലിനു വേണ്ടി പണിയെടുക്കുന്നുവെന്നത് ചരിത്രത്തിലെ വിരോധാഭാസം.




സിറിയയിലും ഇറാഖിലുമെല്ലാം അമേരിക്ക തന്നെ സൃഷ്ടിച്ച അരാജകത്വത്തിന്റെയും അരക്ഷിതാവസ്ഥയുടെയും പരിണിത ഫലമാണ് അവിടങ്ങളിൽ നിന്നുള്ള അഭയാർഥികളുടെ പ്രവാഹമെന്നതും ട്രംപ് മറന്നുപോവരുത്. ഏതൊരു മനുഷ്യനും സ്വന്തം നാട്ടിൽ ജീവിക്കാനാണ് ആഗ്രഹം. പക്ഷേ, അശാന്തിയും അസമാധാനവും പടർന്നുകൊണ്ടിരിക്കുന്ന നാടുകളിൽ സമാധാനം പുനഃസ്ഥാപിക്കാൻ വേണ്ടി ഇടപെടുന്നവർ അവിടെ നിന്ന് ജീവൻ നിലനിർത്താൻ നെട്ടോട്ടമോടുന്നവർക്ക് നേരെ സ്വന്തം രാജ്യത്തിന്റെ കവാടങ്ങൾ കൊട്ടിയടക്കുകയല്ല വേണ്ടത്. രാജ്യങ്ങളും അതിരുകളും ഭരണകൂടങ്ങളുമെല്ലാം മനുഷ്യൻ വരച്ചുണ്ടാക്കുന്ന ചില ചിത്രങ്ങൾ മാത്രമാണ്. എവിടെയും ജീവിക്കുന്നത് മജ്ജയും മാംസവും മസ്തിഷ്കവുമുള്ള മനുഷ്യരാണ്. അവരുടെ വർണങ്ങൾ വ്യത്യസ്തമായേക്കാം. എന്നാൽ അവരുടെ സിരകളിലൂടെ ഒഴുകുന്ന രക്തവും ഹൃദയങ്ങളുടെ തുടിപ്പും ഒന്ന് തന്നെയാണ്. വംശത്തിനും വർണത്തിനും ജാതിക്കും ദേശത്തിനുമപ്പുറം മനുഷ്യരെ മനുഷ്യരായിക്കാണാനുള്ള വിവേകമാണ് രാഷ്ട്രങ്ങളും ഭരണകൂടങ്ങളും ഭരണാധികാരികളും കാണിക്കേണ്ടത്.

വിശുദ്ധ ക്വുർആനിന്റെ സന്ദേശം പ്രസക്തമാവുന്നത് ഇവിടെയാണ്. "ഹേ; മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമനിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു." ●

മുഹമ്മദ് അജ്മൽ സി
mohdajmalc@gmail.com

# കാനഡയിൽ നിന്ന് ഒരു 'മനുഷ്യശബ്ദം'

"ഇപ്പോഴത്തെ കണക്കനുസരിച്ച് ക്യൂബക്ക് ഇസ്‌ലാമിക് സെന്ററിൽ ആരാധനകൾ നിർവഹിക്കുന്ന ആറ് പേരുടെ ജീവനാണ് നഷ്ടപ്പെട്ടത്. മറ്റനേകം പേർക്ക് ഗുരുതര പരിക്കേറ്റിരിക്കുന്നു. ഒരുകൂട്ടം നിരപരാധികൾ തങ്ങൾ പിന്തുടരുന്ന വിശ്വാസം കാരണത്താൽ ഉന്നം വെക്കപ്പെട്ടിരിക്കുന്നു. അതെ, ഇതൊരു തീവ്രവാദി ആക്രമണമാണ്!"

ക്യൂബക്കിലെ മുസ്‌ലിം പള്ളിയിൽ നമസ്കാരവേളയിൽ ആറ് വിശ്വാസികളെ നിഷ്കരുണം വെടിവച്ച് കൊന്ന സംഭവത്തോട് കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റീൻ ട്രൂഡോ കനേഡിയൻ പാർലമെന്റിൽ നടത്തിയ പ്രസ്താവനയാണ് മുകളിൽ കൊടുത്തത്. മുസ്‌ലിം വിരുദ്ധതയിൽ അധിഷ്ഠിതമായി ലോകമെങ്ങും വർധിച്ചു വരുന്ന ഇത്തരം ആക്രമണങ്ങളെ 'മുസ്‌ലിംകൾക്കെതിരായ തീവ്രവാദം' എന്ന് ഒരു പാശ്ചാത്യ രാഷ്ട്രത്തലവൻ വിശേഷിപ്പിക്കുന്നത് ഇതാദ്യമായാണ്. അതിനാൽ തന്നെ ജസ്റ്റിൻ ട്രൂഡോയുടെ ഈ പ്രസ്താവന വളരെ ശ്രദ്ധേയവും പ്രാധാന്യമർഹിക്കുന്നതുമാണ്.

കപട മതേതരവാദികളും ജനാധിപത്യ വാദികളും നാട് ഭരിക്കുന്ന കാലഘട്ടത്തിൽ ട്രൂഡോ തന്റെ പ്രഖ്യാപനത്തിലൂടെ വലിയൊരു വിപ്ലവത്തിനാണ് നാന്ദി കുറിച്ചിരിക്കുന്നത്.

അലക്സാണ്ടർ ബിസോണേറ്റ് എന്ന 27കാരനാണ് പള്ളിയിലേക്ക് തോക്കുമായി കയറിച്ചെന്ന് വിശ്വാസികൾക്ക് നേരെ വെടിയുതിർത്തത്. തനി വംശീയവാദിയും വലതുപക്ഷ തീവ്രവാദിയും ഇസ്‌ലാമോഫോബിയുമായ ബിസോണേറ്റ് തന്റെ സോഷ്യൽ മീഡിയ പോസ്റ്റിലുടെ സ്വയം വിശേഷിപ്പിച്ചത് ക്രിസ്ത്യൻ ക്രൂസോഡർ എന്നാണ്! പുതിയ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ കടുത്ത ആരാധകനുമാണിയാൾ. അയൽരാജ്യമായ കാനഡയിൽ നടന്ന ആക്രമണത്തോട് ഡൊണാൾഡ് ട്രംപ് ഇതുവരെ പ്രതികരിക്കുകയോ അനുശോചനം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്നതും ശ്രദ്ധേയമാണ്.

എന്നാൽ രണ്ട് ദിവസങ്ങൾക്ക് ശേഷം ഫ്രാൻസിലെ ലൂവ് മ്യൂസിയത്തിൽ മുസ്‌ലിം തീവ്രവാദി എന്ന് സംശയിക്കപ്പെടുന്ന ഒരജ്ഞാതൻ കത്തിയുമായി പട്ടാളക്കാരെ ആക്രമിക്കാൻ ശ്രമിച്ച സംഭവത്തെ അപലപിച്ച് കൊണ്ട് ഉടനെ തന്നെ ട്രംപ് ടിറ്റ് ചെയ്തു! അപരാധിയുടെയും ഇരയുടെയും ദേശവും ഭാഷയും മതവും പരിഗണിച്ച ശേഷം മാത്രം രാഷ്ട്രത്തലവന്മാർ പ്രതികരണങ്ങൾ രേഖപ്പെടുത്തുന്ന കാലഘട്ടം വളരെ ഭയാനകം തന്നെ! ഇത്തരമൊരു ലോകത്ത് ജസ്റ്റീസ് ട്രൂഡോയുടെ സമീപനങ്ങളും നിലപാടുകളും മാതൃകാപരമാണ്.

ഏഴ് മുസ്‌ലിം രാജ്യങ്ങളിൽ നിന്നുള്ളവരുടെയും അഭയാർഥികളുടെയും ആഗമനം നിരോധിച്ചയുടനെ ട്രൂഡോ Welcome to Canada ഹാഷ് ടാഗുമായി 'വൈവിധ്യമാണ് ഞങ്ങളുടെ ശക്തി' എന്ന് ടിറ്റ് ചെയ്യുകയും അഭയാർഥികൾക്ക് സ്വാഗതമരുളുകയുമാണ് ചെയ്തത്. സമത്വവും മതനിരപേക്ഷതയും ബഹുസ്വര സമൂഹത്തിൽ പൂർണാർഥത്തിൽ ഉൾക്കൊള്ളുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന ട്രൂഡോയെ പോലുള്ള ഭരണാധികാരികളെ കാലം ആവശ്യപ്പെടുന്നു. പാർലമെന്റിലെ തന്റെ ഐതിഹാസികമായ പ്രസംഗം അദ്ദേഹം അവസാനിപ്പിച്ചത് ഇപ്രകാരണാണ്:

"ഈ കുറ്റകൃത്യങ്ങൾ നിർവഹിക്കുന്നവരുടെ ഉദ്ദേശ്യം നമ്മുടെ നിശ്ചയദാർഢ്യത്തെ പരീക്ഷിക്കലും മൂല്യങ്ങളെ ദുർബലപ്പെടുത്തലുമാണ്. അവർ നമ്മെ വിഭജിക്കാൻ ഉദ്ദേശിക്കുന്നു. നമ്മുടെ ഇടയിൽ വിദ്വേഷവും ഭിന്നതയും നട്ടുവളർത്താൻ ആഗ്രഹിക്കുന്നു. നാം നമ്മുടെ മനസ്സുകളെ അടക്കില്ല; ഹൃദയങ്ങൾ തുറന്നു വെക്കുന്നു. മുസ്‌ലിം വിശ്വാസികളായ പത്ത് ലക്ഷത്തിലധികം വരുന്ന കാനഡക്കാരോട് ഞാൻ പറയുന്നു. ഞങ്ങൾ നിങ്ങളുടെ കുടെയുണ്ട്. നിങ്ങളുടെ കൂടെ മുന്നരക്കോടി കാനഡക്കാരുടെ ഹൃദയവും തകർന്നിരിക്കുന്നു. അറിയുക, ഞങ്ങൾ നിങ്ങളെ വിലമതിക്കുന്നു. കഴിഞ്ഞ രാത്രിയിലെ മുസ്‌ലിം സമൂഹത്തിനെതിരായ ഹീനകൃത്യം കാനഡക്കെതിരായ തീവ്രവാദ ആക്രമണമാണ്. കാരണം ഇത് നിങ്ങളുടെ രാജ്യമാണ്. ഞങ്ങൾ നിങ്ങളുടെ കൂടെ ദുഃഖിക്കുന്നു, നിങ്ങളുടെ കൂടെ പ്രതിരോധിക്കുന്നു, നിങ്ങളെ സ്നേഹിക്കുന്നു, ഞങ്ങൾ നിങ്ങളുടെ കൂടെ നിൽക്കുന്നു."

അതെ, മനുഷ്യത്വം മരവിക്കാത്ത ഭരണാധികാരികൾ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട് എന്ന് ജസ്റ്റീസ് ട്രൂഡോ തെളിയിച്ചിരിക്കുന്നു. ●

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com





# അറുതിയില്ലാത്ത ജാതി, വർണ വിവേചനം

**ജാതിവിവേചനം വർത്തമാന കാലത്തും ഇന്ത്യയിൽ ഒരു യാഥാർഥ്യമാണ്. അതിന്റെ പേരിൽ നടമാടുന്ന അക്രമങ്ങൾക്കും അനീതിക്കും കയ്യുംകണക്കുമില്ല. മനുഷ്യനെ ഉന്നതനെന്നും താഴ്ന്നവനെന്നും വേർതിരിക്കുന്ന ജാതീയതയുടെ വേരുകൾ ചെന്നെത്തുന്നത് എവിടെയാണ്? ഒരു പഠനം.**

ജാതീയത ഇന്ത്യയുടെ സാമൂഹ്യചരിത്രത്തിൽ വളരെ ആഴത്തിൽ വേരോട്ടം നേടിയ ഒരു വിപത്താണ്. സാമൂഹ്യഘടനയുടെ ഉപരിതലത്തിൽ അവയുടെ ശാഖോപശാഖകൾ വിശാലമായി പടർന്നുപന്തലിക്കുകയും ചെയ്തിരിക്കുന്നു. ഇന്ത്യയിൽ ഇന്നും അത് നിലനിൽക്കുകയും ചെയ്യുന്നു. അതിൻെറ തിക്തഫലങ്ങൾ അനുഭവിക്കുന്ന ജനകോടികൾ ഇന്നുമുണ്ട്.

ജാതിവിവേചനത്തിന്റെ ഞെട്ടിപ്പിക്കുന്ന വർത്തമാനങ്ങൾ പലതും പുറത്തറിയാറില്ലെങ്കിലും ചിലപ്പോൾ ചിലതെല്ലാം മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടാറുണ്ട്. മധ്യപ്രദേശിലെ ഒരു സർക്കാർ പ്രൈമറി സ്കൂളിൽനിന്നുള്ള ജാതിവിവേചനത്തിന്റെ വാർത്ത ജനുവരി 31ലെ ഒരു പത്രത്തിൽ വായിക്കാനിടയായി.

തികംഗർ ജില്ല ആസ്ഥാനത്തുനിന്ന് 19 കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്ന മദ്ഖേദയിലെ വിദ്യാലയത്തിലാണ് സംഭവം. ദലിത് സ്ത്രീ ഭക്ഷണം പാചകം ചെയ്യുന്നു എന്ന കാരണത്താൽ കഴിഞ്ഞ മൂന്നു മാസമായി 67 വിദ്യാർഥികൾ വിദ്യാലയത്തിൽ നിന്ന് ഉച്ചഭക്ഷണം കഴിക്കാറില്ലത്രെ! താഴ്ന്ന ജാതിക്കാരി പാചകം

ചെയ്യുന്ന ഭക്ഷണം കഴിക്കരുതെന്ന് മാതാപിതാക്കൾ കർശനമായി വിലക്കിയതുകൊണ്ടാണ് ഉച്ചഭക്ഷണം കഴിക്കാത്തതെന്ന് കുട്ടികൾ പറഞ്ഞതായാണ് ഹെഡ്മാസ്റ്റർ വെളിപ്പെടുത്തിയിരിക്കുന്നത്.

ഈ കുട്ടികൾ വളർന്നു വലുതായാൽ, അവർ ഉയർന്ന ഉദ്യോഗങ്ങളിലും ഭരണതലങ്ങളിലും എത്തിപ്പെട്ടാൽ അവർണ വിഭാഗങ്ങളോട് ഏത് രൂപത്തിലായിരിക്കും പെരുമാറുക? അവരെ മനുഷ്യരും പരിഗണനനീയരും സഹായമർഹിക്കുന്നവരുമായി കാണുവാൻ ഇവർക്ക് സാധിക്കുമോ?

എന്തുകൊണ്ടാണ് നമുടെ രാജ്യത്ത് അവർണർക്കെതിരിൽ നിരന്തരം അക്രമങ്ങൾ നടക്കുന്നത്? ലക്ഷ്മി നായർ എന്ന വിദ്യാസമ്പന്നയും ഒരു സ്ഥാപന മേധാവിയുമായ സ്ത്രീ പോലും ദലിതരായ വിദ്യാർഥികളെ ജാതിപ്പേരു വിളിച്ചും മറ്റും അപമാനിച്ചതിന്റെ പിന്നിലെ പ്രചോദനമെന്താണ്? ഈ വിവേചനം ആര് പഠിപ്പിച്ചതാണ്? പരിശോധിക്കാം:

"ഉത്തമ ഭക്തന് ഒരിടത്തും ഭേദബുദ്ധിയില്ല. മനുഷ്യർക്കിടയിൽ ജാതി, വർണ ഭേദങ്ങളും ചരിത്രഗതിയുടെ ഏതോ ഘട്ടത്തിൽ രൂപംകൊണ്ടവയാണ്. മനുഷ്യർക്ക് പരസ്പര രൂപഭേദം യഥാർഥത്തിൽ ഇല്ലാത്തതാണ്. വസ്തുത ഇതാണെങ്കിലും ജാതിഭേദം ഇന്നും തുടരുന്നു. ഏതു വർണത്തിൽ പെട്ടവനും ഭക്തിമാർഗത്തിൽ പ്രവേശിക്കാം. ഈശ്വരനു മുമ്പിൽ സമന്മാരാണെന്ന് എല്ലാവർക്കുമറിയാം. ഈശ്വരസാക്ഷാൽക്കാരത്തിന് ജാതി, വർണാതിഭേദം പ്രതിബന്ധമല്ല" ('ജാതി- വർണ ഭേദം മിഥ്യാധാരണ',പാലേലി നാരായണൻ നമ്പൂതിരി, ജന്മഭൂമി, 2006 ജൂലൈ 7, വെള്ളി, പേജ് 4).

ജാതി, വർണ ഭേദം വെറും മിഥ്യാ ധാരണയാണോ? വേദങ്ങളിലും ഇതിഹാസങ്ങളിലും മനുഷ്യരെ ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നിങ്ങനെ നാലു വർണങ്ങളായി വേർതിരിച്ചതായി കാണുന്നില്ലേ? നാലു വർണങ്ങൾക്കും പ്രത്യേകം കർമങ്ങളും അനുഷ്ഠാനങ്ങളും നിർദേശിക്കപ്പെട്ടിട്ടില്ലേ? എന്നിട്ടും ഇതിനെ മിഥ്യാധാരണ എന്നു പറഞ്ഞ് അവഗണിക്കുന്നതിൽ എന്ത് ന്യായമാണുള്ളത്?

ശ്രീകൃഷ്ണന്റെ ഈ പ്രഖ്യാപനം പ്രസിദ്ധമാണ്:

ചാതുർവർണ്യം മയാസൃഷ്ടം
ഗുണകർമ വിഭാഗശഃ
തസ്യകർത്താരമപി മാം
വിദ്ധ്യകർത്താരമവ്യയം

"ഗുണവിഭാഗങ്ങളെയും കർമവിഭാഗങ്ങളെയും അനുസരിച്ച് നാല് വർണങ്ങൾ ഞാനാണ് സൃഷ്ടിച്ചിരിക്കുന്നത്. ഞാനാണ് അതിൽ കർത്താവെങ്കിലും ഞാൻ കർതൃത്വമില്ലാത്തവനും അവ്യയനുമാണെന്ന് നീ അറിഞ്ഞാലും" (ഭഗവത്ഗീത, ജ്ഞാനകർമ്മസന്യാസയോഗം, ശ്ലോകം: 13).

വർണധർമം ഈശ്വരനിശ്ചയവും അലംഘനീയമായ വ്യവസ്ഥയും ആണെന്നും ഈശ്വരൻ ഏർപെടുത്തിയ ആ വ്യവസ്ഥ പാലിക്കേണ്ടത് മനുഷ്യന്റെ ധർമമാണെന്നും ആ സ്വതസിദ്ധ ധർമത്തെ നിരാകരിക്കാവതല്ല എന്നും സിദ്ധാന്തിച്ചുകൊണ്ട് ഗീത വർണധർമത്തിന് സ്ഥിരീകരണം നൽകുകയല്ലേ മേൽപറഞ്ഞ ശ്ലോകത്തിൽ? വർണധർമം ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യ-ശൂദ്ര വർണങ്ങൾക്കെല്ലാം വിഭിന്നമായിരിക്കവെ, അവയിൽ ഏതെങ്കിലും ഒരു വർണത്തിന് സ്വധർമത്തിൽനിന്ന്, സ്വധർമമായി നിശ്ചയിക്കപ്പെട്ട കാര്യങ്ങളിൽനിന്ന് വ്യതിചലിക്കുക സാധ്യമല്ല. അത്തരം വ്യതിചലനത്തെ ധർമനിരാകരണമായി ഗീത ചിത്രീകരിക്കുന്നു. സ്വവർണത്തിന്റെ ധർമങ്ങളെക്കുറിച്ച് ഗുണ-ദോഷ, നന്മ-തിന്മാധിഷ്ഠിതമായ ആലോചനകൾക്ക് ഒരു വർണവും അനുവാദം നൽകുന്നില്ല. അത്തരം പുനരാലോചനകൾ മഹാപാതകമായി ഗീത കാണുന്നു:



**വർണധർമം ഈശ്വരനിശ്ചയവും അലംഘനീയമായ വ്യവസ്ഥയും ആണെന്നും ഈശ്വരൻ ഏർപെടുത്തിയ ആ വ്യവസ്ഥ പാലിക്കേണ്ടത് മനുഷ്യന്റെ ധർമമാണെന്നും ആ സ്വതസിദ്ധ ധർമത്തെ നിരാകരിക്കാവതല്ല എന്നും സിദ്ധാന്തിച്ചുകൊണ്ട് ഗീത വർണധർമത്തിന് സ്ഥിരീകരണം നൽകി.**

"സ്വധർമം ഗുണഹീനമായിരുന്നാലും ശരിയായി ആചരിച്ച് വരുന്ന പരധർമത്തെക്കാൾ ശ്രേയസ്കരമാണ്. സ്വധർമം അനുഷ്ഠിക്കുന്നതുകൊണ്ട് മരണം നേരിട്ടാൽകൂടിയും നല്ലതുതന്നെ; പരധർമമാവട്ടെ ഭയങ്കരമായിട്ടുള്ളതാണ്" (ഭഗവത്ഗീത: കർമയോഗം: ശ്ലോകം: 35).

വർണ ക്രമീകരണത്തിന്റെ അടിസ്ഥാന ലക്ഷ്യമായ ധർമങ്ങളുടെ വിഭജനത്തിന് താത്വികമായ നീതീകരണം നൽകുകയാണ് ഗീത ചെയ്യുന്നത്. അർജുന വിഷാദയോഗം 38, 39 ശ്ലോകങ്ങളുടെ അർഥം കാണുക:

"കൈയടക്കിയ മുതൽ അവകാശപ്പെട്ടവർക്കു വിട്ടുകൊടുക്കാൻ കഴിയാത്തവണ്ണം ലോഭംകൊണ്ട് ഇരുണ്ട മനസ്സോടു കൂടിയ ഈ ദുര്യോധനാതികൾ കുലക്ഷയംകൊണ്ടുണ്ടാകുന്ന ദോഷത്തെയും മിത്രങ്ങളെ ദ്രോഹിക്കുന്നതുകൊണ്ടുണ്ടാകുന്ന പാതകത്തെയും കാണുന്നില്ലെങ്കിലും കുലക്ഷയം കൊണ്ടുണ്ടാകുന്ന ദോഷം വ്യക്തമായി കാണുന്ന നമ്മളാൽ ഈ പാപത്തിൽനിന്നു പിൻവാങ്ങുന്നത് അറിയാതിരിക്കുന്നതെങ്ങനെ?"

ഇതിനെ വ്യാഖ്യാനിച്ചുകൊണ്ട് പ്രൊഫ. ജി. ബാലകൃഷ്ണൻ നായർ എഴുതുന്നു: "...സൂക്ഷ്മചിന്തയിൽ അർജുനന്റെ ധർമബുദ്ധിതന്നെ സ്വന്തം കുലത്തെ ചുറ്റിപ്പറ്റി നിൽക്കുന്നതേയുള്ളൂ എന്നു കാണേണ്ടതാണ്. ഈ അതിർവരമ്പു കൂടി ഭേദിച്ചാൽ അർജുനന്റെ ധർമബുദ്ധി സത്യം കാണാൻ കരുത്തുള്ളതായി ത്തീരും..."(ശ്രീമദ് ഭഗവദ്ഗീത ശിവാരവിന്ദം മഹാഭാഷ്യം, പേജ് 37).

നിത്യചൈതന്യ യതി എഴുതുന്നു: "ഇവിടെ അർജുനന്റെ വാക്ക് വളരെ വിവേകമുള്ള ഒരു ജ്ഞാനിയുടേതു പോലെ തോന്നുന്നുണ്ടെങ്കിലും ഗോത്ര ചിന്തയാണ് അതിന്റെ ഹൃദയസ്ഥാനത്തിരിക്കുന്നതെന്നു 'കുലക്ഷയകൃതം ദോഷം' എന്നിങ്ങനെ പരിദേവനം ചെയ്യുന്നതിൽ നിന്നും വ്യക്തമാണ്. അധ്യാത്മത്തിനു വളരെ വിരോധിയായ ഒരു ഭാവമാണ് ഒരാളിൽ മമതാദി അഭിമാനത്താൽ രൂഢമൂലമായിരിക്കുന്ന ഗോത്രചിന്ത" (ഭഗവദ്ഗീതാസ്വാദ്ധ്യായം).

"കുലക്ഷയത്താൽ സനാതനമായ കുലധർമം നശിക്കുന്നു. ധർമം നശിക്കുമ്പോൾ കുലത്തെ മുഴുവൻ അധർമം ബാധിക്കുന്നു" (ഭഗവത്ഗീത, അർജുന വിഷാദയോഗം. 40-ാം ശ്ലോകം).

"അധർമം ആക്രമിച്ചാൽ കുലസ്ത്രീകൾ ദുർവൃത്തകളാകും. സ്ത്രീകൾ ദുഷിച്ചാൽ ജാതിക്കലർപ്പുണ്ടാകും" (അർജുന വിഷാദയോഗം, ശ്ലോകം: 41).

"കുലം നശിപ്പിക്കുന്നവർക്കും കുലത്തിനും ജാതിക്കലർപ്പ് അകഹേതുവായിത്തീരും. ഇവരുടെ പിതൃക്കൾ പിണ്ഡക്രിയയും ഊകക്രിയയുമില്ലാതെ നരകത്തിൽ വീഴുന്നു" (അർജുന വിഷാദയോഗം, ശ്ലോകം 42).

"ജാതിക്കലർപ്പുണ്ടാക്കുന്ന കുലഘ്നന്മാരുടെ ഈ പാപങ്ങളാൽ ശാശ്വതമായ ജാതിധർമങ്ങളും കുലധർമങ്ങളും നശിച്ചുപോകുന്നു" (അർജുന വിഷാദയോഗം, ശ്ലോകം 43)

ഉത്സന്നകുലധർമാണാം മനുഷ്യാണാം ജനാർദന!
നരകേ നിയതം വാസോ ഭവതീത്യനുശുശ്രുമ

"അല്ലയോ കൃഷ്ണാ! കുലധർമങ്ങൾ നശിച്ച മനുഷ്യർക്ക് എപ്പോഴും നരകത്തിൽതന്നെയാണു പാർപ്പെന്ന് ഞങ്ങൾ കേട്ടിട്ടുണ്ട്" (അർജുന വിഷാദയോഗം, ശ്ലോകം 44).

അർജുനവിഷാദയോഗം ഒന്നാമധ്യായം 38 മുതൽ 44 വരെയുള്ള ശ്ലോകങ്ങളിൽ യുദ്ധം കുലനാശത്തിലും വർണസങ്കരത്തിലും പര്യവസാനിക്കുമെന്നാണ് അർജുനൻ ഉൽക്കണ്ഠപ്പെടുന്നത്. രണവീരന്മാരുടെ അകാലചരമം മൂലം അനാഥകളാകുന്ന സ്ത്രീജനങ്ങൾക്ക് ധർമവ്യവസ്ഥ മുറുകെപ്പിടിക്കുക അസാധ്യമായിരിക്കുമെന്നും വർണവ്യവസ്ഥക്ക് വിപരീതമായ ബന്ധങ്ങളിലേർപ്പെടാൻ പരിതസ്ഥിതികളുടെ സമ്മർദംമൂലം നിർബന്ധിതരായിത്തീരുന്ന അവർ വർണസങ്കരത്തിനിടവരുത്തുമെന്നുമാണ് അർജുനന്റെ വ്യസനം. സങ്കരജാതി ഉണ്ടാകുമ്പോൾ ജാതിധർമങ്ങൾ വിസ്മരിക്കപ്പെടുകയും ചാതുർവർണ്യ സാമൂഹിക വ്യവസ്ഥ നിലംപരിശാകുകയും ചെയ്യുമല്ലോ!

**നിത്യചൈതന്യ യതി എഴുതുന്നു: "ഇവിടെ അർജുനന്റെ വാക്ക് വളരെ വിവേകമുള്ള ഒരു ജ്ഞാനിയുടേതു പോലെ തോന്നുന്നുണ്ടെങ്കിലും ഗോത്ര ചിന്തയാണ് അതിന്റെ ഹൃദയസ്ഥാനത്തിരിക്കുന്നതെന്നു 'കുലക്ഷയകൃതം ദോഷം' എന്നിങ്ങനെ പരിദേവനം ചെയ്യുന്നതിൽ നിന്നും വ്യക്തമാണ്. അധ്യാത്മത്തിനു വളരെ വിരോധിയായ ഒരു ഭാവമാണ് ഒരാളിൽ മമതാദി അഭിമാനത്താൽ രൂഢമൂലമായിരിക്കുന്ന ഗോത്രചിന്ത" (ഭഗവദ്ഗീതാസ്വാദ്ധ്യായം).**



കുരുക്ഷേത്രയുദ്ധം നടന്ന ദ്വാപരയുഗത്തിൽ പോലും അവതാരപുരുഷനായ ശ്രീകൃഷ്ണൻെറ സാന്നിധ്യമുണ്ടായിരുന്നിട്ടുകൂടി, വർണം ജനനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം നിർണയിക്കപ്പെടുകയായിരുന്നെന്നും വ്യക്തിഗുണങ്ങളല്ല വർണനിർണയം നടത്തിയിരുന്നതെന്നും അർജുനവിഷാദം വ്യക്തമാക്കുന്നു. വ്യക്തികളുടെ സ്വഭാവമഹിമയും പ്രവൃത്തി വാസനയുമായിരുന്നു വർണനിർണയത്തിനടിസ്ഥാനമായിരുന്നതെങ്കിൽ വർണസങ്കരം ഒരു മഹാവിപത്തായി അർജുനൻ കരുതുമായിരുന്നില്ല. സങ്കരവർണത്തിൽ പിറന്നവരുടെ വാസനാഗുണങ്ങൾ നോക്കി ചതുർവർണങ്ങളിൽ അനുയോജ്യമായവയിൽ ചേർത്താൽ മതിയല്ലോ! ഗുണകർമങ്ങളുടെ അടിസ്ഥാനത്തിൽ വർണവിഭജനം ഒരിക്കലും നടന്നിട്ടില്ലെന്നു വേണം മറിച്ചുള്ള പ്രമാണങ്ങളുടെ അഭാവത്തിൽ അനുമാനിക്കാൻ. സ്ത്രീകൾ, വൈശ്യർ, ശൂദ്രർ എന്നിവർ പാപയോനികളാണെന്നു 'ഭഗവാൻ' തന്നെ പറയുന്നുണ്ടല്ലോ! (ഭഗവദ്ഗീത 9: 32).

അർജുനന്റെ വിഷാദകാരണങ്ങൾ ഓരോന്നോരോന്ന് പരിശോധിച്ച് ശ്രീകൃഷ്ണൻ പ്രതിവിധിവിചാരം നടത്തുന്നുണ്ടെങ്കിലും വർണസങ്കരവും തജ്ജന്യമായ വർണധർമ വിനാശവും അർജുനനിൽ ഉളവാക്കുന്ന ആശങ്കകൾക്ക് അറുതിവരുത്തുന്നതായി കാണുന്നില്ല. ജനനവും കുലവും അടിസ്ഥാനമാക്കിയുള്ള വർണനിർണയം തെറ്റാണെന്ന് ശ്രീകൃഷ്ണൻ പറയുന്നില്ല. മാത്രമല്ല അതിൻെറ സ്രഷ്ടാവ് താനാണെന്നു പറയുകയും ചെയ്യുന്നു.

മുൻഗാമികൾ പണ്ടുപണ്ടേ ചെയ്ത പോലെ (പൂർവൈഃ പൂർവതരം കൃതം (3: 15) വിധിക്കപ്പെട്ട കർമം (നിയതം കുരു കർമത്വം 3:8) ചെയ്യാനാണ് അർജുനനെ ഉപദേശിക്കുന്നത്. ധർമയുദ്ധത്തെക്കാൾ ശ്രേയസ്കരമായ മറ്റൊരു കർമം ക്ഷത്രിയനില്ല (2:31). ജനനാൽ ക്ഷത്രിയനായ അർജുനൻെറ സ്വധർമം യുദ്ധമാണെന്ന് കൂടെക്കൂടെ ഓർമിപ്പിക്കുന്നുമുണ്ട്. ജനനാലും കുലധർമത്താലും വിധിക്കപ്പെട്ട ക്ഷത്രിയകർമം നിർഭയം അനുഷ്ഠിക്കുവാനുള്ള നിർബന്ധപൂർവമായ പ്രേരണയാണ് ശ്രീകൃഷ്ണൻ അർജുനന് നൽകുന്നത്. വർണധർമ നീതിശാസ്ത്രമാണ് 'ഭഗവാന്റെ' വാക്കുകളിലൂടെ പുറത്തുവരുന്നതെന്നു വ്യക്തം. ഇതു കൂടി പറയുമ്പോൾ സംശയമെല്ലാം നീങ്ങുന്നു:

"സഹജം കർമ കൗന്തേയ! സദോഷമപി ന ത്യജേത്" (അർജുനാ! ജന്മനാ ഉള്ള കർത്തവ്യകർമം (സ്വധർമം) ദോഷമുള്ളതാണെങ്കിലും ഉപേക്ഷിക്കരുത്-18:48). വിവിധ വർണങ്ങൾക്കുള്ള കർത്തവ്യകർമങ്ങൾ 18ാം അധ്യായമായ മോക്ഷസന്ന്യാസയോഗം 42 മുതൽ 44 വരെയുള്ള ശ്ലോകങ്ങൾ വിവരിക്കുന്നുണ്ട്:

**എന്തുകൊണ്ടാണ് നമ്മുടെ രാജ്യത്ത് അവർണർക്കെതിരിൽ നിരന്തരം അക്രമങ്ങൾ നടക്കുന്നത്? ലക്ഷ്മി നായർ എന്ന വിദ്യാസമ്പന്നയും ഒരു സ്ഥാപന മേധാവിയുമായ സ്ത്രീ പോലും ദലിതരായ വിദ്യാർഥികളെ ജാതിപ്പേരു വിളിച്ചും മറ്റും അപമാനിച്ചതിന്റെ പിന്നിലെ പ്രചോദനമെന്താണ്? ഈ വിവേചനത്തിന് ത്വാത്വികമായ വല്ല അടിത്തറയുമുണ്ടോ?**

ശമോ ദമസ്തപഃ ശൗചം
ക്ഷാന്തിരാർജവമേവ ച
ജ്ഞാനം വിജ്ഞാനമാസ്തിക്യം
ബ്രഹ്മകർമ സ്വഭാവജം

"ശമം (ശാന്തി), ദമം (ഇന്ദ്രിയനിഗ്രഹം), തപഃ (ഏകാഗ്രത - തപസ്സ്), ശൗചം (ദേഹത്തിൻെറയും മനസ്സിൻെറയും ശുദ്ധി), ആർജവം (കളവും വളവുമില്ലായ്ക), വിജ്ഞാനം (ആധ്യാത്മിക ഈശ്വരവിഷയകമായ ജ്ഞാനം), വിജ്ഞാനം (ഭൗതിക- ലൗകികവിഷയകമായ അറിവ്), ആസ്തിക്യം (ഈശ്വരവിശ്വാസം) എന്നിവ സ്വാഭാവികമായ ബ്രാഹ്മണ കർമമാകുന്നു" (18: 42).

ശൗര്യം തേജോ ധൃതിർദാക്ഷ്യം
യുദ്ധേ ചാപ്യപലായനം
ദാനമീശ്വരഭാവശ്ച
ക്ഷാത്രം കർമ സ്വഭാവജം

"ശൗര്യം, തേജസ്സ്, ധൈര്യം, സാമർഥ്യം, യുദ്ധത്തിൽ പിന്തിരിഞ്ഞോടാതിരിക്കുക, ദാനം, പ്രഭുത്വം എന്നിവ സ്വാഭാവികമായ ക്ഷത്രിയകർമങ്ങളാകുന്നു" (18: 43).

കൃഷിഗൗരക്ഷ്യവാണിജ്യം
വൈശ്യകർമ സ്വഭാവജം
പരിചര്യാത്മകം കർമ
ശൂദ്രസ്യാപി സ്വഭാവജം

"കൃഷി, പശുരക്ഷ, കച്ചവടം എന്നിവ വൈശ്യൻെറ സ്വാഭാവികകർമങ്ങളാണ്. പരശുശ്രൂഷ ശൂദ്രന്റെ സ്വഭാവസിദ്ധമായ കർമമാകുന്നു" (18: 44).

തപസ്സ് പോലുള്ള ഈശ്വരാരാധനകൾ ബ്രാഹ്മണന്റെ കുത്തകയാണെന്നും താണ വർണക്കാർക്ക് അതിനുള്ള അവകാശങ്ങൾ ഇല്ലെന്നും വ്യക്തം. അതുകൊണ്ടാണല്ലോ കാട്ടിൽ പോയി തപസ്സു ചെയ്തതിൻെറ പേരിൽ ശംബൂകൻ എന്ന ശൂദ്രസന്ന്യാസിയുടെ തല സാക്ഷാൽ ശ്രീരാമൻ കൊയ്തെടുത്തത്!

**അടുത്ത ലക്കത്തിൽ:**
**മനുസ്മൃതിയും ജാതി-വർണ വ്യവസ്ഥിതിയും**

അർഷദ് താനൂർ
arshadtnr@gmail.com

ചരിത്രപഥം



**വിജ്ഞാനത്തിന്റെ നിറകുടമായിരുന്നു സ്വഹാബിവര്യനായ ഇബ്നു അബ്ബാസ്ؓ. നബിﷺയുടെ പിതൃവ്യപുത്രൻ കൂടിയായ അദ്ദേഹം വിജ്ഞാനത്തിന് നൽകിയ പ്രാധാന്യം നമ്മെ അതിശയിപ്പിക്കും. അദ്ദേഹത്തിന്റെ ചരിത്രത്തിലേക്ക് ഒരു എത്തിനോട്ടം.**

# അറിവിനെ ജീവിതത്തിലൂടെ കാണിച്ചുകൊടുത്ത ഇബ്നു അബ്ബാസ്ؓ

"ജനങ്ങളിൽ ഏറ്റവും സൗന്ദര്യമുള്ള വ്യക്തിയാണദ്ദേഹം എന്ന് അദ്ദേഹത്തെ കണ്ടപ്പോൾ ഞാൻ മനസ്സിലാക്കി. ഏറ്റവും നല്ല സംസാരത്തിനുടമയാണ് അദ്ദേഹമെന്ന് അദ്ദേഹത്തിന്റെ സംസാരം എന്നെ ബോധ്യപ്പെടുത്തി. ഏറ്റവും വിജ്ഞാനമുള്ള വ്യക്തിയണ് അദ്ദേഹമെന്ന് എന്നോട് സംസാരിച്ചപ്പോൾ ഞാൻ തിരിച്ചറിഞ്ഞു"- മുതിർന്ന താബിഈ പണ്ഡിതനായ മസ്റൂഖ് ബ്നു അജ്ദഅ് ഇബ്നു അബ്ബാസ്ؓവിനെ പറ്റി പറഞ്ഞ വരികളാണിത്.

ഇബ്നു അബ്ബാസ്ؓവിന്റെ ജനനം ഹിജ്റയുടെ 3 വർഷം മുമ്പാണ്. പ്രവാചകൻﷺ വഫാതാകുമ്പോൾ കേവലം 13 വയസ്സ് മാത്രം പ്രായമുള്ള ബാലൻ. എന്നാൽ ചുരുങ്ങിയ കാലം കൊണ്ട് മുസ്ലിം ലോകത്തിന്റെ പ്രകാശ ഗോപുരമായി മാറി അദ്ദേഹം.

അല്ലാഹു പറയുന്നു: "താൻ ഉദ്ദേശിക്കുന്നവർക്ക് അല്ലാഹു (യഥാർഥ) ജ്ഞാനം നൽകുന്നു. ഏതൊരുവന്ന് (യഥാർഥ) ജ്ഞാനം നൽകപ്പെടുന്നുവോ അവന്ന് (അതുവഴി) അത്യധികമായ നേട്ടമാണ് നൽകപ്പെടുന്നത്" (2/269).

എല്ലാ വിജ്ഞാനവും ഒത്തുചേർന്ന അത്ഭുതമായിരുന്നു ഇബ്നുഅബ്ബാസ്ؓ. പ്രഭാതത്തിൽ തന്നെ അദ്ദേഹത്തിന്റെ വീടിനു മുന്നിൽ ജന

ങ്ങൾ തിങ്ങിക്കൂടും. വുദൂഅ് ചെയ്ത് അദ്ദേഹം അവരിലേക്കെത്തും. ആദ്യം ക്വുർആൻ പഠിക്കാൻ വന്നവരുടെ ഊഴമാണ്. അവരെ അദ്ദേഹം വിളിക്കും. പഠിതാക്കളെ കൊണ്ട് അദ്ദേഹത്തിന്റെ വീട് നിറയും. പിന്നീട് ക്വുർആനിന്റെ വ്യാഖ്യാനത്തിലുള്ള പഠനം. അത് കഴിഞ്ഞാൽ കർമ ശാസ്ത്രം. പിന്നീട് അനന്തരാവകാശം. പിന്നീട് അറബിഭാഷാ പഠനം. ഭാഷയിലെ അപരിചിതമായ പ്രയോഗങ്ങളെ കുറിച്ചും കവിതകളെ കുറിച്ചുമെല്ലാം അതിൽ ചർച്ച ചെയ്യും. സന്ധ്യവരെ അദ്ദേഹത്തിന്റെ അധ്യാപനം നീണ്ടു നിൽക്കും. പഠിതാക്കൾ മാറിക്കൊണ്ടിരിക്കും. എന്നാൽ എല്ലാവർക്കും അറിവ് പകർന്നു നൽകുന്നത് പ്രവാചകൻﷺ 'മതത്തിൽ അവഗാഹം നൽകണേ' എന്ന് തലയിൽ കൈവെച്ചു കൊണ്ട് പ്രാർഥിച്ച ഇബ്നു അബ്ബാസ്ؓ തന്നെയായിരിക്കും.

**വിനയം അലങ്കാരമാണ്**

അറിവ് വർധിക്കുന്നതിനനുസരിച്ച് വിനയമുള്ളവരായിത്തീരാൻ വിശ്വാസിക്ക് സാധിക്കണം. അറിവ് നേടുന്നത് അറിവില്ലാത്തവരോട് തർക്കിക്കാനും പണ്ഡിതന്മാരോട് മത്സരിക്കാനുമാകരുത്.

എന്നും വിനയാന്വിതനായ വിദ്യാർഥിയായിരുന്നു ഇബ്നുഅബ്ബാസ്ؓ. പ്രവാചകന്റെ കീഴിൽ വളർന്ന അദ്ദേഹത്തിൽ ഒരു വിദ്യാർഥിക്ക് വേണ്ട എല്ലാ ഗുണങ്ങളും സമ്മേളിച്ചിരുന്നു. ഒരിക്കൽ ഇബ്നു അബ്ബാസ് ؓ ഒരു ഹദീഥ് കേട്ടു. ഒട്ടും താമസിച്ചില്ല അദ്ദേഹം ഹദീഥ് ഉദ്ധരിച്ച സൈദ് ഇബ്നു സാബിത്ത്ؓവിന്റെവീട്ടിലേക്ക് യാത്ര തിരിച്ചു. എന്നാൽ അദ്ദേഹം ഉച്ചയുറക്കത്തിലാണ്. ഇബ്നു അബ്ബാസ്ؓ അദ്ദേഹത്തെ വിളിച്ചുണർത്താതെ പുറത്തേക്കിറങ്ങി.

സൂര്യൻ ആകാശത്ത് ജ്വലിച്ച് നിൽക്കുകയാണ്. വീടിനു പുറത്ത് ശക്തമായ ചൂടുകാറ്റ് അടിച്ചു വീശുന്നു. സൈദ്ؓവിനെ വിളിച്ചാൽ സന്തോഷത്തോടുകൂടി പ്രവാചകന്റെ പിതൃവ്യപുത്രനെ വീട്ടിലേക്ക് വിളിച്ചിരുത്തുമായിരുന്നു. പക്ഷേ, വിനയാന്വിതനായ സൈദ്ؓന്റെ തീരുമാനം ചുട്ടു പൊള്ളുന്ന മരുഭൂമിയിൽ തന്റെ വസ്ത്രം വിരിച്ച് കൈ തലയിണയാക്കി അദ്ദേഹം എഴുന്നേൽക്കുന്നത് വരെ വിശ്രമിക്കാനായിരുന്നു. ഉറക്കിൽനിന്നുണർന്ന സൈദ്ؓ വീടിന്റെ വാതിൽ തുറന്നപ്പോൾ അത്ഭുതപ്പെട്ടു! പൊടിപുരണ്ട വസ്ത്രങ്ങളുമായി കിടന്നുറങ്ങുന്ന പ്രവാചകന്റെ പിതൃവ്യ പുത്രൻ! അദ്ദേഹം ഇബ്നു അബ്ബാസ്ؓവിനോട് പറഞ്ഞു: "അല്ലാഹുവിന്റെ റസൂലിന്റെ പിതൃവ്യ പുത്രാ! എന്തിന് വേണ്ടിയാണ് താങ്കൾ ഇവിടേക്ക് വന്നത്? ഒരാളെ പറഞ്ഞയച്ചാൽ ഞാൻ താങ്കളുടെ അരികിലേക്ക് വരുമായിരുന്നില്ലേ...!"

ഇബ്നു അബ്ബാസ്ؓ പറഞ്ഞു: "ആവശ്യക്കാരൻ ഞാനാണ്. വിജ്ഞാനം നമ്മെ തേടി വരികയില്ല. നാം വിജ്ഞാനം തേടി പോകണം." പിന്നീട് അദ്ദേഹം ഹദീഥിനെ പറ്റി അദ്ദേഹത്തോട് ചോദിച്ചു മനസ്സിലാക്കി.

**പണ്ഡിതന്മാർ ആദരിക്കപ്പെടേണ്ടവർ**

വിജ്ഞാനം പ്രവാചകന്മാരുടെ അനന്തര സ്വത്താണ്. അത് കരസ്ഥമാക്കിയവന് ഉന്നതമായ ഓഹരിയാണ് ലഭിച്ചിരിക്കുന്നത്. അതുകൊണ്ട് തന്നെ അറിവുള്ളവരെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യണം.

പ്രവാചകൻﷺയുടെ വഹ്‌യ് എഴുത്തുകാരനാണ് സൈദ് ഇബ്നു സാബിത്ത്ؓ. മദീനക്കാരുടെ നേതാവു കൂടിയായ അദ്ദേഹം കർമശാസ്ത്രത്തിലും ക്വുർആനിന്റെ പാരായണ നിയമങ്ങളിലും അനന്തരാവകാശ നിയമങ്ങളിലും അവഗാഹം നേടിയ പണ്ഡിതനായിരുന്നു. ഒരിക്കൽ അദ്ദേഹം തന്റെ ഒട്ടകപ്പുറത്ത് കയറി യാത്രക്കൊരുങ്ങിയപ്പോൾ തന്റെ ഒട്ടകത്തിന്റെ കയറും പിടിച്ച് ഒരു അടിമയെ പോലെ നടക്കുന്ന ഇബ്നു അബ്ബാസ്ؓ വിനെ കണ്ട് അത്ഭുതപ്പെട്ടു. അദ്ദേഹം ഇബ്നു അബ്ബാസ്ؓവിനോടായി പറഞ്ഞു: "അല്ലയോ പ്രവാചകന്റെ പിതൃവ്യ പുത്രാ! നിങ്ങൾ എന്താണീ ചെയ്യുന്നത്? താങ്കൾ ആ കയർ ഉപേക്ഷിക്കൂ." ഇബ്നു അബ്ബാസ്ؓ മന്ദഹാസത്തോടെ മറുപടി പറഞ്ഞു: "പണ്ഡിതന്മാരോട് ഇങ്ങനെ പെരുമാറാനാണ് ഞങ്ങളോട് കൽപിക്കപ്പെട്ടിരിക്കുന്നത്."

**വിജ്ഞാനം വാക്കുകളിൽ ഒതുങ്ങുകയില്ല**


വിജ്ഞാനം ജീവിതത്തിലൂടെ കാണിച്ചുകൊടുത്തു ഇബ്നു അബ്ബാസ്ؓ. നന്മ കൽപിക്കുന്നതിലുള്ള അതേ ആവേശം അത് ജീവിതത്തിലേക്ക് കൊണ്ടുവരുന്നതിലും അദ്ദേഹത്തിനുണ്ടായിരുന്നു. തിന്മകൾ തന്റെ ജീവിതത്തിൽ സംഭവിക്കാതിരിക്കാൻ അദ്ദേഹം അതീവ ജാഗ്രത പുലർത്തി.

പകലിനെ വ്രതാനുഷ്ഠാനം കൊണ്ട് അദ്ദേഹം ധന്യമാക്കി. നിശയുടെ നിശ്ശബ്ദതയിൽ പ്രപഞ്ചനാഥനു മുമ്പിൽ സാഷ്ടാംഗം നമിക്കാൻ അദ്ദേഹം സമയം കണ്ടെത്തി. അബ്ദുല്ലാഹിബ്നു മുലൈകؓ പറഞ്ഞു: "ഒരിക്കൽ ഇബ്നു അബ്ബാസ്ؓവിന്റെ കൂടെ ഞാൻ മക്കയിൽ നിന്ന് മദീനയിലേക്ക് യാത്ര തിരിച്ചു. യാത്രാ മധ്യെ രാത്രി ഒരിടത്ത് ഞങ്ങൾ തമ്പടിച്ചു. യാത്രാക്ഷീണം കാരണം പെട്ടെന്ന് ഉറക്കത്തിലായി. രാത്രി പകുതി പിന്നിട്ടപ്പോൾ ഞാൻ ഉണർന്നു. അപ്പോഴതാ ഇബ്നു അബ്ബാസ്ؓ സൂറത്തുൽ ക്വാഫ് പാരായണം ചെയ്തുകൊണ്ടിരിക്കുന്നു."

"മരണവെപ്രാളം യാഥാർഥ്യവും കൊണ്ട് വരുന്നതാണ്. എന്തൊന്നിൽ നിന്ന് നീ ഒഴിഞ്ഞു മാറിക്കൊണ്ടിരിക്കുന്നുവോ അതത്രെ ഇത്"(സൂറത്തുൽ ക്വാഫ്: 19) എന്ന വചനമെത്തിയപ്പോൾ അദ്ദേഹം കരയാൻ തുടങ്ങി. പ്രഭാതം വരെ ആ വചനം അദ്ദേഹം ആവർത്തിച്ചുകൊണ്ടിരുന്നു.

തന്റെ 71-ാം വയസ്സിൽ അദ്ദേഹം ലോകത്തുനിന്ന് വിട പറഞ്ഞു. അലിؓവിന്റെ മകൻ മുഹമ്മദുൽ ഹനഫിയ്യ മയ്യിത്ത് നമസ്കാരത്തിന് നേതൃത്വം നൽകി. ●

ലേഖനം



# സത്യാന്വേഷണം കുറ്റകൃത്യമല്ല

ഡോ.മീന
mail@nerpatham.com

റോട്ടി, കപട, മകാൻ (ഭക്ഷണം, വസ്ത്രം, പാർപ്പിടം) എന്ന് പറയുന്നത് മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളാണ്. ജീവൻ നിലനിർത്താൻ അത്യാവശ്യമായുള്ളവയാണ് വെള്ളവും ഭക്ഷണവും വായുവും എങ്കിൽ ജീവിതത്തിന്റെ തന്നെ അർഥവും പ്രസക്തിയും അറിയാനുള്ള മൗലികമായ ഒന്നാണ് ഞാൻ എന്തിനുവേണ്ടി ജീവിക്കുന്നു എന്ന് ചോദിക്കാനുള്ള അവകാശം. ഈ ചോദ്യത്തിന്റെ ഉത്തരം അന്വേഷിക്കുന്നവർ കുറേയൊന്നും സമൂഹത്തിൽ ഉണ്ടാകണമെന്നില്ല. എങ്കിലും ഈ ചോദ്യം എപ്പോഴെങ്കിലും ആരോടെങ്കിലും ചോദിക്കാത്തവർ, അല്ലെങ്കിൽ സ്വന്തത്തോടെങ്കിലും ചോദിക്കാത്തവർ വളരെ വിരളമായിരിക്കും.

ഈ ചോദ്യം ഉള്ളിൽ മുളപൊട്ടിയ ഒരാൾക്ക് അതിന്റെ ഉത്തരം കണ്ടെത്തുക അത്യന്താപേക്ഷിതമാണ് താനും. ഈ ഒരു അന്വേഷണത്തിന് ഇറങ്ങിപ്പുറപ്പെടുന്നവർക്ക് ഇതിന്റെ ഉത്തരം എന്താണെന്നും എവിടെ അത് കണ്ടെത്തുമെന്നും ആദ്യമേ അറിയില്ല. കുറെ വായിക്കുമ്പോൾ, കുറെ ആളുകളോട് സംസാരിക്കുമ്പോൾ ഒരു ദിശ കിട്ടിത്തുടങ്ങും. ഈ അന്വേഷണം അവസാനം എത്തിച്ചേരുന്നത് ദൈവത്തെക്കുറിച്ചും പ്രപഞ്ചത്തിലുള്ള അവന്റെ ഇടപെടലുകളെ കുറിച്ചുമെല്ലാമുള്ള പഠനത്തിലാണ്. ജീവിത ലക്ഷ്യത്തെ കുറിച്ചുള്ള ഈ അന്വേഷണത്തിൽ ഒരുവൻ മതങ്ങളെ അറിയാൻ ശ്രമിച്ചുവെങ്കിൽ, അവൻ മതതാരതമ്യ പഠനം നടത്തി എങ്കിൽ, അങ്ങനെ അവന് ബോധ്യമായ ഒരു മതം സ്വീകരിച്ചുവെങ്കിൽ അതിൽ എന്ത് തെറ്റാണുള്ളത്?

ഇന്ന് ഇത്തരത്തിൽ ആത്മീയതയുടെ വഴിയിൽ നീങ്ങാൻ ആഗ്രഹിക്കുന്ന ഒരു സത്യാന്വേഷിയെ കുറ്റക്കാരനായിട്ടാണ് നമ്മുടെ സമൂഹത്തിൽ പലരും കാണുന്നത്. അങ്ങനെയുള്ള അന്വേഷണങ്ങൾക്കൊടുവിൽ തന്റെ മനസ്സിന്റെ ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയം സമാധാനമേകുകയും ചെയ്യുന്ന ഒരു മതം ആശ്ലേഷിക്കുന്നതിനെ നിയമവ്യ

വസ്ഥയും ഭരണകൂടവും പൊതുസമൂഹവും മീഡിയകളുമെല്ലാം മഹാപാതകമായി കാണുവാൻ ശ്രമിക്കുന്നുണ്ടോ എന്ന സംശയത്തിന് ബലം നൽകുന്ന പല സംഭവങ്ങളും നമ്മുടെ നാട്ടിൽ അരങ്ങേറിക്കൊണ്ടിരിക്കുന്നുണ്ട് എന്ന വസ്തുത നാം വിസ്മരിച്ചുകൂടാ.

പറഞ്ഞുവരുന്നത് ഇസ്‌ലാമിനെക്കുറിച്ചാണ്. ഇസ്‌ലാമിനെക്കുറിച്ച തെറ്റിദ്ധാരണകളാണ് എല്ലാ കുഴപ്പങ്ങളുടെയും പിന്നിലുള്ളത്. മതം ദൈവദത്തമാണ്. അവന്റെ മാർഗദർശനമാണ്. അത് സത്യത്തിലേക്കും നന്മയിലേക്കുമാണ് നമ്മെ ക്ഷണിക്കുന്നത്. നമ്മുടെ നീറുന്ന പ്രശ്നങ്ങൾ സമർപ്പിക്കാൻ നമുക്ക് ദൈവമുണ്ട് എന്ന സത്യമാണത് നമ്മെ പഠിപ്പിക്കുന്നത്. ദൈവമാർഗത്തിലുള്ള നമ്മുടെ കഷ്ടപ്പാടുകൾക്കും ത്യാഗങ്ങൾക്കും മരണശേഷം പ്രതിഫലമുണ്ട് എന്ന സന്തോഷവാർത്തയാണ് അത് നൽകുന്നത്.

ആ സ്രഷ്ടാവ് ഏകനാണ്. ജാതി, മത, വർഗ, വർണ, കുബേര, കുചേല, ദേശ, ഭാഷ വ്യത്യാസമില്ലാതെ എല്ലാ മനുഷ്യരുടെയും എല്ലാ ജീവജാലങ്ങളുടെയും എന്നല്ല അഖിലാണ്ഡ പ്രപഞ്ചത്തിന്റെ സ്രഷ്ടാവ്.അവനെ മാത്രം ആരാധിച്ച് അവന്റെ ദൂതന്റെ കൽപനകൾ പിൻപറ്റി നല്ല മനുഷ്യരായി ജീവിക്കാനാണ് മതം നമ്മെ പഠിപ്പിക്കുന്നത്. എല്ലാ നന്മകളുടെയും വിളനിലമായ നല്ല മനുഷ്യൻ. കുടുംബത്തിലും സമൂഹത്തിലും കഷ്ടപ്പെടുന്നവരുണ്ടെങ്കിൽ അവരെ സഹായിക്കൽ തന്റെ ബാധ്യതയാണെന്ന് മനസ്സിലാക്കിയ മനുഷ്യൻ. ഇതിനെല്ലാം പ്രതിഫലമായി നാളെ മരണാനന്തര ജീവിതത്തിൽ ദൈവത്തിന്റെ സമ്മാനമായി സ്വർഗമുണ്ടെന്ന സന്തോഷവാർത്തയാണ് മതം നൽകുന്നത്.

പിന്നെ എന്തുകൊണ്ടാണ് പലരും ഇസ്‌ലാമിനെ വെറുക്കുന്നത്? ഭയക്കുന്നത്?

തീവ്രവാദം, സ്ത്രീ സ്വാതന്ത്ര്യനിഷേധം തുടങ്ങിയ ചില ആരോപണങ്ങൾ ഇസ്‌ലാമിനെതിരെ ഉന്നയിക്കപ്പെടുന്നു. അത് സ്ഥാപിക്കുവാൻ പല ഭാഗങ്ങളിൽ നിന്നായി നിരന്തര ശ്രമങ്ങൾ നടക്കുന്നു. ലോക മാധ്യമങ്ങൾ അതിനു വേണ്ട എല്ലാ ഒത്താശകളും ചെയ്തു കൊടുക്കുന്നു. ജനമനസ്സുകളിൽ അത് ആഴത്തിൽ പതിയുന്നു. അറബി പേരുകളിൽ ചില തീവ്രവാദ സംഘടനങ്ങൾ ചില മതദ്രോഹികൾ തട്ടിപ്പടക്കുകയും ആക്രമണങ്ങൾ നടത്തുകയും ചെയ്യുമ്പോൾ ആരോപണമെല്ലാം ശരിയാണെന്ന മട്ടിൽ വ്യാഖ്യാനം വരുന്നു. ഇതാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്.

തീവ്രവാദം മതത്തിന് അന്യമാണ്. അത് നിരപരാധികളോടുള്ള കൊടും ക്രൂരതയാണ്. സത്യത്തിൽ അത് പലപ്പോഴും ഉടലെടുക്കുന്നത് അതാത് രാജ്യങ്ങളിലെ സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ പ്രതിസന്ധികളിൽ നിന്നാണ്. അവയോടുള്ള ആ രാജ്യങ്ങളിലെ യുവാക്കളുടെ പ്രതിഷേധവും പ്രതികരണവുമാണ് തീവ്രവാദമായി പുറത്തുവരുന്നത്. ഇതിന് പിന്നീട് മതത്തിന്റെ മുഖംമൂടി അണിയിക്കപ്പെടുന്നു എന്നു മാത്രം.

യഥാർഥത്തിൽ മതം സ്ത്രീ സുരക്ഷയാണ് ആഗ്രഹിക്കുന്നത്; അവളുടെ സ്വാതന്ത്ര്യത്തെ ഹനിക്കലല്ല. അതിനുവേണ്ടിയാണ് അവൾക്ക് വസ്ത്രധാരണ വിഷയത്തിൽ ചില നിർദേശങ്ങൾ നൽകിയത്. പെരുമാറ്റ മര്യാദകൾ പഠിപ്പിച്ചത്. കൂടാതെ സ്ത്രീയോടും പുരുഷനോടും ഒരുപോലെ കണ്ണുകൾ നിയന്ത്രിക്കാൻ ഇസ്‌ലാം നിർദേശിച്ചിട്ടുമുണ്ട്. ഇതൊക്കെ പാലിക്കപ്പെട്ടാൽ നിർഭയ പോലുള്ള സംഭവങ്ങൾ കൂടുകയാണോ കുറയുകയാണോ ചെയ്യുക എന്ന് നാം ചിന്തിക്കുക. സുരക്ഷ നൽകുന്ന ഈ നിയന്ത്രണങ്ങൾ എങ്ങനെയാണ് സ്വാതന്ത്ര്യനിഷേധമായി മാറുന്നത്?

ഇസ്‌ലാം മനുഷ്യരെ പരസ്പരം അകറ്റാനല്ല അടുപ്പിക്കാനാണ് ശ്രമിക്കുന്നത്. പരസ്പര സ്നേഹവും സാഹോദര്യവുമാണ് അത് കൽപിക്കുന്നത്. മതസമൂഹങ്ങൾ തമ്മിൽ അകൽച്ചയുണ്ടാക്കി അധികാരക്കസേരയിലിരിക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു നമ്മുടെ രാജ്യത്ത്. ഇത് തീർത്തും മാനവിക വിരുദ്ധമാണ്.

എല്ലാവിധ അന്ധകാരങ്ങളിൽനിന്നും മനുഷ്യരെ കൈപിടിച്ച് വെളിച്ചത്തിലേക്കു നയിക്കാൻ ദൈവത്താൽ നിയോഗിതരായ എല്ലാപ്രവാചകന്മാരെയും അന്തിമവേദം അഥവാ ഇസ്‌ലാം ഒരുപോലെയാണ് കാണുന്നത്. അവർക്കിടയിൽ വിവേചനം കൽപിച്ചതാണ് മുമ്പ് സമൂഹത്തിൽ വിഭാഗീയത വളരാനുള്ള ഒരു നിമത്തമായി മാറിയത്.

തീവ്രവാദത്തിനും അക്രമത്തിനും അരാജകത്വത്തിനും അവകാശലംഘനങ്ങൾക്കും എല്ലാമുള്ള പരിഹാരം മതത്തിനുള്ളിലുണ്ട്. ദൈവഭയമുള്ളവന് ഇതിന് കഴിയില്ല.

മതം എന്നാൽ ദൈവത്തിന്റെ മാർഗദർശനം. അത് പിൻപറ്റി മനുഷ്യർ നന്നായി ജീവിക്കരുത് എന്ന ലക്ഷ്യം ചില അന്തർദേശീയ ശക്തികൾക്കുണ്ട് എന്ന് വേണം മനസ്സിലാക്കാൻ. മാധ്യമങ്ങളെ നിയന്ത്രിക്കുന്ന പാശ്ചാത്യൻ ശക്തികേന്ദ്രങ്ങൾ ലോകത്താകമാനം ജനങ്ങളിൽ ഇസ്‌ലാം വിരുദ്ധ ചിന്താഗതി വളർത്തുവാനുള്ള അജണ്ട മെനഞ്ഞെടുത്തിട്ടുണ്ട്. തൽഫലമായി ഇന്ന് ഇസ്‌ലാം എന്നു കേൾക്കുന്നതു തന്നെ പലർക്കും ഭയമാണ്. അത്രമാത്രം അവർക്ക് അത് അരോചകമായിത്തീർന്നിരിക്കുന്നു.

ദൈവഭയവും മനുഷ്യസാഹോദര്യവും നിലനിൽക്കുന്ന ഒരവസ്ഥക്കു വേണ്ടി നമുക്ക് ഒത്തുചേർന്ന് പണിയെടുക്കാം. ●

അറബി കഥ

ബാലപഥം

പുനരാഖ്യാനം: തൻവീൽ
mail@nerpatham.com

# അല്ലാഹു കാണും



**വ**ണ്ടുപണ്ട് കുറാ എന്ന ഒരു ഗ്രാമത്തിൽ ഹസൻ എന്ന് പേരുള്ള ഒരു കർഷകൻ ജീവിച്ചിരുന്നു. നാട്ടുകാർക്കും വീട്ടുകാർക്കും വളരെ പ്രിയപ്പെട്ടവനായിരുന്നു ഹസൻ. കാരണം എന്താവശ്യത്തിനും യാതൊരു മടിയും കൂടാതെ ആർക്കും ഹസനെ സമീപിക്കാമായിരുന്നു. കഴിയുന്ന എന്ത് സഹായവും മറ്റുള്ളവർക്ക് ചെയ്തു കൊടുക്കുന്നതിൽ യാതൊരു മടിയുമില്ലാത്തവനായിരുന്നു ഹസൻ. മുഹമ്മദ് നബിﷺ യഥാർഥ മുസ്‌ലിമിന്റെ ലക്ഷണങ്ങൾ പറഞ്ഞു പഠിപ്പിച്ചത് നന്നായി മനസ്സിലാക്കിയത് കൊണ്ടാണ് ഹസൻ അങ്ങനെയുള്ള സ്വഭാവക്കാരനായി മാറിയത്.

ഹസന് മൂന്ന് മക്കളുണ്ടായിരുന്നു. കാസിം, ഫാറൂഖ്, അബ്ദുല്ല. കാസിമായിരുന്നു അവരിൽ മൂത്തവൻ. ഫാറൂഖും അബ്ദുല്ലയും ഇരട്ട സഹോദരങ്ങളായിരുന്നു. തന്റെ മക്കൾ വളരെ നല്ലവരായി വളരണമെന്ന് നിർബന്ധമുണ്ടായിരുന്ന ഹസൻ അവർക്ക് എല്ലാ സമയത്തും ക്വുർആനികാധ്യാപനങ്ങളും പ്രവാചകന്മാരുടെയും സ്വഹാബത്തിന്റെയും കഥകളും പറഞ്ഞ് കൊടുക്കാറുണ്ടായിരുന്നു. വളരെ താൽപര്യത്തോടെ അതെല്ലാം കേട്ട് മനസ്സിലാക്കിയിരുന്ന മൂവരും ഗ്രാമത്തിലുള്ള മറ്റു കുട്ടികളെക്കാളെല്ലാം സ്വഭാവശുദ്ധിയിൽ മികച്ചുനിന്നു.

ഒരു ദിവസം ഹസൻ മൂന്ന് മക്കളെയും വിളിച്ചു വരുത്തി മൂവർക്കും ഓരോ മിഠായി വീതം നൽകി . എന്നിട്ട് പറഞ്ഞു: "മക്കളേ, ഈ മിഠായി നിങ്ങൾ മൂന്ന് പേരും ആരും കാണാതെ തിന്നണം. ആരും കാണാതെ ഇത് കഴിക്കുന്നവന് ഉപ്പ ഒരു സമ്മാനം തരും."

മിഠായി കിട്ടിയ ഉടനെ അബ്ദുല്ല പതിയെ വീടിനകത്തേക്കും അവിടെ നിന്ന് ഹാളിലേക്കും കടന്നു. ഓ, അവിടെ ഉമ്മ...! അവൻ മെല്ലെ വാതിലിന്റെ മറവിൽ ഒളിച്ചു. ഉമ്മ അടുക്കളയിലേക്ക് പോയതോടെ അവൻ മെല്ലെ സ്റ്റെയർകെയ്സ് കയറി മുകളിലെത്തി. അവിടെ ഉപ്പയുടെ മേശയുടെ അടിയിലേക്ക് വലിഞ്ഞുകയറി ഇരിപ്പായി. തന്നെ ആരും ശ്രദ്ധിക്കുന്നില്ലെന്നും ഇവിടേക്ക് പോന്നത് ആരും കണ്ടിട്ടില്ലെന്നും ഉറപ്പായ അവന് സന്തോഷം അടക്കാനായില്ല. എന്തായാലും ഇന്ന് ഉപ്പയുടെ മുന്നിൽ ഞാൻ തന്നെ വിജയി. അവനുറപ്പിച്ചു. മെല്ലെ മിഠായിയുടെ കടലാസ് കളഞ്ഞ് അവൻ മിഠായി തിന്നു.

ഫാറൂഖാകട്ടെ മിഠായി കിട്ടിയത് കയ്യിൽപിടിച്ച് നിന്നുവെന്നല്ലാതെ അവിടെ നിന്നും അനങ്ങിയില്ല. കാസിമും ഉപ്പയും സംസാരിച്ചു കൊണ്ട് അകത്തേക്ക് കയറിപ്പോകുന്നതുവരെ അവൻ അവിടെത്തന്നെ നിന്നു. അവർ രണ്ടുപേരും അകത്തേക്ക് കയറി എന്നുറപ്പായപ്പോൾ അവൻ ക്ഷണനേരം കൊണ്ട് അയൽക്കാരനായ അബ്ദുക്ക തങ്ങളുടെ മുറ്റത്ത് നിർത്തിയിട്ടിരുന്ന ഓട്ടോയിലേക്ക് ഓടിക്കയറി, ആരും തന്നെ ശ്രദ്ധിച്ചിട്ടില്ലെന്ന് ഉറപ്പ് വരുത്തി മിഠായി അകത്താക്കി.

എന്നാൽ കാസിം ആ മിഠായി കയ്യിൽ പിടിച്ച് അകത്തും മുറ്റത്തുമൊക്കെ മാറി മാറി നടന്നു. പക്ഷേ, എവിടെയും തന്നെ ആരും കാണുന്നില്ലെന്ന് അവന് ഉറപ്പിക്കാനായില്ല. ഏത് മൂലയിൽ കയറി നിന്നാലും ചുറ്റും ആരെയും കണ്ടില്ലെങ്കിലും അല്ലാഹു കാണുന്നുണ്ടല്ലോ ഇനിയെന്ത് ചെയ്യും എന്നാണ് അവൻ ആലോചിക്കുക. അവന് ഉറപ്പായി; അല്ലാഹു കാണാതെ ഇത് തിന്നുവാൻ ഈ ലോകത്തിന്റെ ഏത് കോണിൽ പോയാലും കഴിയില്ലെന്ന്. ഉപ്പയാണെങ്കിൽ ആരും കാണാതെ കഴിച്ചാലാണ് സമ്മാനം തരിക എന്ന് ഉറപ്പിച്ച് പറഞ്ഞിട്ടുമുണ്ട്. അവൻ ആ മിഠായി തിന്നാതെ കയ്യിൽ തന്നെ പിടിച്ചു.

കുറച്ച് കഴിഞ്ഞ് ഹസൻ മക്കളെ വിളിച്ചു. ചെയ്ത കാര്യങ്ങൾ ചോദിച്ചു. അബ്ദുല്ല വളരെ ആവേശപൂർവം തന്റെ സാഹസികത വിവരിച്ചു. ഉമ്മയെക്കണ്ടപ്പോൾ വാതിലിന്റെ മറവിൽ ഒളിച്ചത് പറഞ്ഞപ്പോൾ ഉമ്മ മൂക്കത്ത് വിരൽവെച്ചു: "ഹൊ... ഭയങ്കരാ..!"

ഫാറൂഖ് താൻ ചെയ്തതും വിവരിച്ചു. കാസിം മിണ്ടാതെ നിൽക്കുകയാണ്. ഉപ്പ കാസിമിനോട് ചോദിച്ചു: "താൻ എന്തു ചെയ്തു കാസിം?"

കാസിം കൈ മലർത്തി കാണിച്ചു. മിഠായി അതാ അ

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com





# സ്കൂൾ വാർഷികാനുഭവങ്ങൾ

**കു**റച്ചുവർഷങ്ങളായി അവരുടെ സ്കൂൾ വാർഷികത്തിന് ക്ഷണിക്കപ്പെടാറുണ്ട്. മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും അവർ സമ്മാനം നൽകാറുമുണ്ട്. സമ്മാനം സ്പോൺസർ ചെയ്യാറുള്ളത് എന്റെ ഒരു കൂട്ടുകാരനാണ്. എന്നാൽ ആ കൂട്ടുകാരൻ ഇതുവരെ സ്കൂൾ വാർഷികത്തിന് എത്തിയിട്ടില്ല! മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ സ്കൂളാണെന്നതിനാൽ  കണ്ടിരിക്കാൻ കഴിയില്ല എന്നതാണ് കാരണം.

ഒരു വാർഷിക ദിനത്തിൽ കണ്ട കാഴ്ചകളിലൊന്ന് ഇപ്പോഴും മനസ്സിൽ നിന്ന് മാഞ്ഞുപോയിട്ടില്ല.

കുറെ കുട്ടികൾ സ്റ്റേജിൽ കളിക്കുകയാണ്. ഒപ്പനക്ക് സമാനമായ ഒരു കലാരൂപം. വ്യത്യസ്ത വസ്ത്രങ്ങൾ അണിഞ്ഞും മെയ്ക്കപ്പ് ചെയ്തുമുള്ള കളിക്കിടയിൽ ഒരു കുട്ടിയുടെ ഉടുമുണ്ട് അഴിഞ്ഞു തുടങ്ങി. കാണികൾക്ക് അത് വളരെ വിഷമമുണ്ടാക്കി. എന്നാൽ അതറിഞ്ഞിട്ടോ അല്ലാതെയോ അവൻ കളി തുടർന്നു. സ്റ്റേജിന്റെ പിൻഭാഗത്തുള്ള ടീച്ചർ മുന്നറിയിപ്പ് കൊടുത്തിട്ടും അവനത് മനസ്സിലായില്ല എന്ന് തോന്നുന്നു. ഒടുക്കം ടീച്ചർ അവന്റെ കളിക്കൊപ്പം കൂടെ നടന്ന് വസ്ത്രം ശരിയാക്കിക്കൊടുത്തു. അവൻ കളി തുർന്നുകൊണ്ടേയിരുന്നു. സാധാരണ ബുദ്ധിയുള്ള ഒരു കുട്ടിയല്ലാത്തതിനാൽ ഉടുമുണ്ടഴിഞ്ഞത് അവനെ സങ്കടപ്പെടുത്തിയില്ല!

തൊട്ടുമുമ്പുള്ള ഒരു വാർഷികത്തിൽ എനിക്കും പ്രസംഗിക്കാനുള്ള അവസരം ലഭിച്ചു.  മുൻസിപ്പൽ കൗൺസിൽ അധ്യക്ഷൻ തന്റെ ഉദ്ഘാടന പ്രസംഗം നടത്തിക്കൊണ്ടിരിക്കെ സദസ്സിലെ വിദ്യാർഥികളിലൊരാൾ നിലത്ത് കിടന്നുരുണ്ട് നിർത്താതെ അലറിക്കരയുന്നു. കുട്ടിയാവട്ടെ സ്റ്റേജ് പരിപാടിക്കായി മെയ്ക്കപ്പ് ചെയ്ത് വർണ വസ്ത്രങ്ങൾ അണിഞ്ഞിരിക്കുകയാണ്. കൂട്ടുകാരും രക്ഷിതാക്കളും ഇടപെട്ടെങ്കിലും കുട്ടി കിടന്നിടത്ത് നിന്നെണീക്കാനോ കരച്ചിൽ നിർത്താനോ തയ്യാറായില്ല. അധ്യാപികമാർ എന്ത് ചെയ്യണമെന്നറിയാതെ അന്തംവിട്ടു നിൽക്കുന്നു; പരിപാടി അലങ്കോലപ്പെടുമോയെന്ന സംശയത്തിൽ.

ഒടുവിൽ ഉദ്ഘാടകൻ പ്രസംഗം നിർത്തി. വേദിയിൽ നിന്ന് ഹെഡ്ടീച്ചർ അവന്റെ അടുക്കലേക്ക് ഇറങ്ങിച്ചെന്നു. അത്ഭുത സ്പർശനം കൊണ്ടോ, മാന്ത്രിക വാക്കുകൾ കൊണ്ടോ എന്നപോലെ കുട്ടി കരച്ചിൽ നിർത്തി! തന്റെ ഊഴവും കാത്ത് ഒന്നും സംഭവിക്കാത്തപോലെ കസേരയിൽ ചെന്നിരുന്നു.

പ്രസംഗത്തിന് എനിക്കവസം ലഭിച്ചപ്പോൾ പറയണമെന്ന് കരുതിയ കാര്യങ്ങൾ എന്നെ കൈവിട്ടുപോയിരുന്നു. മാനസിക വെല്ലുവിളികൾ നേരിടുന്ന മക്കളെ നൽകിയതിലൂടെ പടച്ചവൻ പരീക്ഷിക്കുകയാണെന്നും ഇത്തരം കുട്ടികളുടെ മാതാക്കളും അവരുടെ അധ്യാപികമാരും നൽകുന്ന  സ്നേഹവും കരുതലും മാതൃകാപരമാണെന്നും മറ്റും പറഞ്ഞൊപ്പിച്ചു.

വാക്കുകൾ അവസാനിപ്പിക്കുമ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞിരുന്നു. വൈകല്യങ്ങളും കുറവുകളുമൊന്നുമില്ലാതെ നമ്മിൽ ഭൂരിപക്ഷം പേർക്കും സന്താനങ്ങളെ സ്രഷ്ടാവ് നൽകിയിരിക്കുന്നു. നമ്മളെത്ര അനുഗൃഹീതർ. അതിന് നമ്മൾ നന്ദി കാണിക്കാറുണ്ടോ?

---

വന്റെ കയ്യിൽ തന്നെ! അത് കണ്ടപ്പോൾ ഫാറൂഖ് ഉറക്കെ ചിരിച്ചു. ഈ ഇക്കാക്ക് ഒരു മിഠായിപോലും ആരും കാണാതെ തിന്നാൻ പറ്റിയില്ല. എന്തൊരു കഷ്ടം..!

ഉപ്പ ചോദിച്ചു: “എന്തുപറ്റി കാസിം.”

അവൻ പറഞ്ഞു: “ഞാനെവിടെ ഒളിച്ചിരുന്ന് തിന്നാലും അല്ലാഹു എന്നെ കാണും. അതിനാൽ എനിക്ക് ആരും കാണാതെ തിന്നാൻ പറ്റിയില്ല.”

ഉപ്പാക്കും ഉമ്മാക്കും വളരെ സന്തോഷമായി. ഫാറൂഖും അബ്ദുല്ലയും അന്തം വിട്ട് നിൽക്കുകയാണ്; തങ്ങൾക്ക് സമ്മാനം നഷ്ടപ്പെട്ടല്ലോ എന്ന സങ്കടത്തോടെ.

കുട്ടികളേ, നമ്മൾ കാണുന്നില്ലെങ്കിലും അല്ലാഹു നമ്മെ കാണുന്നുണ്ട്. ഈ പ്രപഞ്ചത്തിൽ അവൻ അറിയാതെയും കാണാതെയും ഒന്നും നടക്കുകയില്ല. അതിനാൽ നാം നല്ല കാര്യങ്ങൾ മാത്രം ചെയ്ത് ജീവിക്കുക.

ലേഖനം




അഡ്വ.കെ.എ. അബ്ദുസ്സമദ് കലൂർ
mail@nerpatham.com

# വിശ്വാസം നിലനിർത്തുക

മനുഷ്യന്റെ ബുദ്ധികേന്ദ്രമായ തലച്ചോറിന്റെ നാലിൽ ഒരു ഭാഗം പോലും അവന് ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ലെന്ന് ആധുനിക ശാസ്ത്രം സമ്മതിക്കുന്നുണ്ട്. അത്രമാത്രം അപാരമായ കഴിവുകൾ ഉറങ്ങിക്കിടക്കുന്ന തലച്ചോറിൽനിന്നുണ്ടാകുന്ന ചിന്താധാരയെ നയിക്കുന്നതും നിയന്ത്രിക്കുന്നതും സ്വാധീനിക്കുന്നതും ഹൃദയത്തിൽ നിന്നും ഉണ്ടാകുന്ന വിവിധ വികാരങ്ങളാകുന്നു. സെക്കന്റുകൾക്കകം ഹൃദയത്തിൽ അഥവാ മനസ്സിൽ മിന്നിമറയുന്ന തോന്നലുകൾ ആണ് വികാരങ്ങൾ. സന്തോഷം, ദുഃഖം, കോപം, അസൂയ, നിരാശ, സംശയം, ദാഹം, മോഹം, ആസക്തി, അഹങ്കാരം, ലജ്ജ, വിശപ്പ് തുടങ്ങി ഒട്ടേറെ തോന്നലുകളാണ് മനസ്സിൽ ഉണ്ടാകുന്നത്. അവ ചിന്തയെ സ്വാധീനിച്ച് കൊണ്ടേയിരിക്കുന്നു.

തക്‌വ അഥവാ സൂക്ഷ്മതയും ഒരു വികാരമാകുന്നു. ഇമാം മുസ്‌ലിം ഉദ്ധരിക്കുന്ന, അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്ന ഹദീഥിൽ നബിﷺ അവിടുത്തെ നെഞ്ചിലേക്ക് മൂന്ന് പ്രാവശ്യം ചൂണ്ടിക്കൊണ്ട് 'സൂക്ഷ്മത ഇവിടെയാണ്' എന്ന് പറഞ്ഞതായി കാണാം.

സൂക്ഷ്മത പാലിക്കാൻ വിശുദ്ധ ക്വുർആൻ നിരന്തരം നമ്മെ ഉണർത്തുന്നതായി കാണാം. എന്നാൽ എപ്പോഴും സൂക്ഷ്മത പാലിക്കാൻ മനസ്സിന് കഴിയാറില്ല. കാരണം മനുഷ്യഹൃദയം (ക്വൽബ്) പെട്ടെന്ന് മാറിക്കൊണ്ടിരിക്കും. ക്വൽബ് എന്നതിന് പെട്ടെന്ന് മാറിമറിയുന്നത് എന്നും അർഥമുണ്ട്.

അബ്ദുല്ലാഹിബ്നു ആസ്(റ) നിവേദനം ചെയ്യുന്നു: നബിﷺ പറഞ്ഞു:"ആദമിന്റെ മക്കളുടെ ഹൃദയങ്ങൾ പരമകാരുണികന്റെ വിരലുകൾക്കിടയിലാണ്. ഒരൊറ്റ ഹൃദയം പോലെ. അവൻ ഉദ്ദേശിക്കുന്നത് പോലെ അവയെ അവൻ തിരിച്ചുകൊണ്ടിരിക്കും."

എന്നിട്ട് അവിടുന്ന് പ്രാർഥിച്ചു:"അല്ലാഹുവേ, ഹൃദയങ്ങൾ നിയന്ത്രിക്കുന്നവനേ, നിന്നെ അനുസരിക്കുന്നതിലേക്ക് ഞങ്ങളുടെ ഹൃദയങ്ങളെ നീ തിരിക്കേണമേ..." (മുസ്‌ലിം 2654).

"നിങ്ങൾക്ക് ജീവൻ നൽകുന്ന കാര്യത്തിലേക്ക് നിങ്ങളെ വിളിക്കുമ്പോൾ സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനും റസൂലിനും ഉത്തരം നൽകുക. മനുഷ്യന്നും അവന്റെ മനസ്സിനും ഇടയിൽ അല്ലാഹു മറയിടുന്നതാണ് എന്നും അവങ്കലേക്ക് നിങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുമെന്നും നിങ്ങൾ അറിഞ്ഞ് കൊള്ളുക"(8:24).

"കുറ്റമറ്റ ഹൃദയവുമായി അല്ലാഹുവിങ്കൽ ചെന്നവർക്കൊഴികെ" (26.89).

"കീഴ്‌വണക്കം അല്ലാഹുവിന് മാത്രം ആക്കിക്കൊണ്ട് ഋജുമനസ്കരായ നിലയിൽ അവനെ ആരാധിക്കുവാനും, നമസ്കാരം നിലനിർത്തുവാനും സകാത്ത് നൽകുവാനും അല്ലാതെ അവരോട് കൽപിക്കപ്പെട്ടിട്ടില്ല. അതത്രെ വക്രതയില്ലാത്ത മതം" (98:5).

"അവയുടെ (ബലിമൃഗങ്ങളുടെ) മാംസങ്ങളോ രക്തങ്ങളോ അല്ലാഹുവിൽ എത്തുന്നതേയില്ല. എന്നാൽ നിങ്ങളുടെ സുക്ഷ്മതാബോധമാണ് അവങ്കൽ എത്തുന്നത്"(22:37).

ഒരു സത്യവിശ്വാസിയുടെ ഓരോ വാക്കും പ്രവൃത്തിയും ലക്ഷ്യമാക്കേണ്ടത് അല്ലാഹുവിന്റെ തൃപ്തിയായിരിക്കണം. ഈമാൻ അഥവാ സത്യവിശ്വാസം മനസ്സിൽ ദൃഢമായി നിലനിന്നാലേ അതിന് കഴിയുകയുള്ളൂ. നബിﷺ പറഞ്ഞു: "വസ്ത്രം നുരുമ്പിപ്പോകുന്നത് പോലെ നിങ്ങളുടെ ഹൃദയത്തിലെ ഈമാനും നുരുമ്പിപ്പോകും. ഹൃദയത്തിലെ ഈമാനിനെ നവീകരിക്കാൻ അല്ലാഹുവിനോട് പ്രാർഥിക്കുക"(ത്വബ്റാനി,ഹാകിം).

ഈമാൻ കൂടാനും കുറയാനും സാധ്യതയുണ്ടെന്നാണ് പ്രമാണങ്ങൾ പഠിപ്പിക്കുന്നത്.

"അവനാകുന്നു സത്യവിശ്വാസികളുടെ ഹൃദയങ്ങളിൽ ശാന്തി ഇറക്കിക്കൊടുത്ത

ത്. അവരുടെ വിശ്വാസത്തോടൊപ്പം കൂടുതൽ വിശ്വാസം ഉണ്ടായിത്തീരുന്നതിന് വേണ്ടി...'' (48:4).

"(ക്വുർആനിലെ) ഏതെങ്കിലും ഒരു അധ്യായം അവതരിപ്പിക്കപ്പെട്ടാൽ അവരിൽ ചിലർ പറയും: നിങ്ങളിൽ ആർക്കാണ് ഇത് വിശ്വാസം വർധിപ്പിച്ചുതന്നത്? എന്നാൽ സത്യവിശ്വാസികൾക്കാകട്ടെ, അതവരുടെ വിശ്വാസം വർധിപ്പിക്കുക തന്നെയാണ് ചെയ്തത്...''(9:124).

ഈമാൻ ശക്തമാക്കാൻ ധാരാളം മാർഗങ്ങളുണ്ട്. ചില കാര്യങ്ങൾ സൂചിപ്പിക്കാം.

പരിശുദ്ധ ക്വുർആൻ പാരായണം ചെയ്യുക. അതിന്റെ ആശയങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുക:

"അല്ലാഹുവെപ്പറ്റി പറയപ്പെട്ടാൽ ഹൃദയങ്ങൾ പേടിച്ച് നടുങ്ങുകയും അവന്റെ ദൃഷ്ടാന്തങ്ങൾ വായിച്ചു കേൾപിക്കപ്പെട്ടാൽ വിശ്വാസം വർധിക്കുകയും തങ്ങളുടെ രക്ഷിതാവിന്റെ മേൽ ഭരമേൽപിക്കുകയും ചെയ്യുന്നവർ മാത്രമാണ് സത്യവിശ്വാസികൾ'' (8:2).

"സത്യവിശ്വാസികൾക്ക് ശമനവും കാരുണ്യവുമായിട്ടുള്ളത് ക്വുർആനിലൂടെ നാം അവതരിപ്പിച്ച് കൊണ്ടിരിക്കുന്നു...'' (17:82).

നമ്മുടെ ഹൃദയങ്ങൾ ശുദ്ധവും കളങ്കരഹിതവുമാക്കാൻ അല്ലാഹുവിന്റെ വചനങ്ങൾകൊണ്ട് സാധിക്കുമെന്നതിൽ സംശയമില്ല.

അല്ലാഹുവിന്റെ ഉന്നതിയെക്കുറിച്ച് അവബോധമുണ്ടാക്കുക. അവന്റെ നാമവിശേഷണങ്ങളെ മനസ്സിലാക്കി, അവയെപ്പറ്റി ചിന്തിച്ച് അവന്റെ നാമം മഹത്ത്വപ്പെടുത്തുക:

അവന്റെ ആജ്ഞകളും ഉത്തരവുകളും ആകാശഭൂമികളിലും അവയുടെ മേലെയും താഴെയും സമുദ്രങ്ങളിലും അന്തരീക്ഷങ്ങളിലുമെല്ലാം അവൻ നിറവേറ്റുന്നു. അവൻ എല്ലാ കാര്യങ്ങളെക്കുറിച്ചും അറിവുള്ളവനാണ്. എല്ലാത്തിന്റെയും എണ്ണവും കണക്കും അവൻ അറിയുന്നു. എല്ലാ ശബ്ദങ്ങളും അവൻ കേൾക്കുന്നു. എല്ലാ ഭാഷകളും അവയിലുള്ള പലവിധത്തിലുള്ള അപേക്ഷകളും പ്രാർഥനകളുമെല്ലാം യാതൊരു ആശയക്കുഴപ്പം കൂടാതെയും ഒന്ന് മറ്റൊന്നുമായി കൂടിക്കലരാതെയും അവൻ കേൾക്കുന്നു. ആവശ്യക്കാരന്റെ ആവശ്യങ്ങൾ കേൾക്കുന്നതിൽ അവന് ഒരിക്കലും മുഷിപ്പോ തളർച്ചയോ ബാധിക്കുകയില്ല. എല്ലാം അവൻ കാണുന്നു. ഏത് രഹസ്യങ്ങളും അവൻ അറിയുന്നു.

അവൻ ഭക്ഷണം നൽകുന്നു. വായുവും വെള്ളവും വെളിച്ചവും നൽകുന്നു. എത്ര നൽകിയാലും അവന്റെ അടുക്കൽ കുറവ് വരുകയില്ല. അവൻ അനാദിയും അനന്തനുമാണ്. അവൻ സ്തുത്യർഹനും മഹത്ത്വ പൂർണനുമാണ്. ഓർക്കപ്പെടുവാൻ ഏറ്റവും അർഹൻ അവനാണ്. ആരാധിക്കപ്പെടുവാൻ അർഹൻ അവൻ മാത്രം. എന്തും സൃഷ്ടിക്കുവാൻ അവന് ഒരു വാക്കു മതി."താൻ ഒരു കാര്യം ഉദ്ദേശിച്ചാൽ അതിനോട് ഉണ്ടാകൂ എന്ന് പറയുക മാത്രമാകുന്നു അവന്റെ കാര്യം. അപ്പോഴതാ അതുണ്ടാകുന്നു''(36:82).

മതവിജ്ഞാനം കരസ്ഥമാക്കുക: "...അല്ലാഹുവെ ഭയപ്പെടുന്നത് അവന്റെ ദാസന്മാരിൽനിന്ന് അറിവുള്ളവർ മാത്രമാകുന്നു...'' (35:28).

"പറയുക അറിവുള്ളവനും അറിവില്ലാത്തവനും സമമാകുമോ?''(39:9).

മതവിജ്ഞാന സദസ്സുകളിൽ നിരന്തരം പങ്കെടുക്കുന്നത് ഈമാൻ നിലനിർത്താൻ സഹായകമാണ്.

സമയം സൽകർമങ്ങളിൽ വിനിയോഗിക്കുക, അതിന് ധൃതി കാണിക്കുക:

അല്ലാഹു പറയുന്നു: "നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവും, ആകാശഭൂമികളോളം വിശാലമായ സ്വർഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക...'' (3:133).

കർമങ്ങൾ സ്വീകരിക്കുമെന്ന പ്രതീക്ഷയോടൊപ്പം അത് തള്ളിക്കളയുമോ എന്ന ഭയവും ഉണ്ടാവണം. മോശമായ പര്യവസാനത്തെ ഭയപ്പെടുകയും മരണത്തെ കുറിച്ചുള്ള ചിന്ത നിലനിർത്തുകയും ചെയ്യൽ ഈമാൻ വർധിപ്പിക്കും.

മാത്രമല്ല പശ്ചാത്തപിക്കാൻ ധൃതിപ്പെടുക, ഉള്ള അനുഗ്രഹങ്ങളിൽ സന്തുഷ്ടനാകുക, ആരാധനാ കർമങ്ങളിൽ സജീവമാകുക തുടങ്ങിയ നേട്ടങ്ങൾ അതുകൊണ്ടുണ്ടാകും.

മരണത്തെ വെറുക്കുന്നവൻ പശ്ചാത്തപിക്കാൻ വൈകിപ്പോകും. ഉള്ളത് കൊണ്ട് അവർക്ക് തൃപ്തി വരില്ല. ആരാധനകളിൽ അവർ അലസരാകും.

അല്ലാഹുവിൽ പ്രതീക്ഷയർപ്പിച്ചു കൊണ്ട് അവന്റെ മുന്നിൽ വിനയാന്വിതരാവുക. ഇഹലോകത്തിന്റെ നിസ്സാരതയെക്കുറിച്ച് ചിന്തിക്കുക. അല്ലാഹുവിന്റെ മത ചിഹ്നങ്ങളെ ആദരിക്കുക. അഹന്ത വെടിയുക.

അല്ലാഹുവെ സ്നേഹിക്കുക. അവനെക്കുറിച്ച് നല്ല ചിന്ത നിലനിർത്തുക. അവനിൽ ഭരമേൽപിക്കുക. അവന്റെ വിധിയെ അംഗീകരിക്കുക. അവനോട് നന്ദി കാണിക്കുക, പശ്ചാത്തപിച്ച് മടങ്ങുക. സ്വയം വിലയിരുത്തുക:

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. ഓരോ വ്യക്തിയും താൻ നാളേക്ക് വേണ്ടിഎന്തൊരു മുന്നൊരുക്കമാണ് ചെയ്തു വെച്ചിട്ടുള്ളതെന്ന് നോക്കിക്കൊള്ളട്ടെ. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപറ്റി സൂക്ഷ്മജ്ഞാനമുള്ളവനാകുന്നു'' (59:18).

ശമീർ മദീനി
shameermadeeni@gmail.com

ക്വുർആൻ പഠനം

# തന്നിഷ്ടങ്ങളുടെ അടിമകളാകരുത്

**"ഇനി നിനക്ക് അവർ ഉത്തരം നൽകിയില്ലെങ്കിൽ തങ്ങളുടെ തന്നിഷ്ടങ്ങളെ മാത്രമാണ് അവർ പിന്തുടരുന്നത് എന്ന് നീ അറിഞ്ഞേക്കുക. അല്ലാഹുവിങ്കൽ നിന്നുള്ള യാതൊരു മാർഗദർശനവും കൂടാതെ തന്നിഷ്ടത്തെ പിന്തുടർന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അല്ലാഹു അക്രമികളായ ജനങ്ങളെ നേർവഴിയിലാക്കുകയില്ല; തീർച്ച" (ക്വുർആൻ 28:50)**

**ലോ**കരക്ഷിതാവായ അല്ലാഹുവിന്റെ മാർഗനിർദേശങ്ങൾ അനുസരിച്ച് ജീവിക്കാൻ കഴിയുക എന്നത് അതിമഹത്തായ ഭാഗ്യമത്രെ. ഈ പ്രപഞ്ചത്തെയും അതിലെ സർവ ചരാചരങ്ങളെയും പടച്ചു പരിപാലിക്കുന്ന ജഗന്നിയന്താവിന്റെ വിധിവിലക്കുകൾ അംഗീകരിച്ചനുസരിക്കാൻ തയ്യാറാണെന്ന് പ്രഖ്യാപിച്ചവനാണ് യഥാർഥ മുസ്‌ലിം. വാസ്തവത്തിൽ അനേകായിരം അനുഗ്രഹങ്ങൾ ചൊരിഞ്ഞുതന്ന നാഥന്റെ മാർഗനിർദേശങ്ങൾ പിൻപറ്റാൻ ബാധ്യസ്ഥരാണ് ഓരോ മനുഷ്യനും. പ്രപഞ്ചമഖിലവും അവന്റെ കണിശമായ നിയമങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടാണ് നീങ്ങുന്നത്.

അല്ലാഹു പറയുന്നു: "അപ്പോൾ അല്ലാഹുവിന്റെ മതമല്ലാത്ത മറ്റു വല്ല മതവുമാണോ അവർ ആഗ്രഹിക്കുന്നത്? (വാസ്തവത്തിൽ) ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരെല്ലാം അനുസരണയോടെയോ നിർബന്ധിതമായോ അവന്ന് കീഴ്പെട്ടിരിക്കുകയാണ്. അവനിലേക്ക് തന്നെയാണ് അവർ മടക്കപ്പെടുന്നതും." (3:83).

മോക്ഷത്തിന്റെയും സമാധാനത്തിന്റെയും ആത്യന്തിക വഴി ആ ദൈവികമാർഗദർശനം പിൻപറ്റുക എന്നതുമാത്രമാണ്. ആ മാർഗം അറിയാനോ തേടിപ്പിടിക്കാനോ ശ്രമിക്കാത്തവർ ധാരാളമുണ്ട്. അറിഞ്ഞിട്ടും ബോധ്യപ്പെട്ടിട്ടും അത് വാരിപ്പുണരാൻ അറച്ചുനിൽക്കുന്നവരും കുറവല്ല. അപ്രകാരം തന്നെ ആ മാർഗത്തിന്റെ വക്താക്കളായി മാറുകയും അതിൽ അഭിമാനിക്കുകയും ചെയ്യുന്നവർ പോലും പടച്ചവന്റെ നിയമശാസനകൾക്കുമുമ്പിൽ പലതരം മുടന്തൻ ന്യായങ്ങൾ നിരത്തി ആ വെളിച്ചത്തിനു നേരെ സൗകര്യപൂർവം കണ്ണടക്കുന്ന സ്ഥിതിവിശേഷവും വിരളമല്ല. എല്ലാറ്റിന്റെയും അടിസ്ഥാനകാരണം ദേഹേഛയും അതിനെ തുടർന്നുവരുന്ന ഭൗതിക താൽപര്യങ്ങളും ദുർവാശികളും ദുർന്യായങ്ങളും തന്നെ.

ആത്യന്തികമായി നമുക്കോരോരുത്തർക്കും പ്രതിബദ്ധതയുണ്ടാകേണ്ടത് നമ്മെ സൃഷ്ടിച്ചു പരിപാലിക്കുന്ന അല്ലാഹുവിനോടും അവൻ അവതരിപ്പിച്ച സത്യത്തോടുമായിരിക്കണം. മറിച്ചുള്ള പ്രതിബദ്ധതകൾ ശാരീരികാടിമത്തത്തെക്കാൾ ദുസ്സഹമായ മാനസികാടിമത്തത്തിന്റെ നുകം പേറാനേ സഹായിക്കുകയുള്ളൂ. സത്യമാർഗത്തിൽ അടിയുറച്ചു മുന്നേറുന്നതിന് പ്രലോഭനങ്ങളോ പ്രകോപനങ്ങളോ തടസ്സമായിക്കൂടാ എന്നർഥം.

മൂസാ നബിﷺയിലും ഹാറൂൻ നബിﷺയിലും വിശ്വാസം പ്രഖ്യാപിച്ച് സത്യമാർഗത്തിൽ അടിയുറച്ചുനിന്ന ഫറോവയുടെ ജാലവിദ്യക്കാരെ ക്വുർആൻ പരിചയപ്പെടുത്തുന്നുണ്ട്. ആദർശവീഥിയിൽ നെഞ്ചുറപ്പോടെ നിന്ന ആ മഹത്തുക്കൾ നമുക്ക് മാതൃകയാകേണ്ടതാണ്. അവരെ കുറിച്ച് അല്ലാഹു പറയുന്നു:

"അവർ പറഞ്ഞു: ഞങ്ങൾക്ക് വന്നുകിട്ടിയ പ്രത്യക്ഷമായ തെളിവുകളെക്കാളും, ഞങ്ങളെ സൃഷ്ടിച്ചവനെക്കാളും നിനക്ക് ഞങ്ങൾ മുൻഗണന നൽകുകയില്ല തന്നെ. അതിനാൽ നീ വിധിക്കുന്നതെന്തോ അത് വിധിച്ച് കൊള്ളുക. ഈ ഐഹികജീവിതത്തിൽ മാത്രമേ നീ വിധിക്കുകയുള്ളൂ. ഞങ്ങൾ ചെയ്ത പാപങ്ങളും, നീ ഞങ്ങളെ നിർബന്ധിച്ച് ചെയ്യിച്ച ജാലവിദ്യയും അവൻ ഞങ്ങൾക്ക് പൊറുത്തുതരേണ്ടതിനായി ഞങ്ങൾ ഞങ്ങളുടെ രക്ഷിതാവിൽ വിശ്വസിച്ചിരിക്കുന്നു. അല്ലാഹുവാണ് ഏറ്റവും ഉത്തമനും എന്നും നിലനിൽക്കുന്നവനും" (20:72,73).

പടച്ചവന്റെ മാർഗനിർദേശങ്ങൾ അനുസരിച്ച് ജീവിക്കാൻ തീരുമാനിച്ചുറച്ച് ദൈവികമാർഗത്തിൽ ഇറങ്ങിപ്പുറപ്പെട്ടവരെ സഹായിക്കാൻ പടച്ചവൻ ഉണ്ടാകും എന്ന സന്തോഷവാർത്ത വിശുദ്ധ ക്വുർആൻ പലയിടങ്ങളിലും എടുത്തുണർത്തിയിട്ടുള്ളതാണ്.


സൻമാർഗം സ്വീകരിച്ച് സത്യപാതയിൽ നേരാംവണ്ണം ഉറച്ചുനിന്നാൽ ജീവിതത്തിൽ പ്രതിസന്ധികളിൽ നിന്നുള്ള മോചനവും വിശാലതയും ഉണ്ടാകുമെന്നതും അല്ലാഹുവിന്റെ വാഗ്ദാനമാണ്.

ഭൗതികലാഭങ്ങളെക്കാൾ സത്യത്തോടും നീതിയോടും പ്രതിബദ്ധത പുലർത്തി ജീവിക്കുന്ന ആദർശശാലികൾക്ക് വരാനിരിക്കുന്ന ശുഭപര്യവസാനവും പാരത്രികവിജയവും ക്വുർആൻ (41:30).അറിയിക്കുന്നുണ്ട്.

പടച്ചവനോടും അവനവതരിപ്പിച്ച സത്യമതത്തോടും കൂറും പ്രതിബദ്ധതയും പുലർത്തി ജീവിച്ച് ആത്യന്തിക വിജയം നേടാൻ അവൻ നമ്മെ അനുഗ്രഹിക്കട്ടെ. ●

ടി.കെ.അശ്റഫ്
thorakkattilashraf@gmail.com

കൂട്ടായ്മ



# ഐക്യം, ആദർശം, പ്രസ്ഥാനം

ഐക്യവും യോജിപ്പും വളരെ അത്യാവശ്യമായൊരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ലോകസമാധാനത്തിന് തന്നെ ഭീഷണി ഉയർത്തുന്ന ഭീകരതക്കെതിരെ സമാധാനവാദികളുടെ ഐക്യം അനിവാര്യമാണ്. സാമ്രാജ്യത്വ ശക്തികൾ സമാധാനത്തിന്റെ മതമായ ഇസ്‌ലാമിനെ നശിപ്പിക്കാൻ മുസ്‌ലിം നാമധാരികളെത്തന്നെ മുന്നിൽ നിർത്തി ഐ.എസ് പോലുള്ള ഭീകര സംഘങ്ങൾക്ക് രൂപം നൽകിക്കൊണ്ട് നടത്തുന്ന നരനായാട്ടിന്റെ ചുരുളഴിക്കാൻ ലോക മനസ്സാക്ഷി ഉണരേണ്ട സമയം വൈകിയിരിക്കുന്നു. ബുദ്ധമതത്തിലൂന്നി പ്രവർത്തിക്കുന്ന മ്യാൻമർ സർക്കാർ റോഹിങ്ക്യൻ മുസ്‌ലിംകളിൽ നടത്തുന്ന വംശഹത്യയെ ബുദ്ധമത ഭീകരതയെന്ന് വിശേഷിപ്പിക്കാത്ത മീഡിയ ഐ.എസിന്റെ ചെയ്തികളെ ഇസ്‌ലാമിന്റെ തലയിൽ കെട്ടിവെക്കുന്നതിൽ നിന്ന് തന്നെ മാധ്യമങ്ങളുടെ ഇസ്‌ലാം വിരുദ്ധതയുടെ ഒളിയജണ്ട വ്യക്തമാണ്.

### വിശാല ഐക്യം തേടുന്ന ഇന്ത്യ

വർഗീയ ഫാഷിസ്റ്റ് ശക്തികൾ അധികാരത്തിന്റെ ദണ്ഡുപയോഗിച്ച് ഇന്ത്യയുടെ ജീവവായുവായ നാനാത്വത്തിൽ ഏകത്വത്തെ തകർത്ത് ഏകശിലാ തടവറയിൽ രാജ്യത്തെ തളച്ചിടാൻ നടത്തുന്ന ശ്രമങ്ങൾക്കിടയിൽ സമാധാനമാഗ്രഹിക്കുന്ന ഇന്ത്യൻ പൗരന്മാരുടെ വിശാലമായൊരു ഐക്യവും യോജിപ്പുമാണ് കാലം നമ്മിൽനിന്നാവശ്യപ്പെടുന്നത്. നമ്മുടെ രാജ്യത്തെ വർഗീയമായി വെട്ടിക്കീറാൻ ഒരിക്കലും അനുവദിക്കരുത്. എല്ലാ മതവിശ്വാസികളും രാജ്യത്തെ വർഗീയവത്കരിക്കുന്നതിനെതിരിൽ രംഗത്ത് വരണം. രാഷ്ട്രീയ താൽപര്യങ്ങൾക്ക് വേണ്ടി മതത്തെ മറയാക്കി വിഭാഗീയതയുണ്ടാക്കാൻ ശ്രമിക്കുന്നവരെ ഒറ്റപ്പെടുത്താൻ അതത് മത നേതാക്കൾ തയ്യാറാവണം. മുഖ്യധാരാ രാഷ്ട്രീയ പാർട്ടികൾ ആഭ്യന്തര ശൈഥില്യങ്ങളിൽ അമരാതെ രാജ്യത്തിന്റെ സമാധാനാന്തരീക്ഷം കാത്തുസൂക്ഷിക്കാനായി യോജിച്ച കർമപദ്ധതികൾ ആവിഷ്കരിക്കണം.

### സമുദായ ഐക്യം അനിവാര്യമാക്കുന്ന കേരളം

ഇന്ത്യയിൽ സുരക്ഷിതമായി നിലകൊള്ളുന്ന കേരളത്തിന്റെ സമാധാന ഭൂമിക തകിടം മറിക്കുക വഴി വർഗീയ ചേരിതിരിവിന്റെ വിത്ത് വിതയ്ക്കാൻ കാത്തിരിക്കുന്നവരെ ഒറ്റപ്പെടുത്താൻ യോജിച്ച മുന്നേറ്റം അനിവാര്യമാണ്. തിരൂരങ്ങാടിയിലെ കൊടിഞ്ഞിയിൽ നടന്ന ഫൈസൽ വധവും ചില പ്രബോധകർക്കെതിരെയുള്ള പോലീസ് ഉദ്യോഗസ്ഥരുടെ ചുവടുവെപ്പുകളും ഇസ്‌ലാമിനും അതിന്റെ പ്രബോധനത്തിനും പ്രബോധകർക്കും നേരെ ഉയരുന്ന ഭീഷണിയുടെ ആഴം നമ്മെ വിളിച്ചറിയിക്കുന്നു. ന്യൂനപക്ഷത്തെ തമ്മിലടിപ്പിക്കാനും ഭൂരിപക്ഷത്തെ ഏകീകരിക്കാനും ലക്ഷ്യം വെച്ച് നടത്തുന്ന നീക്കത്തിന്റെ തുടർച്ച മാത്രമാണ് ഏകസിവിൽകോഡ് വിവാദം. ഈ സന്ദർഭത്തിൽ മുസ്‌ലിം സംഘടനകൾ വിവേകത്തിന്റെ വഴിയാണ് സ്വീകരിക്കേണ്ടത്.

**തീവ്രവാദ ആരോപണം അവസാനിപ്പിക്കുക**

സമസ്തയിലെ ചില പ്രഭാഷകന്മാർ സലഫികൾക്ക് നേരെ നടത്തുന്ന തീവ്രവാദ ആരോപണത്തിന് കടിഞ്ഞാണിടാൻ വൈകിയാൽ ഭാവിയിൽ വലിയ വില നൽകേണ്ടി വരും. പ്രമാണ വിരുദ്ധമായ ആശയത്തെ ആർക്കും ചോദ്യം ചെയ്യാം. അതിന് വിശദീകരണം നൽകാൻ ബന്ധപ്പെട്ടവർ ബാധ്യസ്ഥരുമാണ്. അതല്ലാതെ ലോകത്തുരുണ്ടുകൂടുന്ന ഊഹാപോഹങ്ങളിൽ നിന്ന് ചികഞ്ഞെടുത്ത ചില കണ്ടെത്തലുകളെ ചേർത്തുവെച്ച് കേരളത്തിലെ മുജാഹിദ് പ്രവർത്തകർക്കെതിരിൽ ഭീകരത കെട്ടിവെക്കുന്നത് സമസ്തയിലെ സാധാരണക്കാർ പോലും വിശ്വസിക്കുമെന്ന് തോന്നുന്നില്ല. തടിയന്റവിട നസീർ തീവ്രവാദ ആരോപണത്തിൽ പിടിക്കപ്പെട്ടതിന്റെ മറപിടിച്ച് സമസ്തയെ പ്രതിക്കൂട്ടിൽ നിർത്താൻ മുജാഹിദുകളാരും തുനിഞ്ഞിട്ടില്ലല്ലോ.

മൗദൂദിയെപ്പോലുള്ളവരുടെ ഗ്രന്ഥങ്ങളിലുള്ള പ്രമാണവിരുദ്ധവും തീവ്രവുമായ ആശയങ്ങൾ തള്ളിപ്പറയാനും ന്യായീകരണം അവസാനിപ്പിക്കാനും പുസ്തകങ്ങൾ പിൻവലിക്കാനും ജമാഅത്തെ ഇസ്ലാമിയുടെ നേതൃത്വം ഇനിയും വൈകിക്കൂടാ. മൗദൂദിയുടെ ഗ്രന്ഥങ്ങൾ വിൽക്കപ്പെടുന്ന കാലത്തോളം അതിലുള്ള തീവ്ര ആശയങ്ങളെ വിമർശിക്കുന്നതിനെ തീവ്രവാദ ആരോപണമായി വ്യാഖ്യാനിക്കുന്നത് ന്യായമല്ല.

ഇസ്ലാമിക പ്രബോധകർക്ക് നേരെയുള്ള വേട്ടയെ മുസ്ലിംകൾക്ക് നേരെയുള്ള നീക്കമായിട്ട് മാത്രമല്ല നാം കാണേണ്ടത്. നമ്മുടെ ഭരണഘടനയിലെ മൗലികാവകാശത്തിനെതിരെയുള്ള കടന്നുകയറ്റം കൂടിയാണത്. അഥവാ ഭരണഘടനക്കെതിരെയുള്ള തുറന്ന യുദ്ധം. രാജ്യത്തിന്റെ ബഹുസ്വരതക്കെതിരെയുള്ള കലാപമാണത്. ഇത് മുസ്ലിംകളെ മാത്രമല്ല ബാധിക്കുക. സ്വന്തമായി അഭിപ്രായമുള്ള മുഴുവൻ വ്യക്തികളെയും കശാപ്പ് ചെയ്യുന്ന കൊടുവാളാണിത്. കലാകാരന്മാരിലേക്കും പൊതുപ്രവർത്തകരിലേക്കും അത് നീങ്ങിത്തുടങ്ങി. സമൂഹത്തിന്റെ സമൂലമായ നാശത്തിലേക്ക് പ്രകാശവേഗതയിൽ ഈ അസഹിഷ്ണുത ആളിപ്പടരും.

മതേതര സമൂഹത്തിന്റെ ശ്രദ്ധയിൽ ഈ വിഷയം കൊണ്ടുവരാൻ ന്യൂനപക്ഷങ്ങൾ ഐക്യത്തോടെ നീങ്ങേണ്ട ഘട്ടമാണിത്. സമുദായ സംഘടനകൾ അതിന് നേതൃത്വം നൽകണം. ആദർശപരമായ ഭിന്നതകൾ നിലനിർത്തിക്കൊണ്ട് തന്നെ പൊതുഭീഷണിക്കെതിരെ യോജിക്കാനാവണം. 1930കളിൽ എല്ലാ മതവിഭാഗങ്ങളും ഒന്നിച്ചു നിന്ന് രാജ്യത്തിന് വേണ്ടി പോരാടുമ്പോൾ തന്നെ ശരീഅത്ത് സംരക്ഷണത്തിന് വേണ്ടി മുസ്ലിംകൾ ഐക്യപ്പെട്ട് പ്രവർത്തിച്ച ചരിത്രം നമ്മുടെ മുമ്പിലുണ്ട്. ചരിത്രത്തിന്റെ ആവർത്തനമാണ് കാലം നമ്മിൽ നിന്ന് ആവശ്യപ്പെടുന്നത്. പരസ്പരം പോരടിച്ച് പൊതുശത്രു കത്തിച്ചുവെച്ച അഗ്നിയിൽ ഇയ്യാംപാറ്റകളെ പോലെ എരിഞ്ഞ് തീരേണ്ടവരല്ല വിവേകമുള്ളവർ. സമുദായം നേരിടുന്ന, രാജ്യം നേരിടുന്ന വെല്ലുവിളികൾ അതിജീവിക്കാൻ ഐക്യത്തോടെ മുന്നോട്ട് നീങ്ങുകയാണ് നാം വേണ്ടത്.

**മുജാഹിദ് ഐക്യം യാഥാർഥ്യമാകാൻ**

നാം എത്ര ശ്രമിച്ചാലും വിജയമുണ്ടാക്കേണ്ടത് അല്ലാഹുവാണ്. അല്ലാഹുവിന്റെ നിയമാതിർത്തികൾ കാത്തുസൂക്ഷിക്കുന്നവരെ മാത്രമെ അല്ലാഹു സഹായിക്കുകയുള്ളൂ. രാജ്യത്തിന്റെ വെല്ലുവിളിയുടെ പേരിൽ തന്റെ വിശ്വാസവും മതപരമായ കണിശതയും കൈവെടിഞ്ഞാൽ അല്ലാഹുവും നമ്മെ കൈവെടിയും. കേരളത്തിലെ മുജാഹിദുകൾക്കിടയിലെ ഐക്യം വിലയിരുത്തേണ്ടത് ഈ മർമത്തിൽ ഊന്നി നിന്നുകൊണ്ടായിരിക്കണം.


കേരളത്തിൽ നവോത്ഥാനത്തിന്റെ തിരികൊളുത്തിയ കേരള നദ്വത്തുൽ മുജാഹിദീൻ പ്രസ്ഥാനം 2002ൽ ഭിന്നതച്ചതിൽ ദുഃഖിക്കാത്തവരില്ല. ഇതൊന്ന് ഒന്നിച്ച് കാണണമെന്ന് ആഗ്രഹിക്കാത്തവരില്ല. അതുകൊണ്ട് തന്നെ മുജാഹിദുകൾ ഐക്യപ്പെട്ടുവെന്ന വാർത്ത സന്തോഷം പകരുന്നതാണ്. എന്നാൽ ഈ ഐക്യം താൽകാലികമായ പ്രതിഭാസമായിക്കൂടാ. അത് യാഥാർഥ്യമാകണം. ആദർശത്തെയും പ്രസ്ഥാനത്തെയും സ്നേഹിക്കുന്നവർ അതാണാഗ്രഹിക്കുന്നത്. കഴിഞ്ഞ പതിനഞ്ച് വർഷമായി അകന്ന് നിന്നത് ആദർശപരമായ കാരണത്താലാണന്ന് ഏവരും മനസ്സിലാക്കിയതാണ്. ആദർശപരമായ കാര്യങ്ങൾ ചർച്ച ചെയ്യാൻ പതിനൊന്ന് മാസം എടുക്കേണ്ടിവന്നുവെന്ന് ഐക്യത്തിന്റെ നാൾവഴിയിൽ പ്രത്യേകം എടുത്ത് പറഞ്ഞത് ശ്രദ്ധേയമാണ്. എന്നാൽ ഖേദകരമെന്ന് പറയട്ടെ ഐക്യത്തിന്റെ ശേഷമുണ്ടായ ഔദ്യോഗിക വിശദീകരണങ്ങൾ ആദർശബോധമുള്ളവരെ നിരാശരാക്കുന്നതും ഐക്യത്തെ നെഞ്ചിലേറ്റിയവരെ വഞ്ചിക്കുന്നതുമായി എന്ന് പറയേണ്ടി വന്നതിൽ ദുഃഖമുണ്ട്.

**ഐക്യവും വാർത്താ സമ്മേളനവും**

2016 ഡിസംബർ 5ന് കോഴിക്കോട് വിളിച്ച് ചേർത്ത പത്രസമ്മേളനത്തിലാണ് ഐക്യപ്പെട്ട വാർത്ത ആദ്യമായി പുറത്ത് വരുന്നത്. ഐക്യപ്രമേയം പത്രക്കാരെ അറിയിച്ച ശേഷം സംശയങ്ങൾ ചോദിക്കാൻ അവസരമുണ്ടെന്ന് ടി.പി അബ്ദുല്ലക്കോയ മദനി അറിയിച്ചു.

**സിഹ്ർ സംബന്ധിച്ച തർക്കം**

കഴിഞ്ഞ വിവാദങ്ങളിൽ നിറഞ്ഞുനിന്ന വിഷയമായിരുന്നതിനാൽ പത്രക്കാർ ആദ്യം അതിനെക്കുറിച്ചു തന്നെ ചോദിച്ചു. സിഹ്ർ! ഫലിക്കുമെന്ന് വിശ്വസിച്ചാൽ



ശിർക്കാണന്ന് മടവൂർ വിഭാഗം വാദിച്ചപ്പോൾ ടി.പി വിഭാഗം അതിനെ എതിർക്കുകയും ചെയ്തു. സിഹ്ർ ഫലിക്കുമെന്നും എന്നാൽ അത് ചെയ്യുന്നത് മഹാപാപമാണെന്നുമാണ് ഇത്രയും കാലം വിശദീകരിച്ചിരുന്നത്. ആദർശ കാര്യങ്ങൾ തീരുമാനമായ സ്ഥിതിക്ക് സിഹ്ർ വിഷയത്തിൽ സംഘടനയുടെ ഔദ്യോഗിക നിലപാട് എന്തായിരിക്കും എന്നാണ് പത്രക്കാരൻ ചോദിച്ചത്. ഭിന്നതയുള്ള വിഷയങ്ങളിൽ ക്വുർആനിലേക്കും സുന്നത്തിലേക്കും ഐക്യപ്പെട്ടുവെന്ന് പ്രഖ്യാപിച്ച സാഹചര്യത്തിൽ ഈ ചോദ്യത്തിന് നിഷ്പ്രയാസം മറുപടി പറയാവുന്നതേയുള്ളൂ. സിഹ്റിന് യാഥാർഥ്യമുണ്ടെന്നും എന്നാൽ അത് ചെയ്യാൻ പാടില്ലെന്നതുമാണ് പ്രാമാണികമായ മറുപടി. 2002ന് മുമ്പുള്ള, അമാനി മൗലവിയുടെ വിശുദ്ധ ക്വുർആൻ പരിഭാഷയിൽ ഇത് വ്യക്തമായി എഴുതിയിട്ടുള്ളതാണ്. മാത്രമല്ല കേരള ജംഇയ്യത്തുൽ ഉലമയുടെ തീരുമാനങ്ങളിൽ പൈശാചിക ബാധ സത്യമാണെന്നതിന്റെ പ്രമാണങ്ങൾ ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മദ്റസ പാഠപുസ്തകങ്ങളിൽ കുട്ടികളെ പഠിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്തുവരുന്ന വിഷയമാണിത്.

ഇക്കാര്യം വ്യക്തമാക്കുന്നതിന് പകരം സിഹ്ർ വിഷയം ജംഇയ്യത്തുൽ ഉലമ ചേർന്ന് വീണ്ടും തീരുമാനിക്കും എന്നാണ് ടി.പി മറുപടി പറഞ്ഞത്. ആദർശകാര്യങ്ങൾ ഒരുപക്ഷേ, ചർച്ച ചെയ്തിട്ടുണ്ടാകുമെന്നല്ലാതെ തീരുമാനമായിട്ടില്ലെന്നത് വളരെ വ്യക്തം. വീണ്ടും ചോദിച്ചപ്പോൾ ഡിസംബർ 20ന് കോഴിക്കോട് കടപ്പുറത്ത് ചേരുന്ന ഐക്യസമ്മേളനത്തിൽ പ്രഖ്യാപിക്കുമെന്ന് പറഞ്ഞ് ഒഴിഞ്ഞ് മാറി.

**വിചിന്തനംവിശദീകരണവും അസ്ഗറലിയുടെ രാജിയും**

കോഴിക്കോട് ഐക്യ സമ്മേളനത്തിൽ സിഹ്ർ അടക്കമുള്ള വിഷയങ്ങളിലെ ആദർശ നിലപാടുകൾ തുറന്ന് പറഞ്ഞില്ല. അത്തരം വിഷയങ്ങൾ പുറത്ത് ചർച്ച ചെയ്യില്ലെന്നാണ് തീരുമാനം എന്നാണ് പിന്നീട് അറിയാൻ കഴിഞ്ഞത്. എന്നാൽ ഐക്യകരാർ ലംഘിച്ചുകൊണ്ട് ഫെബ്രു: 3ന് ഇറങ്ങിയ വിചിന്തനത്തിൽ മടവൂർ വിഭാഗത്തിലെ സൂത്രധാരൻ ജനാബ് എ.അസ്ഗറലി, എം അബ്ദുറഹ്മാൻ സലഫി എന്നിവരുടെ പേര് വെച്ച് കൊണ്ടു തന്നെ വിശദീകരണം നൽകാൻ അവർ നിർബന്ധിതരായി. പ്രതിസന്ധി രൂക്ഷമാവുകയാണ് വിശദീകരണത്തിലൂടെ സംഭവിച്ചിരിക്കുന്നത്. വിചിന്തനത്തിലെ വിശദീകരണത്തിനെതിരിൽ നിലവിലുള്ള ഓർഗനൈസേഷൻ സെക്രട്ടറി അസ്ഗറലി സാഹിബ് തന്നെ പേര് വെച്ച് എഴുതിയ മറ്റൊരു കുറിപ്പും രാജിക്കത്തും പ്രതിസന്ധി രൂക്ഷമായതിന്റെ തെളിവാണ്. ആദർശയോജിപ്പിലൂടെയല്ല അഡ്ജസ്റ്റ്മെന്റിലൂടെയാണ് ഐക്യപ്പെട്ടതെന്ന സത്യം ഇതിലൂടെ ആധികാരികമായിത്തന്നെ പുറത്ത് വന്നിരിക്കുകയാണ്.

പുതിയ വിശദീകരണ പ്രകാരം രണ്ട് ആശയങ്ങൾ ഇപ്പോഴും ഇരു വിഭാഗത്തിനിടയിലും നിലനിൽക്കുന്നുണ്ട്. സിഹ്ർ ഫലിക്കുമെന്ന് വിശ്വസിച്ചാൽ ശിർക്കാവില്ലെന്നും അക്കാര്യത്തിൽ മുൻഗാമികൾക്കോ പിൻഗാമികൾക്കോ തർക്കമുണ്ടായിട്ടില്ലെന്നും വിചിന്തനം എഴുതുന്നു. എന്നാൽ അസ്ഗറലി സാഹിബ് അതിന് ഖണ്ഡനവുമായി അടുത്ത ദിവസം തന്നെ രംഗത്ത് വന്നതോടെ ഈ വിഷയത്തിൽ രണ്ടഭിപ്രായം നിലനിൽക്കുകയാണ് എന്ന് വ്യക്തമാകുന്നു. പതിനൊന്ന് മാസം ചർച്ച ചെയ്തിട്ടും മർമ പ്രധാനമായ വിഷയത്തിൽ യോജിപ്പുണ്ടായിട്ടില്ല എന്നർഥം. അലി മദനി അവരുടെ കൗൺസിലിൽ പറഞ്ഞതുപോലെ മടവൂർ വിഭാഗം ആദർശം മാറ്റാതെയാണ് ഐക്യപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമായി. ഇനി അണികൾ വിശ്വസിക്കേണ്ടത് വിചിന്തനം എഴുതിയതാണോ? അതാണ് ഔദ്യോഗിക നിലപാടെങ്കിൽ അസ്ഗറലി സാഹിബിന്റെ രാജി സ്വീകരിച്ചാൽ മാത്രം മതിയോ? അദ്ദേഹം വിചിന്തനത്തിനെതിരിൽ എഴുതിയത് തെറ്റാണെന്ന് തുറന്ന് പറയേണ്ടേ? വിചിന്തനത്തിനെതിരിൽ പരസ്യമായി ഓൺലൈൻ മീഡിയകളിൽ ആഞ്ഞടിച്ച ഭാരവാഹികളെ തൽസ്ഥാനത്ത് തുടരാൻ അനുവദിക്കാമോ? അതോ അവർ മാപ്പ് പറയുമോ?

അതല്ല, വിചിന്തനം എഴുതിയത് തെറ്റും അസ്ഗറലിയുടെ കുറിപ്പ് ശരിയുമാണെങ്കിൽ കെ.എൻ.എം നിലപാട് മാറ്റി മടവൂർ ആദർശത്തിലേക്ക് പോയി എന്ന് സമ്മതിക്കേണ്ടതായി വരും. മാത്രവുമല്ല, കെ.ജെ.യുവിനെ ഹൈജാക്ക് ചെയ്ത് ഈ ലേഖനം പ്രസിദ്ധീകരിച്ച അസ്ഗറലിക്കും സലഫിക്കുമെതിരിൽ നടപടി എടുക്കേണ്ടി വരികയും ചെയ്യും.

അടിസ്ഥാന വിഷയങ്ങളിൽ മുൻവിധിയും യുക്തിവാദവും മാറ്റിവെച്ച് പ്രമാണത്തിലേക്ക് മടങ്ങാൻ തയ്യാറായില്ലെങ്കിൽ ഐക്യം പരാജയപ്പെടുക മാത്രമല്ല, ചെയ്യുക, വമ്പിച്ച പരീക്ഷണങ്ങൾ നേരിടേണ്ടതായും വരും.

**(അവസാനിച്ചില്ല)**

അബ്ദുൽ മാലിക് സലഫി
malikmorayur114@gmail.com

ലേഖനം




# സലഫിയ്യത്ത്: ആദർശവും നിലപാടുകളും

**സലഫികളെ മോശമായി ചിത്രീകരിക്കുന്നത് ഇന്ന് പലർക്കും ഒരു ലഹരിയാണ്. തീവ്രവാദത്തിന്റെ ലേബൽ സലഫികളുടെ തലയിൽ പതിക്കുവാൻ അവർ വെമ്പൽ കൊള്ളുന്നു. എന്താണ് സലഫിയ്യത്ത്? ആരാണ് സലഫികൾ? ഒരു അന്വേഷണം.**

മനുഷ്യർക്ക് ഇരുട്ടിൽ സഞ്ചരിക്കാൻ വെളിച്ചം ആവശ്യമാണ്. ആത്മീയമായ ഇരുട്ടുകളെ ഇല്ലായ്മ ചെയ്യാനും വെളിച്ചം ആവശ്യമാണ്. അത്തരം വെളിച്ചവുമായാണ് പ്രവാചകൻമാരെ അല്ലാഹു നിയോഗിച്ചത്. അവർ ലോകത്തിന് കൈമാറിയത് വെളിച്ചത്തിനുമേൽ വെളിച്ചമായിരുന്നു. അതാണ് ഇസ്‌ലാം. പ്രശ്‌നങ്ങൾക്ക് പരിഹാരവും ജീവിത വിശുദ്ധിയുടെ ആധ്യാത്മിക പാഠങ്ങളുമാണത്. ഇസ്‌ലാമിന്റെ പൂർത്തീകരണം അന്തിമ പ്രവാചകനിലൂടെ സംഭവിച്ചു. പതിനാല് നൂറ്റാണ്ടിലേറെ അത് സഞ്ചരിച്ചു കഴിഞ്ഞു.

അതിന്റെ ആദിമ വിശുദ്ധിയുടെ കാവലാളുകളായവരാണ് അഹ്‌ലുസ്സുന്നഃ. പക്ഷേ, അഹ്‌ലുസ്സുന്നഃയിലും വ്യാജപതിപ്പുകൾ ഉടലെടുത്തപ്പോൾ, ഇസ്‌ലാമിന്റെയും അഹ്‌ലുസ്സുന്നഃയുടെയും ആദർശ പ്രബോധനത്തിന് വേണ്ടി പണ്ഡിതന്മാർ സ്വീകരിച്ച നാമമാണ് സലഫിയ്യത്ത് എന്നത്. 'സലഫ്' എന്ന പദത്തിൽ നിന്നാണത് നിഷ്പന്നമായത്. സലഫ് എന്നാൽ മുൻ കഴിഞ്ഞവർ എന്നർഥം. അതിനാൽ മുൻഗാമികളുടെ മാർഗം അവലംബിച്ചുകൊണ്ട് ആദർശനിലപാടുകൾ സ്വീകരിക്കുന്നവരും അത് പ്രബോധനം നടത്തുന്നവരും സലഫികൾ എന്നു വിളിക്കപ്പെടുന്നു.

'സലഫിയ്യത്ത്' കക്ഷിത്വമല്ല. അതൊരു വ്യക്തിയിലേക്കുള്ള ക്ഷണവുമല്ല. ആൾബലവും ഭൗതിക സംവിധാനങ്ങളുമല്ല അതിന്റെ ശക്തി. പ്രത്യുത, കുറ്റമറ്റ പ്രമാണങ്ങളാണ്. ക്വുർആനും സുന്നത്തുമാണ് സലഫിയ്യത്തിന്റെ ഭരണഘടന. അതൊരു പ്രാദേശിക കാഴ്ചപ്പാടല്ല; ഒരു രാഷ്ട്രത്തിൽ മാത്രം പരിമിതപ്പെടുത്തേണ്ട ആശയസംഹിതയുമല്ല. ഇസ്‌ലാമിന്റെ നിത്യനൂതനമായ ആദർശത്തിന്റെ പര്യായമാണത്. ഇസ്‌ലാമി

ന്റെ വെള്ളിവെളിച്ചം ലോകത്തിന്റെ ഏതൊക്കെ കോണുകളിൽ പ്രശോഭിക്കുന്നുണ്ടോ അവിടെയെല്ലാം സലഫിയ്യത്തുമുണ്ട്. അഥവാ, വേർപെടുത്താനാവാത്തവിധം ഒന്നായിത്തീർന്ന സംജ്ഞകളാണ് സലഫിയ്യത്തും ഇസ്‌ലാമും.

സലഫിയ്യത്ത് വേറിട്ടു നിൽക്കുന്നത് അതിന്റെ ആദർശ ബോധനരംഗത്തുള്ള വ്യക്തതയും പ്രാമാണികതയും കൊണ്ടാണ്. ക്വുർആനും സുന്നത്തും അടിസ്ഥാനപ്പെടുത്തിയുള്ള ആശയധാരയായ സലഫിയ്യത്ത് വിശ്വാസ, കർമ, ആചാര മണ്ഡലങ്ങളിൽ മുൻഗാമികളുടെ ആദ്യ മൂന്ന് നൂറ്റാണ്ടുകളിലെ സച്ചരിതരായ മഹാൻമാരുടെ മാർഗമാണ് അവലംബിക്കുന്നത്. പ്രവാചകന്റെ അനുയായികളും (സ്വഹാബികൾ) അവരെ തുടർന്നവരും (താബിഉകൾ) താബിഉകളെ പിന്തുടർന്നവരും (തബഉത്താബിഉകൾ) അടങ്ങുന്ന ഈ ഉത്തമ തലമുറക്ക് നബിതിരുമേനിﷺയുടെ പ്രശംസ ലഭിച്ചിട്ടുണ്ട് എന്നതാണതിനു നിദാനം.

വിജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ലോകോത്തര മാതൃകകളാണവർ. സമാധാനത്തിന്റെ സന്ദേശവാഹകരായിരുന്ന ഉത്തമ തലമുറക്കാർ സർവ്വ ബിദ്അത്തുകളെയും (മതത്തിലെ നവനിർമിതി) അനാചാരങ്ങളെയും അതിവാദങ്ങളെയും തിരിച്ചറിഞ്ഞ് അവക്കെതിരെ ശക്തമായ നിലപാടുകൾ സ്വീകരിച്ചവരായിരുന്നു. സലഫിയ്യത്തിന്റെ നയവും അതുതന്നെയാണ്.

പ്രമാണങ്ങൾക്കു മുന്നിൽ കീഴൊതുങ്ങുക എന്നതാണ് സലഫിയ്യത്തിന്റെ മറ്റൊരു നയം. ഇത് ക്വുർആനിന്റെയും ഹദീഥിന്റെയും താൽപര്യമാണ് താനും. അല്ലാഹുവിന്റെ ഈ വചനം ശ്രദ്ധിക്കുക: "ഇല്ല, നിന്റെ രക്ഷിതാവിനെ തന്നെയാണ് സത്യം! അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും നീ വിധികൽപിച്ചതിനെ പറ്റി പിന്നീട് അവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും അത് പൂർണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതുവരെ അവർ വിശ്വാസികളാവുകയില്ല" (സൂറഃ ആലുഇംറാൻ: 65).

ഈ സൂക്തത്തിന്റെ പ്രയോക്താക്കൾ സലഫിയ്യത്തിനെ ആദർശമായി ഉൾക്കൊണ്ടവർ മാത്രമാണ് എന്നത് തിരസ്കരിക്കാനാവാത്ത ഒരു യാഥാർഥ്യമാണ്.

മതത്തിന്റെ പേരിൽ മുളപൊട്ടിയിട്ടുള്ള മുഴുവൻ പുതുനിർമിതികളെയും അതിന്റെ നിർമാതാക്കളെയും ശക്തമായി നിരാകരിക്കുന്ന നിലപാടാണ് സലഫികൾ സ്വീകരിച്ചിട്ടുള്ളത്. കാരണം, ഇത്തരം ബിദ്അത്തുകൾക്കെതിരെ ഗൗരവമേറിയ താക്കീതുകളാണ് പ്രവാചക തിരുമേനി(സ) നടത്തിയിട്ടുള്ളത്. മതത്തിൽ കടത്തിക്കൂട്ടപ്പെടുന്ന മുഴുവൻ ബിദ്അത്തുകളും നരകത്തിലേക്കുള്ള വഴികളാണെന്ന പ്രവാചകാധ്യാപനമാണ് സലഫികൾക്ക് ഈ വിഷയത്തിലുള്ള വെളിച്ചം.

തീവ്രതക്കും നിഷ്‌ക്രിയതക്കും മധ്യേയാണ് സലഫിയ്യത്ത് നിലകൊള്ളുനന്ത്. ഇസ്‌ലാമിന്റെ 'വസത്വിയ്യത്ത്' (മധ്യമ നിലപാട്) അക്ഷരാർഥത്തിൽ തന്നെ പ്രയോഗവൽകരിക്കാനുള്ള ശ്രമത്തിന്റെ പേരാണ് യഥാർഥത്തിൽ സലഫിയ്യത്ത് എന്നു പറഞ്ഞാൽ അതു തെറ്റല്ല.. കാഫിർ (സത്യനിഷേധി/അവിശ്വാസി), മുശ്‌രിക് (ബഹുദൈവ വിശ്വാസി) തുടങ്ങിയ പദങ്ങളെ വ്യക്തികളുടെ മേൽ ചാർത്തുന്നതിൽ പുലർത്തുന്ന തികഞ്ഞ സൂക്ഷ്മത സലഫികളുടെ പ്രത്യേകതയാണ്. അതേസമയം ശിർക്കും കുഫ്‌റും വ്യവഛേദിച്ച് പഠിപ്പിക്കുന്നതിൽ അവർ എന്നും മുൻപന്തിയിലാണ് താനും. ഈ രംഗത്ത് മധ്യമ നിലപാട് സ്വീകരിക്കുന്ന സലഫികളെ പക്ഷേ, അകാരണമായി പ്രതിക്കൂട്ടിൽ നിർത്താൻ അന്ധത ബാധിച്ച വിമർശകന്മാർ ചിലപ്പോൾ! തുനിയാറുണ്ട് എന്നത് നാം കാണാതിരുന്നു കൂടാ.

വിജ്ഞാനം, സംസ്കരണം, പ്രബോധനം എന്ന രീതിയാണ് സലഫികൾ സ്വീകരിച്ചു വരുന്നത്. പ്രവാചകരുടെ ശൈലിയും അതുതന്നെയാണ്. വിജ്ഞാനമാണ് പ്രബോധനത്തിന്റെ ആയുധം. വിജ്ഞാന സമ്പാദനത്തിലൂടെ സ്വയം സംസ്കൃതരായവർ നടത്തുന്ന ബോധനം അതുല്യ വിപ്ലവം സൃഷ്ടിക്കുമെന്നതിൽ സംശയമില്ല. പ്രവാചകൻമാരുടെയും മറ്റു



മഹാൻമാരുടെയും ചരിത്രത്തിന്റെ ഏടുകൾ നമുക്കു നൽകുന്ന സന്ദേശമതാണ്.

തൗഹീദീപ്രബോധനത്തിന് പ്രഥമ പരിഗണന എന്നത് സലഫിയ്യത്തിനെ വേറിട്ടു നിർത്തുന്ന സംഗതിയാണ്. പ്രവാചകൻമാരുടെ പ്രബോധനരീതികൾ പഠിക്കുന്ന ആർക്കും സലഫികൾ സ്വീകരിച്ച ഈ വഴിയുടെ പ്രാമാണികത ബോധ്യപ്പെടും. അടിത്തറ ശരിയാവാതെ എടുപ്പുകൾ നിർമിക്കുന്നത് മൗഢ്യമാണെന്ന് തിരിച്ചറിയാനുള്ള ശേഷി സലഫികൾക്കുണ്ട്. കേവലം ഉപരിപ്ലവമായ സേവന പ്രവർത്തനങ്ങളല്ല, മനസ്സറിഞ്ഞ ഹൃദയത്തിൽ നിന്ന് ഹൃദയത്തിലേക്കുള്ള ആശയസംവേദനമാണ് ദഅ്വത്ത് (പ്രബോധനം).

തൗഹീദീ പ്രബോധനത്തിന്റെ ഭാഗമാണ് ശിർക്കിനും അതിന്റെ പ്രചാരകർക്കുമെതിരായ പോരാട്ടവും. സമൂഹത്തെ വഴിതെറ്റിക്കുന്ന വിശ്വാസ, ആചാര ചൂഷണ കേന്ദ്രങ്ങൾക്കെതിരിൽ സന്ധിയില്ലാ സമരം പ്രഖ്യാപിച്ചവരാണ് സലഫികൾ. മാരണക്കാർ, ജ്യോത്സ്യൻമാർ, കൈനോട്ടക്കാർ, ജാറവ്യവസായക്കാർ, വ്യാജ തിരുശേഷിപ്പുകളുടെ പേരിൽ ധനസമ്പാദനം നടത്തുന്നവർ തുടങ്ങിയവരെയെല്ലാം സമൂഹത്തിന് മുന്നിൽ വിചാരണ നടത്തുന്നതിൽ സലഫികളാണ് മുന്നിൽ നിന്നിട്ടുള്ളത്.

ഭീകരത, തീവ്രവാദം, തുടങ്ങിയ അതിരുകവിച്ചിലുകൾക്കെതിരെ ശക്തമായ നിലപാടുകൾ സ്വീകരിച്ച് അവരോട് എതിർ പക്ഷത്തു നിന്ന് പോരാട്ടം നയിക്കുന്നവരാണ് സലഫികൾ. ഭീകരതയുടെ നാമ്പുകൾ കണ്ടെത്തി അതിനെ മുളയിലേ നുള്ളിക്കളയാൻ എന്നും നേതൃത്വം നൽകിയത് സലഫികളായിരുന്നു എന്നത് ചരിത്രം പരിശോധിക്കുന്നവർക്കെല്ലാം വ്യക്തമാവും. അതേ സലഫികളെ ഭീകരതയുമായി കൂട്ടിക്കെട്ടാൻ പാടുപെടുന്ന ജൂത ശിയാ സൂഫി ലോബികളെ ഇന്ന് ലോകം തിരിച്ചറിഞ്ഞ് വരുന്നുണ്ട് എന്നതും ആശ്വാസകരമാണ്.

ആദർശത്തിൽ മായം ചേർക്കാതെ തന്നെ മാനുഷികതയുടെ വിശാല ലോകത്ത് പരസ്പര സഹകരണത്തിന്റെ മേഖലകൾ കൊട്ടിയടക്കാത്തവരാണ് സലഫികൾ. മാനുഷികമായ ഐക്യത്തിന് എന്നും മുന്നിൽ നിന്നിട്ടുള്ളത് സലഫികളാണ്.

അല്ലാഹുവിന്റെ സ്വിഫാത്തുകൾ (വിശേഷണങ്ങൾ), വിധിവിശ്വാസം, സിഹ്റ് (മാരണം), പരലോകം, അന്ത്യനാളിന്റെ

**അന്ധമായ അനുകരണത്തെ ആദ്യം മുതൽക്കുതന്നെ സലഫികൾ എതിർത്ത് പോന്നിട്ടുണ്ട്. എന്നാൽ, പ്രമാണബദ്ധമായി പണ്ഡിതൻമാർ ഒരു കാര്യം പറഞ്ഞാൽ അതിനെ പിൻപറ്റുന്നതിനെ സലഫികൾ എതിർത്തിട്ടുമില്ല. സലഫിയ്യത്തിനോടും അതിന്റെ ആശയനിലപാടുകളോടും അസ്പൃശ്യത പുലർത്തുകയും സലഫിയ്യത്തിനെ ഒരു ഇസമായി ചുരുട്ടിക്കെട്ടാൻ പരിശ്രമിക്കുകയും ചെയ്യുന്നവർ യഥാർഥ മുജാഹിദുകളല്ല.**

അടയാളങ്ങൾ തുടങ്ങി ഏത് വിഷയത്തിലും മുൻഗാമികളുടെ പ്രമാണബദ്ധമായ വിശ്വാസവും നിലപാടുകളും തന്നെയാണ് സലഫികൾക്കുള്ളത്. തങ്ങളുടെ പരിമിതമായ ബുദ്ധിക്ക് പ്രമാണങ്ങളെക്കാൾ പ്രാധാന്യം നൽകുന്ന നൂതനവാദികളുടെ വൈകല്യം സലഫിയ്യത്തിനെ ബാധിച്ചിട്ടില്ല. ഈ വിഷയങ്ങളിലൊന്നും യഥാർത്ഥ സലഫികൾക്ക് ഒരബദ്ധവും പിണഞ്ഞിട്ടില്ല. സ്വീകാര്യമായ നബിവചനങ്ങളെപ്പോലും തിരസ്കരിക്കുന്ന വർത്തമാനകാല സംഭവങ്ങൾ ബുദ്ധിപൂജയുടെ പരിണിതഫലമാണെന്ന് ലോകം തിരിച്ചറിയേണ്ടതുണ്ട്.

അന്ധമായ അനുകരണത്തെ ആദ്യം മുതൽക്കുതന്നെ സലഫികൾ എതിർത്ത് പോന്നിട്ടുണ്ട്. എന്നാൽ, പ്രമാണബദ്ധമായി പണ്ഡിതൻമാർ ഒരു കാര്യം പറഞ്ഞാൽ അതിനെ പിൻപറ്റുന്നതിനെ സലഫികൾ എതിർത്തിട്ടുമില്ല. സലഫിയ്യത്തിന്റെ ആദർശ നയനിലപാടുകളാണ് കേരളത്തിലെ മുജാഹിദുകൾ പിന്തുടരുന്നത്. അത് ഏതു വിഷയമാണെങ്കിലും ശരി. സലഫിയ്യത്തിനോടും അതിന്റെ ആശയനിലപാടുകളോടും അസ്പൃശ്യത പുലർത്തുകയും സലഫിയ്യത്തിനെ ഒരു ഇസമായി ചുരുട്ടിക്കെട്ടാൻ പരിശ്രമിക്കുകയും ചെയ്യുന്നവർ യഥാർഥ മുജാഹിദുകളല്ല.

ചുരുക്കത്തിൽ, ഇസ്‌ലാമിന്റെ പര്യായമാണ് സലഫിയ്യത്ത്. ഇസ്‌ലാം പഠിപ്പിക്കാത്ത ഒന്നും സലഫികൾ ലോകത്തോട് പറയുന്നില്ല. ഇസ്‌ലാമിന്റെ അധ്യാപനങ്ങളിൽ ഒന്നിനെയും അവർ തള്ളിക്കളയുന്നുമില്ല. അതു കൊണ്ടു തന്നെ, സ്വർഗത്തിലേക്കുള്ള ഒറ്റവരിപ്പാതയാണത്. ആ പാതയിൽ അണിചേരാൻ അല്ലാഹു അനുഗ്രഹിക്കട്ടെ. ●

## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road
Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

ഹാരിസ്ബിൻ സലീം
harisbinsaleem@gmail.com

ശാന്തിഗേഹം

# മദ്യപനായ പിതാവ്

*ചോദ്യം: പ്രവാസം അവസാനിപ്പിച്ച് വിശ്രമ ജീവിതം നയിക്കുന്ന എന്റെ പിതാവ് സ്ഥിരം മദ്യപാനിയാണ്. മറ്റു വരുമാന മാർഗങ്ങളൊന്നുമില്ലാത്ത അദ്ദേഹം വീട്ടുചെലവിലേക്ക് (അദ്ദേഹത്തിന്) ഞാൻ അയച്ചുകൊടുക്കുന്ന പണത്തിൽനിന്നും വിഹിതമെടുത്താണ് മദ്യപിക്കുന്നത് എന്നതിനാൽ ഞാൻ കുറ്റക്കാരനാകുമോ?*

മറുപടി: അല്ലാഹു താങ്കളുടെ പിതാവിനെ സന്മാർഗത്തിലാക്കുകയും തെറ്റായ പ്രവർത്തനങ്ങളിൽ നിന്ന് വിട്ടുനിൽക്കാൻ അനുഗ്രഹം നൽകുകയും ചെയ്യുമാറാകട്ടെ. താങ്കളും അദ്ദേഹവുമായി ബന്ധപ്പെട്ട മറ്റുള്ളവരും അനുഭവിക്കുന്ന പ്രയാസങ്ങൾക്ക് അല്ലാഹു മതിയായ പ്രതിഫലം നൽകുകയും ചെയ്യട്ടെ.

മദ്യപാനവും മറ്റു ലഹരിവസ്തുക്കളുടെ ഉപയോഗവും ഗുരുതരമായ പാപമാണ്. വിശുദ്ധ ക്വുർആനിൽ അല്ലാഹു വിരോധിച്ച കാര്യമാണ് മദ്യം.

“സത്യവിശ്വാസികളേ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നം വെച്ച് നോക്കാനുള്ള അമ്പുകളും പൈശാചികമായ മ്ലേച്ഛവൃത്തി മാത്രമാകുന്നു. അതിനാൽ നിങ്ങൾ അതൊക്കെ വർജിക്കുക. നിങ്ങൾക്ക് വിജയം പ്രാപിക്കാം” (5:90).

തിന്മകളുടെ മാതാവെന്നു വിശേഷിപ്പിക്കപ്പെടുന്ന മദ്യം മനുഷ്യനെ എല്ലാ തിന്മകളിലേക്കും എത്തിക്കും. മദ്യപിക്കാൻ പണം ലഭിക്കാൻ അയാൾ മോഷ്ടിക്കും. ഭാര്യയുമായി പിണങ്ങിയാൽ അയാൾ വ്യഭിചരിച്ചേക്കും. ലഹരിയിൽ വഴക്കടിക്കുമ്പോൾ അയാൾ കൊല നടത്തിയേക്കും. ഉത്തരവാദിത്തങ്ങൾ നിർവഹിക്കുന്നതിൽ വീഴ്ച വരുത്തും. ഇങ്ങനെ എല്ലാ തെറ്റുകളിലേക്കും ഒരാളെ എത്തിക്കാൻ ലഹരിക്ക് കഴിയും. അല്ലാഹു വിരോധിച്ച കാര്യമായതുകൊണ്ട് തന്നെ ജീവിതത്തിൽ പലരൂപത്തിൽ പ്രതികൂലത സൃഷ്ടിക്കും. മദ്യപൻ വേണ്ടെന്നുവെച്ചാലും ഒഴിവാക്കാൻ കഴിയാത്ത വിധത്തിലുള്ള അഡിക്ഷൻ അതുണ്ടാക്കുന്നു. മദ്യപരായ സുഹൃത്തുക്കളും മദ്യഷോപ്പുകളും മാത്രമല്ല മദ്യക്കുപ്പികൾ കാണുന്നതു പോലും മദ്യപനെ വീണ്ടും മദ്യത്തിലേക്കെത്തിക്കുന്നു!

ജീവിതത്തിൽ ഒരു ‘കമ്പനിക്ക്’ വേണ്ടിയോ നിർബന്ധത്തിന് വഴങ്ങിയോ ആഘോഷവേളകളിലോ ആദ്യമായി മദ്യപിക്കുന്നവർ പിന്നീട് പൂർണ മദ്യപരായി ത്തീരുന്നു. ഇത്തരം പ്രതിബന്ധങ്ങളിൽ പെട്ടു പോയവരെ രക്ഷപ്പെടുത്താൻ ശ്രമിക്കലാണ് എപ്പോഴും ശാശ്വത പരിഹാരം. സ്നേഹത്തോടെയുള്ള പെരുമാറ്റത്തിലൂടെയും മതിയായ ചികിത്സയിലൂടെയും അവരെ തിരിച്ചുകൊണ്ടുവരാൻ കഴിയും. ഡി അഡിക്ഷൻ സെന്ററുകൾ അതിന് സഹായിക്കും.

ഇത്തരക്കാരിൽ പെട്ട പിതാവിനോട് താങ്കൾ ചെയ്യേണ്ട കാര്യം ചുരുക്കിപ്പറയാം.

1. ഫലപ്രദമായ മാർഗങ്ങളിലൂടെ അദ്ദേഹത്തെ സന്മാർഗത്തിലേക്ക് തിരികെ കൊണ്ടുവരാൻ ശ്രമിക്കണം.

2. അദ്ദേഹത്തിന്റെ തിന്മകൾ ഒരു നിലയ്ക്കും മറ്റുള്ളവരിലേക്ക് പടരാതെ സൂക്ഷിക്കണം. അദ്ദേഹത്തെ വെടിഞ്ഞുനിൽക്കുക എന്നതുകൊണ്ട് മാത്രം ഫലം കിട്ടിക്കൊള്ളണമെന്നില്ല. മദ്യപിക്കാൻ ഉപയോഗിക്കും എന്ന് ഉറപ്പുണ്ടെങ്കിൽ പണം കൊടുക്കരുത്. കാരണം നന്മയിലും ഭക്തിയിലും മാത്രമെ സഹകരിക്കാവൂ എന്ന് അല്ലാഹു പറയുന്നുണ്ട്. (ക്വുർആൻ 5:2).

അപ്പോൾ മദ്യം വാങ്ങാൻ കാശ് നൽകാൻ പാടില്ല. എന്നാൽ അദ്ദേഹത്തെ ആശ്രയിച്ച് ജീവിക്കുന്നവർക്കും അദ്ദേഹത്തിനും ഭക്ഷണവും മറ്റ് ജീവിതാവശ്യങ്ങളും നിറവേറ്റിക്കൊടുക്കുന്നതിൽ വീഴ്ച വരുത്തരുത്.

കഴിയാവുന്ന മാർഗങ്ങളെല്ലാം അദ്ദേഹത്തെ തിരിച്ചുകൊണ്ടുവരാൻ സ്വീകരിക്കണം. അതോടൊപ്പം താങ്കൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ:

1. അദ്ദേഹത്തിൽ സ്വാധീനം ചെലുത്താൻ കഴിയുന്ന ബന്ധുക്കളോ സുഹൃത്തുക്കളോ പണ്ഡിതന്മാരോ ആരെങ്കിലും ഉണ്ടെങ്കിൽ അവരെ ഉപയോഗിച്ച് മാറ്റിയെടുക്കാൻ ശ്രമിക്കണം.

2. വീട്ടിലുള്ള കുട്ടികൾ, ബന്ധുക്കൾ മുതലായവരെ അദ്ദേഹത്താൽ സ്വാധീനിക്കപ്പെടാത്തവിധം അകറ്റി നിർത്തണം.

3. അദ്ദേഹത്തെ മദ്യപാനത്തിൽ പിടിച്ചു നിർത്തുന്ന സുഹൃത്തുക്കൾ, സഹായികൾ എന്നിവരെ കണിശമായി അദ്ദേഹത്തിൽനിന്നും അകറ്റിനിർത്താൻ ശ്രദ്ധിക്കണം.

4. മതബോധം നൽകുന്ന മതപഠനവേദികൾ, ഫലപ്രദമായ ചികിത്സാകേന്ദ്രങ്ങൾ എന്നിവ പ്രയോജനപ്പെടുത്തുക.

5. അദ്ദേഹത്തിന്റെ തിന്മയെ ശക്തമായി വെറുക്കുന്നതോടൊപ്പം പിതാവെന്ന നിലയ്ക്ക് സ്നേഹത്തോടെയും കാരുണ്യത്തോടെയും പെരുമാറി പരമാവധി മനസ്സ് മാറ്റിയെടുക്കാൻ പരിശ്രമിക്കുക. കാരണം പിതാവിനോടുള്ള നന്മ ഇസ്‌ലാമിൽ നിർബന്ധമാണ്. എന്നാൽ അല്ലാഹുവിന്റെ തൃപ്തിക്ക് വിരുദ്ധമായി ഒരാളുടെ തൃപ്തി ആഗ്രഹിക്കരുത്. ‘ജനങ്ങളുടെ തൃപ്തിക്കു വേണ്ടി അല്ലാഹുവിനെ കോപിപ്പിക്കുന്നവനെ അല്ലാഹു ജനങ്ങൾക്ക് ഏൽപിച്ചുകൊടുക്കും’ എന്ന പ്രവാചക വചനം ഓർക്കുക.

6. താങ്കളും അടുത്ത ബന്ധുക്കളും അയാളുടെ മനസ്സ് മാറാൻ ആത്മാർഥമായി പ്രാർഥിക്കുക.

അഷ്‌റഫ് എകരൂൽ
ashrafekarul@gmail.com





# തുടക്കം നന്നായാൽ...

സന്താനങ്ങളെ സംബന്ധിച്ച് സ്രഷ്ടാവ് പഠിപ്പിച്ച ചില കാര്യങ്ങളാണ് മുൻലക്കങ്ങളിൽ നാം മനസ്സിലാക്കിയത്. ഇവ ഉൾക്കൊണ്ട് വേണം രക്ഷിതാവ് പാരന്റിംഗ് ദൗത്യത്തിലേക്ക് കടക്കാൻ. കാല,ദേശ വ്യത്യാസങ്ങളില്ലാത്തവനിൽ നിന്നുള്ള അറിവാണ് അവ എന്നതിനാൽ തന്നെ അവയെ പരിഗണിക്കാതെ വിജയകരമായ ഒരു ഇസ്‌ലാമിക പാരന്റിംഗ് അസാധ്യമാണ്.

എവിടെ തുടങ്ങും? സ്വാഭാവികമായതാണ് ഈ ചോദ്യം. നിങ്ങൾ ഉള്ളിടത്ത് നിന്ന് എന്നതാണ് ശരിയുത്തരം. നിങ്ങൾ ആരുമാവാം. അവിവാഹിതൻ/അവിവാഹിത/നവദമ്പതികൾ അല്ലെങ്കിൽ രക്ഷിതാക്കൾ. അറിഞ്ഞേടത്ത് വെച്ച് തിരുത്തിത്തുടങ്ങുകയെന്നതാണ് ഏത് വിഷയത്തിലും ഇസ്‌ലാമിന്റെ കാഴ്ചപ്പാട്. നഷ്ടങ്ങളുടെ വിലാപകാവ്യമല്ല, അവസരങ്ങളുടെ ഉപയോഗമാണ് ജീവിതം.

തുടക്കം നന്നാക്കിയാൽ, നേരത്തെയാക്കിയാൽ തീർച്ചയായും വിളവെടുപ്പും നന്നാക്കാം; നേരത്തെയാക്കാം. നല്ല മുന്നൊരുക്കങ്ങൾ ഈ ദൗത്യയാത്രയിലെ യാതനകളെയും വേദനകളെയും ലഘുവാക്കിത്തരും എന്നതാണ് വാസ്തവം. മനുഷ്യപ്രകൃതിയോട് ഇണങ്ങുന്ന നിയമങ്ങളും നിർദേശങ്ങളും നൽകി മനുഷ്യജീവിതം സുരക്ഷിതവും സമാധാനപൂർവവുമാക്കിയ അല്ലാഹു, പാരന്റിംഗിന്റെ അടിത്തറ മികവുറ്റതാക്കുവാൻ നൽകിയ മാർഗനിർദേശങ്ങളോരോന്നും ഏതൊരു ഭൗതികപഠനങ്ങളെയും പിന്നിലാക്കുന്നതും കുറ്റമറ്റതുമാണ്. അവയിൽ ചിലത് നമുക്ക് പരിശോധനക്ക് വിധേയമാക്കാം.

1. തെരഞ്ഞെടുപ്പ് നന്നാക്കുക: നല്ല സന്താനത്തെ സ്വപ്നം കാണുന്നവരുടെ മുമ്പിലുള്ള പ്രഥമ ചുവടുവെപ്പ് ജീവിതപങ്കാളിയെ തെരഞ്ഞെടുക്കുന്നേടത്ത് കൂടുതൽ ജാഗ്രതയും ശ്രദ്ധയും പുലർത്തുകയും ദൈവിക നിർദേശങ്ങളെ പരിഗണിക്കുകയും ചെയ്യുകയെന്നതാണ്. ഈ വഴി

യിൽ ഇസ്‌ലാം നൽകുന്ന വെളിച്ചത്തിന് മുന്നിൽ ഒട്ടും അവ്യക്തതകൾ കാണാൻ സാധ്യമല്ല. ആഇശ ﷺയിൽ നിന്ന് നിവേദനം: നബിﷺ പറഞ്ഞു: 'നിങ്ങളുടെ ബീജത്തിന് വേണ്ടി നല്ല തെരഞ്ഞടുപ്പ് നടത്തുക' (ഇബ്നുമാജ, ഹാകിം).

ഈ അർഥത്തിലുള്ള ഒന്നിലധികം നിവേദനങ്ങൾ വ്യത്യസ്ത സാഹചര്യങ്ങളിൽ നബിﷺ പറഞ്ഞതായി ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. തെരഞ്ഞെടുപ്പിന്റെ മാനദണ്ഡങ്ങൾ കൂടി ശ്രദ്ധിക്കുകയെന്നതാണ് വിശ്വാസിയുടെ ബാധ്യത. നബിﷺ അരുളി: 'നാലു കാര്യങ്ങൾക്കാണ് ഒരു സ്ത്രീ വിവാഹം ചെയ്യപ്പെടാറുള്ളത്; അവളുടെ സമ്പത്ത്, കുടുംബം, സൗന്ദര്യം, മതനിഷ്ഠ എന്നിവയാണവ. നീ മതനിഷ്ഠയുള്ളവരെ തെരഞ്ഞടുത്ത് വിജയം പ്രാപിക്കുക; നിന്റെ കയ്യിൽ മണ്ണ് പുരണ്ടാലും'(ബുഖാരി).

'ദാരിദ്ര്യം അനുഭവിക്കേണ്ടി വന്നാലും' എന്നാണ് 'മണ്ണ് പുരളേണ്ടി വന്നാലും' എന്നതിന്റെ വിവക്ഷയെന്ന് പണ്ഡിതന്മാർ രേഖപ്പെടുത്തിയതായി കാണാം. മറ്റൊരു ഹദീഥിൽ ഇപ്രകാരം കാണാം: 'മതവും സ്വഭാവവും തൃപ്തികരമായ (നിലയിൽ) ഒരാൾ വിവാഹമന്വേഷിച്ച് വന്നാൽ നിങ്ങൾ അവന്നു വിവാഹം ചെയ്ത് കൊടുക്കുക. അല്ലാത്ത പക്ഷം ഭൂമിയിൽ വ്യാപകമായ തോതിൽ കുഴപ്പങ്ങൾ ഉണ്ടാകും"(തിർമിദി).

'ബഹുദൈവാരാധകർക്കും വ്യഭിചാരികൾക്കും തത്തുല്യരായവരാണ് അനുയോജ്യമാവുക'യെന്ന ക്വുർആനിന്റെ പ്രഖ്യാപനത്തിൽ (24:3) വിശ്വാസവും ആദർശവും ജീവിതപങ്കാളിയുടെ തെരെഞ്ഞെടുപ്പിൽ മുഖ്യ അളവുകോലാകേണ്ടതിന്റെ ആവശ്യകത വിളിച്ചോതുന്നുണ്ട്. ഇണയാവാൻ പറ്റുമോ എന്ന അന്വേഷണത്തോടൊപ്പം മക്കളുടെ ഉപ്പയാകാൻ, ഉമ്മയാകാൻ കൂടി പറ്റുമോ എന്ന അധിക ചോദ്യവും കൂടി തെരെഞ്ഞടുപ്പ് നേരത്തു വിശ്വാസിക്ക് അനിവാര്യമാണെന്നർഥം. അല്ലാഹു പറയുന്നു: 'ദുഷിച്ച സ്ത്രീകൾ ദുഷിച്ച പുരുഷന്മാർക്കും ദുഷിച്ച പുരുഷന്മാർ ദുഷിച്ച സ്ത്രീകൾക്കുമാകുന്നു. നല്ല സ്ത്രീകൾ നല്ല പുരുഷന്മാർക്കും നല്ല പുരുഷന്മാർ നല്ല സ്ത്രീകൾക്കും ഉള്ളതാകുന്നു'(24:26).

നല്ല സന്താനങ്ങളുടെ അനിവാര്യത ബോധ്യപ്പെടുത്തുന്ന പ്രവാചകൻﷺ കുടുംബ പരിപാലനത്തിന് കഴിവുറ്റ പങ്കാളിയുണ്ടാവേണ്ട അനിവാര്യത മനസ്സിലാക്കിത്തരുന്നുണ്ട്.

അനസ് ബിൻ മാലിക് ﷺൽ നിന്ന് നിവേദനം: നബി തിരുമേനിﷺ പറഞ്ഞു: 'നിങ്ങൾ കൂടുതൽ പ്രസവിക്കുന്ന, നന്നായി സ്നേഹിക്കുന്നവരെ വിവാഹം കഴിക്കുക. ഉയർത്തെഴുന്നേൽപിന്റെ നാളിൽ തീർച്ചയായും മറ്റു സമൂഹങ്ങൾക്ക് മുമ്പിൽ നിങ്ങളുടെ ആധിക്യം കൊണ്ട് ഞാൻ അഭിമാനിക്കും' (ഇബ്നു ഹിബ്ബാൻ).

അതിനാൽ നല്ല തെരഞ്ഞടുപ്പ് പ്രധാനം തന്നെയാണ്. കൃഷിക്കാരൻ നല്ല മണ്ണ് തേടുന്നത് അത്യാർത്തിയോ അനാവശ്യമോ അല്ല, മറിച്ച് ലക്ഷ്യപ്രാപ്തിക്കായുള്ള ഉറച്ച കാൽവെപ്പാണ്.

2. സന്താനലബ്ധിക്കായുള്ള പ്രതീക്ഷയും പ്രാർഥനയുമായി ആരംഭിക്കുക. മനുഷ്യന്റെ ലൈംഗിക പൂർത്തീകരണത്തിന് അനുവദനീയ മാർഗമാണ് വിവാഹമെന്നതോടൊപ്പം തന്നെ മനുഷ്യവംശത്തിന്റെ തുടർച്ച കൂടി അതിന്റെ ലക്ഷ്യമാണ്.

അല്ലാഹു പറയുന്നു: 'അല്ലാഹു നിങ്ങൾക്ക് നിങ്ങളുടെ കൂട്ടത്തിൽ നിന്ന് തന്നെ ഇണകളെ ഉണ്ടാക്കുകയും നിങ്ങളുടെ ഇണകളിലൂടെ നിങ്ങൾക്കവൻ പുത്രന്മാരെയും പൗത്രന്മാരെയും ഉണ്ടാക്കിത്തരികയും ചെയ്തു"(16:72).

മധുരനാളുകളിൽ തന്നെ സച്ചരിതരായ സന്താനങ്ങളെ കുറിച്ചുള്ള ആശയും പ്രാർഥനയും ഉണ്ടാകണമെന്നാണ് ഇതിന്റെ താൽപര്യം. പ്രവാചകന്മാരുടെ മാതൃക കൂടിയാണത്. സകരിയ്യ നബി ﷺയുടെ പ്രാർഥന കാണുക: 'അവിടെ വെച്ച് സകരിയ്യ തന്റെ രക്ഷിതാവിനോട് പ്രാർഥിച്ചു: എന്റെ രക്ഷിതാവേ, എനിക്ക് നീ നിന്റെ പക്കൽ നിന്ന് ഒരു ഉത്തമ സന്താനത്തെ നൽകേണമേ. തീർച്ചയായും നീ പ്രാർഥന കേൾക്കുന്നവനാണല്ലോ..."(3:38). ഇമാം ക്വുർത്വുബി ഈ സൂക്തം വിശദീകരിച്ചു കൊണ്ട് പറയുന്നു: 'കുഞ്ഞിനെ ആവശ്യപ്പെടുകയെന്നത് ദൈവദൂതന്മാരുടെയും സത്യവാന്മാരുടെയും ചര്യയാണെന്നതിന് ഇത് തെളിവാണ്.' ആരോഗ്യം ക്ഷയിച്ച് തുടങ്ങുകയും പ്രായം കൂടിവരികയും ചെയ്താൽ പോലും സന്താനങ്ങൾക്ക് വേണ്ടിയുള്ള ആശയും പ്രാർഥനയും കൈവിടാൻ പാടില്ലെന്ന സൂചന കൂടിയുണ്ട് സകരിയ്യ നബിﷺയുടെ പ്രാർഥനയിൽ.

'ദൈവിക മാർഗത്തിൽ ധർമസമരത്തിന് പാകമാകുന്ന മക്കളെ തേടൽ' എന്ന ഒരു അധ്യായം തന്നെ സ്വഹീഹുൽ ബുഖാരിയിൽ ഉണ്ട്. ഇണകൾ ശാരീരിക ബന്ധത്തിൽ ഏർപ്പെടുന്നത് (കേവല ലൈംഗിക ആസ്വാദനത്തിന്നപ്പുറം) ദൈവാനുഗ്രഹത്തിന്റെ ചൈതന്യമുള്ളതും പൈശാചികതയുടെ കരസ്പർശനമേൽക്കാത്തതുമായ കുഞ്ഞുങ്ങൾക്ക് വേണ്ടിയുള്ള പ്രാർഥനയോടും അല്ലാഹുവിന്റെ നാമം സ്മരിച്ചു കൊണ്ടുമാവണം എന്ന് കൂടി നബിﷺ പഠിപ്പിച്ചിട്ടുണ്ട്.

ഇബ്നു അബ്ബാസ്ﷺവിൽ നിന്ന് നിവേദനം: നബിﷺ പറഞ്ഞു: "നിങ്ങളിൽ നിന്ന് ആരെങ്കിലും തന്റെ കുടുംബത്തെ (ഇണയെ) സമീപിക്കാൻ ഉദ്ദേശിക്കുകയും എന്നിട്ട് അവൻ 'അല്ലാഹുവിന്റെ നാമത്തിൽ (ബിസ്മില്ലാഹ്), അല്ലാഹുവേ, ഞങ്ങളിൽ നിന്നും ഞങ്ങൾക്ക് നീ നൽകുന്നതിൽ നിന്നും പിശാചിനെ നീ അകറ്റേണമേ' എന്ന് പ്രാർഥിക്കുകയും ചെയ്യതാൽ ആ ബന്ധത്തിൽ അല്ലാഹു അവർക്ക് കുഞ്ഞിനെ വിധിച്ചാൽ ഒരിക്കലും പിശാച് അവനെ ഉപദ്രവിക്കുകയില്ല' (ബുഖാരി, മുസ്‌ലിം).

ചലനങ്ങൾ

## എം.എസ്.എം
## പരീക്ഷാ ശിൽപശാല സമാപിച്ചു

കോഴിക്കോട്: വിസ്ഡം ഗ്ലോബൽ ഇസ്ലാമിക് മിഷന്റെ ഭാഗമായി എം.എസ്.എം സംസ്ഥാന കമ്മിറ്റിയുടെ കീഴിൽ സ്കൂൾ വിംഗ് സംഘടിപ്പിച്ച എൻറിച്ച് പരീക്ഷാ ബോധവൽകരണ ശിൽപശാല സംസ്ഥാനത്തെ തെരഞ്ഞെടുത്ത നൂറോളം കേന്ദ്രങ്ങളിൽ നടന്നു.

സംസ്ഥാന സ്കൂൾ വിംഗ് കൺവീനർ വലീദ് വേങ്ങര, പി. റസീൽ, ഡാനിഷ് കൊയിലാണ്ടി, നിയാസ് മൂത്തേടം, മുഹമ്മദ് ശാഫി കൂറ്റനാട്, സുൽഫീക്കർ പാലക്കാട്, ഹുസ്നി മുബാറക് എറണാകുളം, അൽസാദ് തിരുവനന്തപുരം എന്നിവർ നേതൃത്വം നൽകി.

ശിൽപശാലയുടെ സംസ്ഥാനതല ഉദ്ഘാടനം പെരിന്തൽമണ്ണ വ്യാപാരഭവനിൽ അബ്ദുൽ ഹമീദ് എം.എൽ.എ നിർവഹിച്ചു. ജില്ല കൺവീനർ ജിംഷാദ് സലഫി ആധ്യക്ഷ്യം വഹിച്ചു.

## പ്രൊഫ്കോൺ പ്രചാരണ സംഗമം ചെന്നൈയിൽ സമാപിച്ചു

ചെന്നൈ: എം.എസ്.എം സംസ്ഥാന സമിതി 2017 മാർച്ച് 10,11,12 തീയതികളിൽ പാലക്കാട്ട് സംഘടിപ്പിക്കുന്ന പ്രൊഫ്കോണിന്റെ പ്രചാരണ സംഗമം സംസ്ഥാന വൈസ് പ്രസിഡന്റ് പി.പി നസീഫ് ഉദ്ഘാടനം ചെയ്തു. ആദിൽ ഷെർഹാൻ കൊല്ലം ആധ്യക്ഷ്യം വഹിച്ചു. ഫെബ്രുവരി 26ന് ആൽവാർ പേട്ടയിൽ നടക്കുന്ന ചെന്നൈ സ്റ്റുഡൻസ് മീറ്റിന് യോഗം അന്തിമരൂപം നൽകി.

പ്രൊഫ്കോണിന്റെ ഭാഗമായി വിവിധ കോളേജുകളിൽ വിദ്യാർഥി സംഗമം, ലഘുലേഖ വിതരണം തുടങ്ങിയവ നടക്കും. അബ്ദുറഷീദ്, നൗഫൽ, അശ്റഫ്, സിറാജുദ്ദീൻ, ജസീൽ, ഹാരിഫ്, കെ.മുഹമ്മദ് ശാഫി, മുഹമ്മദ് നസീർ സ്വലാഹി, കെ.ആശിക്, തമാം അശ്റഫ് പ്രസംഗിച്ചു.

# സമുദായ പ്രശ്നങ്ങളെ ഒറ്റക്കെട്ടായി നേരിടണം: മുജാഹിദ് ആദർശ സമ്മേളനങ്ങൾ

**എടവണ്ണ:** രാജ്യത്തിന്റെ പൊതുതാൽപര്യങ്ങളെയും പൗരന്റെ അടിസ്ഥാന സ്വാതന്ത്ര്യത്തെയും പരിഗണിക്കാത്ത തരത്തിലുള്ള ഭരണപരിഷ്കാരങ്ങളും നിയമ നടപടികളും ഗുണത്തെക്കാളേറെ ദോഷമേ വരുത്തി വെക്കൂ എന്നും ഇതിനായി അനുവദനീയ മാർഗങ്ങളിലൂടെയുള്ള ചെറുത്ത്നിൽപ് അനിവാര്യമാണെന്നും ഇതിനെതിരെ സമുദായം ഒറ്റക്കെട്ടായി മുന്നിട്ടിറങ്ങണണമെന്നും എടവണ്ണ ഏരിയാ മുജാഹിദ് ആദർശ സമ്മേളനം അഭിപ്രായപ്പെട്ടു.

മതസ്വാതന്ത്ര്യത്തിന് നേരെയുള്ള ബോധപൂർവമായ ശ്രമങ്ങളെയും പ്രബോധന സ്വാതന്ത്ര്യത്തെ നിഷ്കാസനം ചെയ്യുന്ന രൂപത്തിലുള്ള ആഭ്യന്തര നടപടികളെയും തിരുത്താനുള്ള ശ്രമങ്ങളിൽ സമുദായത്തിന്റെ ശബ്ദം ഭിന്നിച്ച് പോവരുതെന്നും ആദർശപരമായ അഭിപ്രായ വ്യതിരിക്തതകൾ നിലനിർത്തിക്കൊണ്ട് തന്നെ ഇത്തരം സന്ദർഭങ്ങളിൽ സമുദായ സംഘടനകൾ ഒന്നിച്ച് നിൽക്കണമെന്നും എന്നാൽ ആദർശപരമായ വിശ്വാസ്യതയും വ്യക്തതയും സത്യസന്ധതയും ബലി കഴിച്ചു കൊണ്ടുള്ള കൂട്ടായ്മകൾ വ്യർഥമാണെന്നും സമ്മേളനം അഭിപ്രായപ്പെട്ടു.

വിസ്ഡം ഗ്ലോബൽ ഇസ്ലാമിക് മിഷൻ വൈസ് പ്രസി. കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ സമ്മേളനം ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ടി.കെ അശ്റഫ്, വൈസ് പ്രസി. അബൂബക്കർ സലഫി, ജാമിഅ അൽ ഹിന്ദ് ഡയറക്ടർ ഫൈസൽ മൗലവി പുതുപ്പറമ്പ്, സിറാജുൽ ഇസ്ലാം ബാലുശ്ശേരി, പി.വി അബ്ദുൽ ജലീൽ, മുഹമ്മദ് മുസ്തഫ മദനി, എം.എസ്.എം പ്രസിഡന്റ് മുനവ്വർ സ്വലാഹി, നിസാർ സ്വലാഹി, ടി.പി അബ്ദുറഹ്മാൻ, റഫീഖ് സലഫി തുടങ്ങിയവർ പ്രസംഗിച്ചു.

**എടത്തനാട്ടുകര:** പൗരസ്വാതന്ത്ര്യത്തെ ഹനിക്കും വിധം ഭരണകൂടം കാണിക്കുന്ന ഏകാധിപത്യ നിലപാടുകൾക്കും നീതി നിഷേധത്തിനുമെതിരെ പൊതു സമൂഹത്തിന്റെ നിയമവിധേയമായ ചെറുത്തുനിൽപ് അനിവാര്യമാണെന്നും ഇതിന്നായി സമുദായം ഒന്നിച്ചു നിൽക്കണമെന്നും എടത്തനാട്ടുകര കോട്ടപ്പള്ളയിൽ നടന്ന ഏരിയ മുജാഹിദ് സമ്മേളനം അഭിപ്രായപ്പെട്ടു.

വിസ്ഡം ഗ്ലോബൽ ഇസ്ലാമിക് മിഷന്റെ ഭാഗമായി ദഅ്വ സമിതി, ഐ.എസ്.എം, എം.എസ്.എം എടത്തനാട്ടുകര അലനല്ലൂർ മണ്ഡലം സമിതികൾ സംയുക്തമായി 'ഐക്യം യാഥാർഥ്യമാകാൻ' എന്ന പ്രമേയത്തിൽ സംഘടിപ്പിച്ച സമ്മേളനം കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ സമ്മേളനം ഉദ്ഘാടനം ചെയ്തു.

ദഅ്വ സമിതി ജില്ല ചെയർമാൻ ഹംസക്കുട്ടി സലഫി ആധ്യക്ഷ്യം വഹിച്ചു. വിസ്ഡം ഗ്ലോബൽ ഇസ്ലാമിക് മിഷൻ ജനറൽ കൺവീനർ ടി.കെ അശ്റഫ്, ജാമിഅ അൽ ഹിന്ദ് ഡയറക്റർ ഫൈസൽ മൗലവി പുതുപ്പറമ്പ്, റഷീദ് കൊടക്കാട്ട് എന്നിവർ പ്രഭാഷണം നടത്തി.

അബ്ദുൽ ഹമീദ് ഇരിങ്ങൽതൊടി, മുഹമ്മദ്കുട്ടി മാസ്ററർ, കെ.പി കുഞ്ഞിപ്പ, എം.അബ്ദുസ്സമദ്,

ഹംസ മാടശ്ശേരി. പി.കെ അബ്ദുൽ ജലീൽ, എം. സുധീർ ഉമർ, ടി.കെ മുഹമ്മദ് മാസ്റ്റർ പ്രസീഡിയം നിയന്ത്രിച്ചു. സാദിക് ബിൻ സലീം, എം.മുഹമ്മദ് പാഷ, ശരീഫ് കാര സംസാരിച്ചു.

**തൊടുപുഴ:** മൗലികാവകാശങ്ങളെ ഹനിക്കാനുള്ള ഗൂഢനീക്കങ്ങളെ മതനിരപേക്ഷസമൂഹം ഒന്നിച്ചു ചെറുക്കണമെന്ന് ഇടുക്കി ജില്ലാ ആദർശ സമ്മേളനം ആഹ്വാനം ചെയ്തു. സി. പി സലീം ഉദ്ഘാടനം ചെയ്തു.

ടി.എം ആസാദ് ആധ്യക്ഷ്യം വഹിച്ചു. ശമീർ മദീനി, കെ.കെ ശംസുദ്ദീൻ, എം. എം നിഷാദ് പ്രസംഗിച്ചു.

## മുസ്‌ലിം രാജ്യങ്ങൾക്ക് വിലക്കേർപ്പെടുത്തിയ നടപടി മനുഷ്യാവകാശ ലംഘനം

തൃശൂർ: ഏഴ് മുസ്‌ലിം രാജ്യങ്ങൾക്കും അഭയാർഥികൾക്കും വിലക്കേർപ്പെടുത്തിക്കൊണ്ടുള്ള അമേരിക്കൻ പ്രസിഡന്റിന്റെ ഉത്തരവ് അമേരിക്കൻ കുടിയേറ്റ നിയമവിരുദ്ധവും മനുഷ്യാവകാശ ലംഘനവുമാണെന്ന് കൊപ്രക്കളത്ത് വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷന്റെ ഭാഗമായി സംഘടിപ്പിച്ച തൃശൂർ ജില്ല മുജാഹിദ് ആദർശ സമ്മേളനം പ്രസ്താവിച്ചു.

വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ സംസ്ഥാന വൈസ് ചെയർമാൻ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ ഉദ്ഘാടനം ചെയ്തു. സംസ്ഥാന ജനറൽ കൺവീനർ ടി.കെ അശ്റഫ് മുഖ്യ പ്രഭാഷണം നടത്തി. ശിഹാബ് എടക്കര, അശ്റഫ് സുല്ലമി, ഹാരിസ് ആറ്റൂർ, ഹാരിസ് കൊടുങ്ങല്ലൂർ, വി.എം റിയാസ്, വി.എച്ച് ഹുസൈൻ, ജുനൈസ് എന്നിവർ പ്രസംഗിച്ചു. കാസിം ചൊവ്വല്ലൂർപടി സ്വാഗതവും അബ്ദുറഹ്മാൻ മാസ്റ്റർ നന്ദിയും പറഞ്ഞു.


peaceradio
Tune to reality

**ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ**

**ആരോഗ്യ വിചാരം**
**പ്രമേഹം: 3**
**ഡോ.അബ്ദുൽ ജലീൽ, ഡോ.റാം നാരായൺ**
(അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ജനറൽ മെഡിസിൻ എം.ഇ.എസ് മെഡി.കോളേജ്)
13.02.17 തിങ്കൾ 9:00 PM, 11:15 PM
14.02.17 ചൊവ്വ 10:30 AM

**തിരുമൊഴികൾ**
**ഖബറിലെ ചോദ്യം, കെ.വി മുഹമ്മദലി**
13.02.17 തിങ്കൾ, 6:25 AM, 03:10 PM, 10:15 PM

**സവിശേഷം**
**പെയ്ൻ & പാലിയേറ്റീവ് കെയർ സെന്ററുകൾ: 2**
14.02.17 ചൊവ്വ, 9:00 PM,11:15 PM
15.02.17 ബുധൻ, 10:30 AM

**ജീവിത പാഠങ്ങൾ**
**സമ്പത്തും ദാരിദ്ര്യവും ഇസ്‌ലാമിൽ**
**ശമീർ മുണ്ടേരി**
16.02.17 വ്യാഴം, 5:30 PM
17.02.17 വെള്ളി, 11:45 PM

**ജനക്ഷേമം**
**മൃഗസംരക്ഷണ വകുപ്പ് സേവനങ്ങൾ**
**ടി.കെ ഗഫൂർ** (കാലിവസന്ത നിർമാർജന വിഭാഗം ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ പാലക്കാട്)
16.02.17 വ്യാഴം, 9:00 PM, 11:15 PM
17.02.17 വെള്ളി, 10:30 AM

**തജ്‌വീദ് പഠനം**
**സൂറത് മുതഫ്ഫിഫീൻ പാരായണ പഠനം**
**ഹാഫിള് അസ്‌ലം കുവൈത്ത്**
17.02.17 വെള്ളി, 7:45 PM
18.02.17 ശനി, 5:00 PM

**നിയമപാഠം**
**മൗലികാവകാശങ്ങൾ, ഭാഗം: 5**
**അലി മുഹമ്മദ്** (റിട്ട. ജഡ്ജ്)
17.02.17 വെള്ളി, 9:00 PM, 11:15 PM
18.02.17 ശനി, 10:30 AM

**ടീൻസ് ടൈം**
**നന്മയുള്ള വിദ്യാർഥി**
**മുസ്തഫ മദനി**
18.02.17 ശനി, 9:00 PM, 11:15 PM
19.02.17 ഞായർ, 10:30 AM

**സ്മൃതിപഥം**
**തൗഹീദ്: ഇമാം ബുഖാരിയുടെ വാക്കുകൾ**
19.02.17 ഞായർ, 7:20 AM, 5:30 PM
20.02.17 തിങ്കൾ, 11:45 PM

**വഴികാട്ടി**
**പരീക്ഷാഹാളിലെ ടെക്നിക്കുകൾ**
**ബഷീർ വി.പി** (അസി.പ്രൊഫസർ, അൽ അമീൻ എഞ്ചിനിയറിംഗ് കോളേജ്, ഷൊർണൂർ)
19.02.17 ഞായർ, 9:00 PM, 11:15 PM
20.02.17 തിങ്കൾ, 10:30 AM

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code

ഡോ. സി.എം സാബിർ നവാസ്
drsabirnavas@gmail.com



# ഇ. അഹ്മദ് ഇളംതലമുറയോട് പറയുന്നത്

"ഞാൻ വിശ്രമ ജീവിതം ആഗ്രഹിക്കുന്നില്ല. ഒരാൾക്ക് അല്ലാഹു തീരുമാനിച്ചിട്ടുള്ള വിശ്രമം ജീവിതത്തിനു ശേഷമാണ്; അതായത് മരണശേഷം. ദിവസവും എഴുന്നേറ്റ് ഞാൻ അല്ലാഹുവിനോട് പ്രാർഥിക്കുന്നത് രണ്ട് പേർക്കെങ്കിലും സഹായം ചെയ്യാൻ അവസരം ഒരുക്കണേ എന്നാണ്." എട്ട് പതിറ്റാണ്ട് നിറഞ്ഞുനിന്ന ജീവിത യാത്രയിലൊരിക്കൽ ഇ. അഹ്മദ് എന്ന ചരിത്ര പുരുഷൻ മാധ്യമ പ്രവർത്തകരുമായി പങ്കുവെച്ച വാക്കുകളാണ് മുകളിൽ ചേർത്തത്. മനുഷ്യ സേവനം എന്ന മഹത്തായ സന്ദേശം ജീവിതം കൊണ്ട് വരച്ചുവെച്ചാണ് ഈ 79 കാരൻ വിട പറഞ്ഞത്.

ശബ്ദമില്ലാത്തവന്റെ ശബ്ദമായി, ആശ്രയമില്ലാത്തവന്റെ അത്താണിയായി ലോകം മുഴുവൻ ഓടി നടന്ന ഈ കണ്ണൂർക്കാരൻ ഇന്ത്യൻ ജനതയുടെ മനസ്സിൽ മായാത്ത മുഖമായി നിലനിൽക്കുമെന്നതിൽ സംശയമില്ല. കരിപ്പൂർ ഹജ്ജ് ഹൗസിലും കോഴിക്കോട് കടപ്പുറത്തും ആ ചേതനയറ്റ ശരീരം കാണാൻ ചെന്നെത്തിയ പതിനായിരങ്ങളുടെ മുഖത്ത് ഇ. അഹ്മദ് സാഹിബിനോടുള്ള ആദരവും സ്നേഹവും പ്രതിഫലിക്കുന്നുണ്ടായിരുന്നു.

വിദ്യാർഥി ജീവിതത്തിലൂടെ പിച്ചവെച്ച് നിയമസഭയും പാർലമെന്റും കടന്ന് ഐക്യരാഷ്ട്രസഭയുടെ അകത്തളങ്ങളിൽ നീതിക്ക് വേണ്ടി ഗർജിച്ച് ലോകത്തിന്റെ നെറുകയിൽ നട്ടെല്ലുയർത്തി നിന്ന ഈ നേതാവിന്റെ ജീവിതത്തിൽനിന്ന് പൊതുജീവിതത്തിന്റെ ബാലപാഠങ്ങൾ അഭ്യസിക്കാൻ പുതിയ തലമുറ തയ്യാറാകണം. നിമിഷനേരം കൊണ്ട് കൈപ്പിടിയിലൊതുക്കാവുന്ന സൗഭാഗ്യങ്ങൾ സ്വപ്നം കണ്ട് മെയ്യനങ്ങാതെ, ശീതീകരിച്ച വീടും തണുപ്പ് തുപ്പുന്ന വാഹനവും ഇസ്തിരി ചുളിയാത്ത കുപ്പായവുമായി പാർലമെന്ററി ജ്വരം ബാധിച്ച് നടക്കുന്ന പുതിയ തലമുറക്ക് ചില സുപ്രധാന കാര്യങ്ങൾ ഈ കഠിനാധ്വാനിയായ മനുഷ്യ സ്നേഹിയിൽ നിന്ന് പഠിക്കാനുണ്ട്. അന്ത്യശ്വാസം വരെ അവിശ്രമം അശരണർക്കു വേണ്ടി ഓടി നടക്കുകയായിരുന്നു അഹ്മദ് സാഹിബ്.

ഖായിദെ മില്ലത്ത്, ബാഫഖി തങ്ങൾ, പൂക്കോയ തങ്ങൾ എന്നിവരിൽ നിന്ന് ലഭിച്ച ലാളനയും സീതി സാഹിബും സി.എച്ച് മുഹമ്മദ് കോയ സാഹിബും നൽകിയ ശിക്ഷണവുമാണ് ചെറുപ്രായത്തിലേ ചിട്ടയായ രാഷ്ട്രീയ ജീവിതം അഭ്യസിക്കാൻ അഹ്മദ് സാഹിബിന് തുണയായത്. പൊതുപ്രവർത്തനം മത പ്രവർത്തനമായും സേവനം പുണ്യമായും കണ്ട് രാഷ്ട്രീയ ഗുരുക്കൻമാരുടെ ഗോദയിൽ വിദ്യ അഭ്യസിച്ചവന് ചുവടു പിഴച്ചില്ല എന്ന് അഭിമാനത്തോടെ പറയാം.

തൊട്ടതെല്ലാം തങ്കത്തിളക്കമുള്ളതാക്കിയ നേട്ടങ്ങളുടെ പട്ടിക പിൻതലമുറക്ക് വേണ്ടി സമർപ്പിച്ചു കൊണ്ടാണ് ഇ.അഹ്മദ് എന്ന രാഷ്ട്രീയ വടവൃക്ഷം നിലംപതിച്ചത്. എം.എൽ.എ, മന്ത്രി എന്നീ നിലകളിൽ കേരളത്തിനകത്തും എം.പി, കേന്ദ്ര സഹമന്ത്രി എന്നീ നിലകളിൽ ദേശീയ രാഷ്ട്രീയത്തിലും നിറഞ്ഞു നിൽക്കാൻ കഴിഞ്ഞത് ജാട കൊണ്ടും തലക്കനം കൊണ്ടുമായിരുന്നില്ല; കറകളഞ്ഞ മനുഷ്യ സേവനം കൊണ്ട് മാത്രമായിരുന്നു.

ഇന്ത്യയിലെ വ്യത്യസ്ത പ്രദേശങ്ങളിലെ പല പ്രവാസീ വീടുകളിലും അഹ്മദ് സാഹിബിനെ ഓർക്കാതെ പലർക്കും ഒരു നേരം ആഹാരം കഴിക്കാനോ രാത്രി പായയിലേക്ക് തല ചായ്ക്കാനോ കഴിയില്ല. വധശിക്ഷയുടെ വക്കിൽനിന്ന് അഹ്മദിന്റെ പഴുതടച്ച നയതന്ത്ര നീക്കം കൊണ്ട് ജീവിതത്തിന്റെ തീരത്തേക്ക് തിരിച്ചു നീന്തിയ നൂറു നൂറ് ജീവിതങ്ങൾക്ക് എങ്ങനെ അദ്ദേഹത്തെ മറക്കാൻ കഴിയും?

അന്യായമായി, നീണ്ട വർഷങ്ങൾ അറബ് നാടുകളിലെ ജയിറകളിൽ കഴിയേണ്ടിവന്ന അനേകരെ ഈ പൊതു പ്രവർത്തകൻ നേരിട്ട് ഇടപെട്ട് രക്ഷപ്പെടുത്തിയിട്ടുണ്ട്. അവരുടെയും കുടുംബങ്ങളുടെയും അകതാരിൽ നിന്ന് അഹ്മദ് സാഹിബിന്റെ പരലോക മോക്ഷത്തിന് വേണ്ടി പ്രാർഥനകളുയരുമെന്നതിൽ രണ്ട് പക്ഷമില്ല. ഹജ്ജ് യാത്രയുമായി ബന്ധപ്പെട്ട് അദ്ദേഹം നടത്തിയ സേവനങ്ങൾ കാരണം പുണ്യയാത്ര നടത്താൻ കഴിഞ്ഞ ഇന്ത്യക്കാർക്ക് ഇനി ഒരു അഹ്മദ് സാഹിബില്ല എന്ന വേദന ഉള്ളിൽ നീറിക്കിടക്കുകയാണ്.

ഇന്ത്യൻ ജനതക്കു വേണ്ടി ഒരു പുരുഷായുസ്സ് മുഴുവൻ പ്രവർത്തിച്ച ആ നല്ല മനുഷ്യന് അന്ത്യനിമിഷങ്ങളിൽ അർഹിക്കുന്ന നീതിയും പരിഗണനയും ഭരണകൂടത്തിൽനിന്ന് ലഭിച്ചിട്ടില്ല എന്നത് നന്ദി കേടാണെന്നതിൽ സംശയമില്ല.




peaceradio
Tune to reality

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com | radiopeace | peaceradionow | +91 9544795099

RNI NO: KERMAL 2015/64152
Posting at RMS Calicut
Nerpatham Weekly
Published on 11 February 2017
Reg NO: KL/CT/225/2016-18
Price: ₹ 10/-

